# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs.6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം
Pages - 64

വാല്യം – 7 ലക്കം – 10 തുലാം – 1190 നവംബർ 2014






ചൈത്രത്തിന്റെ ഏഴാമത് വാർഷികം ടി. ഡി. എം. ഹാളിൽ ഡെപ്യൂട്ടി മേയർ ബി. ഭദ്ര ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. ഡോ.പ്രകാശ് ചന്ദ്രൻ, പിസിഎസ്ജെ പ്രോജക്റ്റ് മാനേജർ ബിറ്റി ജോസഫ്, പി. രാമചന്ദ്രൻ (വേണു), കെ.പി.കെ.മേനോൻ, ഡോ. മല്ലിക, ഡോ. പി. വിജയലക്ഷ്മി എന്നിവർ വേദിയിൽ.





2014 ഒക്ടോബർ 30 മുതൽ നവംബർ 9 വരെ ടി.ഡി.എം. ഹാളിൽ നടക്കുന്ന സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ ഉപനിഷദ് വിചാരയജ്ഞം ബഹു. ഹൈക്കോടതി ജസ്റ്റീസ് എ. വി. രാമകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. എ. ഗോപാലകൃഷ്ണൻ, സ്വാമി ചിദാനന്ദപുരി, ഡോ. സി. കെ. രാമചന്ദ്രൻ, പ്രൊഫ. എം. കെ. സാനു, പി. രാമചന്ദ്രൻ (വേണു), കെ.പി.കെ. മേനോൻ എന്നിവർ സമീപം.



ഗാന്ധിജയന്തി ദിനത്തിൽ എറണാകുളം കരയോഗം അംഗങ്ങളും, ജീവനക്കാരും ചേർന്ന് ടി.ഡി.എം. ഹാൾ പരിസരത്ത് നടത്തിയ ശുചീകരണ പ്രവർത്തനത്തിലെ ദൃശ്യം




ദീപാവലിയോടനുബന്ധിച്ച് നടന്ന ദീപാലങ്കാരവും, ദീപാവലി ആഘോഷവും കെ.പി.കെ.മേനോൻ ഉദ്ഘാടനം ചെയ്യുന്നു.

വാല്യം 7 ♦ ലക്കം – 10 ♦ നവംബർ 2014

ഉള്ളടക്കം | നം


| | |
|---|---|
| *എഡിറ്റോറിയൽ* | - 3 |
| *ജനറൽ സെക്രട്ടറിയുടെ പംക്തി* | - 5 |
| *ബാലലോകം - മംഗൾയാൻ* | - 7 |
| *വിശേഷ ദിവസങ്ങൾ* | - 8 |
| *രാഗപരിചയം* | - 9 |
| *ക്ഷേത്ര മഹാത്മ്യം* | - 10 |
| *പറവൂർ മുകാംബിക ക്ഷേത്രം* | - 11 |
| *വദതു സംസ്കൃതം* | - 13 |
| *മഹാദേവൻ ക്ഷിപ്രകോപിയാണോ* | - 14 |
| *ജസ്റ്റീസ് ശ്രീ. വി. ആർ. കൃഷ്ണയ്യർക്ക്..* | - 16 |
| *അശനം -2* | - 17 |
| *വ്യക്തിവിശേഷം* | - 21 |
| *വാസ്തു* | - 22 |
| *ചടങ്ങുകൾ* | - 23 |
| *കരളും കരൾ രോഗങ്ങളും* | - 24 |
| *കൃഷ്ണയ്യർക്ക് ആദരം* | - 25 |
| *കവിത - ഒരുപുലർകാലചിത്രം* | - 27 |
| *മംഗൾയാൻ നമുക്കെന്തുതരും* | - 28 |
| *കവിത - ദു:ഖസത്യം* | - 30 |
| *ത്വക്കിലെ നിറവ്യത്യാസങ്ങൾ* | - 31 |
| *നല്ലനാളെ സൃഷ്ടിക്കുക* | - 32 |
| *ചരമവാർഷികം* | - 36 |
| *സ്ത്രീ ശാക്തീകരണം* | - 37 |
| *ഒരാൾ* | - 39 |
| *തൈറോയ്ഡ് രോഗം* | - 43 |
| *ആദരാഞ്ജലി* | - 46 |
| *മാസഫലം* | - 47 |
| *മാംഗല്യം* | - 48 |
| *മിനിക്കഥ* | - 56 |
| *വിശ്വാസം* | - 62 |



**പത്രാധിപസമിതി**

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**
**കെ. ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. വി. രാമചന്ദ്രൻ**
**എം. രാജലക്ഷ്മി**


*എഡിറ്റോറിയൽ........*

# ബച്പൻ ബചാവോ ആന്ദോളൻ


കൈലാസ സത്യാർത്ഥി! സമാധാനത്തിനുള്ള നോബൽ പുരസ്കാരത്തിന് അർഹനായ ഭാരതീയൻ, ബാലവേലയ്ക്കും, ബാലപീഢനത്തിനുമെതിരെ സന്ധിയില്ലാസമരം ചെയ്ത്, അതൊരു ആഗോളവിഷയമാക്കിക്കൊണ്ടുവരാൻ തക്കവണ്ണം ആത്മാർത്ഥതയോടെ, അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ ജന സേവകൻ! ഭാരതത്തിലെ ഓരോ പൗരനും ഇന്ന് ആ പേര് അഭിമാനത്തോടുകൂടിയാണ് ഓർക്കുന്നത്, ഉച്ചരിക്കുന്നത്.

"കുട്ടികളുടെ വിദ്യഭ്യാസത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച, ഭാരതത്തിൽ നിന്നുള്ള ഹിന്ദുവിനും പാകിസ്ഥാനിൽ നിന്നുള്ള മുസ്ലീം പെൺകുട്ടിക്കും സമാധാനനോബേൽ നൽകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്." നോബേൽ പുരസ്കാര സമിതി അദ്ധ്യക്ഷന്റെ വാക്കുകളാണിത്. ഒപ്പം മറ്റൊരു വാചകവും അദ്ദേഹം അതിനോട് കൂട്ടിച്ചേർത്തു.

"സമാധാനത്തിനുള്ള നോബൽ മഹാത്മജിക്ക് ഇതുവരെ നൽകാൻ കഴിയാഞ്ഞത് ഞങ്ങളുടെ വലിയ വീഴ്ചയാണ് അത് പരിഹരിക്കാൻ കൂടിയാണ് മഹാത്മജിയുടെ പാത പിന്തുടരുന്ന അദ്ദേഹത്തിന്റെ ശിഷ്യൻ കൈലാസ് സത്യാർത്ഥിക്ക് ഈ സമ്മാനം നൽകുന്നത്." ഗാന്ധിജിയേയും അദ്ദേഹത്തിന്റെ നാടിനെയും, ശാന്തി മന്ത്രം ജപിക്കുന്ന അവിടുത്തെ സംസ്കാരത്തെയും കുറിച്ചൊക്കെ അവാർഡ് ദാന കമ്മറ്റി ഇപ്പോഴെങ്കിലും ഓർത്തതിനു നന്ദി. സമാധാനത്തിനുള്ള നോബൽ സമ്മാനം ഗാന്ധിജിക്ക് ഇതുവരെയും നൽകാതെ, പക്ഷപാതപരമായി പെരുമാറിയതിലുള്ള കുറ്റസമ്മതമോ, ക്ഷമാപണമോ ഒക്കെയായി നമുക്ക് ആ വാക്കുകളെ എടുക്കാം. അവാർഡ് വിവരം അറിഞ്ഞപ്പോൾ കൈലാസ സത്യാർത്ഥി പറഞ്ഞ വാക്കുകൾ ശ്രദ്ധിച്ചാൽ അത് കൂടുതൽ ബോധ്യമാവും. അദ്ദേഹത്തിന്റെ വാക്കുകളിലേയ്ക്ക് 'ഞാൻ

ജനിച്ചത് മഹാത്മാഗാന്ധിയുടെ മരണത്തിനു ശേഷമാണ്. എനിക്ക് മുമ്പേ ഈ സമ്മാനം മഹാത്മജിക്ക് ലഭിച്ചിരുന്നെങ്കിൽ ഞാൻ കൂടുതൽ ബഹുമാനിതനായേനെ.' ഏതായാലും ഇപ്പോഴെങ്കിലും അർഹതയ്ക്ക് അംഗീകാരം നൽകിയ അവാർഡ് ദാന കമ്മറ്റിക്ക് അഭിനന്ദനങ്ങൾ. ഇപ്രാവശ്യത്തെ അവാർഡിന് ഒരുപാട് പ്രത്യേകതയുണ്ട്. ഒന്ന് അവാർഡ് ഒരു ഭാരതീയനും, ഒരു പാക്കിസ്ഥാനി പെൺകുട്ടിയ്ക്കും പങ്കിട്ട് നൽകി. ഇൻഡോ പാക് ബോർഡറിൽ പാക്കിസ്ഥാൻ നടത്തിയ നുഴഞ്ഞു കയറ്റത്തെത്തുടർന്ന് ഇന്ത്യ ശക്തമായി തിരിച്ചടിച്ചുകൊണ്ടിരുന്ന വേളയിലാണ് ഈ അവാർഡ് പ്രഖ്യാപനം ഉണ്ടായത്. അത് പരോക്ഷമായ ഒരു ശാന്തി സന്ദേശമായി കണക്കാക്കാം. ബാലവേലയ്ക്കും ബാലപീഡനത്തിനുമെതിരെ അക്ഷീണം പടപൊരുതികൊണ്ടിരിക്കുന്ന, 80000 - ൽ പരം കുട്ടികളെ രക്ഷപ്പെടുത്തി അവരുടെ ഭാവി കരുപ്പിടിപ്പിച്ച ശ്രീ കൈലാസ് സത്യാർത്ഥിയും, സ്ത്രീ വിദ്യാഭ്യാസത്തിനെതിരെ വാളോങ്ങി നില്ക്കുന്ന പാക് ഭീകര സംഘടനയായ താലിബാനെ വെല്ലുവിളിച്ച്, അവരുടെ വെടിയേറ്റ ശിരസ്സുമായി ഇന്നും സ്ത്രീ വിദ്യാഭ്യാസത്തിനും, സ്ത്രീ സുരക്ഷയ്ക്കും, മതമൗലിക വാദത്തിനുമെതിരെ പൊരുതികൊണ്ടിരിക്കുന്ന വെറും 17 വയസ്സു മാത്രം പ്രായമുള്ള മലാല യുസഫ് സായിയും തീർച്ചയായും ഈ അവാർഡിന് അർഹരാണെന്നതിൽ സംശയമില്ല. സമാധാനത്തിന്റെ നോബൽ സമ്മാനം കരസ്ഥമാക്കിയ ഈ രണ്ട് വിശിഷ്ട വ്യക്തികൾക്കും കരയോഗ സൗഹൃദത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

ഈ അവസരത്തിൽ നമ്മുടെ കേരളത്തിൽ നടക്കുന്ന ബാലാവകാശധ്വംസനങ്ങളെക്കുറിച്ച് ഒന്ന് ചിന്തിക്കേണ്ടതല്ലേ? ബാലവേലയും, ബാലാവകാശധ്വംസനങ്ങളും ഇത്രയേറെ നടക്കുന്ന മറ്റൊരു സംസ്ഥാനം ഭാരതത്തിലുണ്ടോ എന്ന് സംശയമാണ്. ഭരണസ്വാധീനവും, വോട്ട് ബാങ്ക് രാഷ്ട്രീയവും കൊണ്ട് മറ്റുപല അനീതികളെന്നപോലെ ഇതും മൂടി വയ്ക്കുകയല്ലേ ഇവിടെ ചെയ്യുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്നും തൊഴിലിനായി ഇവിടെ എത്തുന്നവരെല്ലാം പ്രായപൂർത്തിയായവരാണോ, രക്ഷകർത്താക്കളോടൊപ്പം വരുന്ന കുട്ടികളെ കൊണ്ട് ജോലിയെടുപ്പിക്കാറുണ്ടോ, ഇതൊക്കെ അന്വേഷിക്കേണ്ടവർ അന്വേഷിക്കാറുണ്ടോ? അത് എങ്ങനെ കുത്തകകൾക്ക് കുടപിടിക്കുന്നവർ ഇതൊക്കെ നോക്കുമോ? അവരുടെ താല്പര്യം വേറെയല്ലെ? ഇതിലും ദയനീയമല്ലെ ഇവിടെ നടക്കുന്ന കുട്ടിക്കടത്ത്. ഭരണത്തിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന കേരള ഭരണത്തെ നിയന്ത്രിക്കുന്ന രണ്ട് പ്രബല സമുദായങ്ങൾ നടത്തുന്ന ഏതാണ്ട് രണ്ടായിരത്തോളം അനാഥാലയങ്ങളാണ് കേരളത്തിൽ ഉള്ളത്. കേരളത്തിലെ ഒരു അനാഥാലയത്തിലേക്ക് കടത്തിക്കൊണ്ടു വന്ന നൂറ് കണക്കിന് കുട്ടികളെ പാലക്കാട് റെയിൽവെ സ്റ്റേഷനിൽ വച്ച് പോലീസ് പിടികൂടിയ വാർത്ത നാം ശ്രവിച്ചിട്ട് നാളേറെയായില്ല എന്നിട്ടും കേരള സർക്കാർ സുപ്രീം കോടതിയിൽ പറഞ്ഞിരിക്കുന്നത് ഇവിടെ ബാലവേലയും, ബാലപീഡനവും നടക്കുന്നില്ല എന്നാണ്. സംസ്ഥാന ഖജനാവിൽ നിന്ന് കോടികളാണ് സഹായധനമായി അനാഥാലയങ്ങളിലേക്ക് ഒഴുകുന്നത്. ഒപ്പം എത്തുന്ന വിദേശ ഫണ്ടും. ഇമ്മാതിരി കോടികൾ കൊയ്യുന്ന അനാഥാലയ നടത്തിപ്പുക്കാരുടെ പിണിയാളുകളായിമാറുകയാണ്, കേരളത്തിലെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനകൾ കേന്ദ്ര ജുവനൈൽ ജസ്റ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന നിയമം പാസ്സാക്കുകവഴി സർക്കാർ ചെയ്തത്. എന്നാൽ ബാലവേലയ്ക്കും, ബാലപീഢനത്തിനുമെതിരെ പ്രവർത്തിക്കുന്ന നോബൽ പുരസ്കാര ജേതാവ് കൈലാസ് സത്യാർത്ഥിയുടെ "ബച്പൻ ബച്ചാവോ ആന്ദോളൻ" റിപ്പോർട്ട് ചെയ്തിരിക്കുന്നത് കേരളത്തിൽ കുട്ടിക്കടത്തും, ബാലവേലയും വ്യാപകമാണെന്നാണ്. അവരുടെ അന്വേഷണത്തിൽ കണ്ടെത്തിയ സത്യങ്ങൾ പുറത്തു കൊണ്ടുവരേണ്ടതല്ലെ? കുറ്റക്കാർക്കെതിരെ നടപടി എടുക്കേണ്ടതല്ലെ? എന്തേ നിയമപാലകർ മടിച്ചു നില്ക്കുന്നു?. വിലക്കുകളാവാം. ■



# ജനറൽ സെക്രട്ടറിയുടെ പംക്തി

പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിൻെറ 89 ാം വർഷത്തെ കുടുംബസംഗമം ഡിസംബർ 25 ന് വ്യാഴാഴ്ച ടി.ഡി.എം.ഹാളിൽ വച്ച് നടത്തുന്നതാണ്. മുൻ വർഷങ്ങളിലെപോലെ വിപുലമായ പരിപാടികളോടു കൂടിയാണ് കുടുംബസംഗമം സംഘടിപ്പിക്കുന്നത്. നവതി ആഘോഷത്തിന് തയ്യാറെടുക്കുന്ന നമ്മുടെ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞ കാലങ്ങളിൽ ഈ നഗരത്തിലെ എല്ലാ സാംസ്ക്കാരിക, സാമൂഹ്യ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടാനും, നേതൃത്വം കൊടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഒരു പ്രസ്ഥാനത്തിൻെറ വളർച്ചയെ കാണിക്കുന്നത് സാമൂഹ്യമായ അംഗീകാരവും പ്രവർത്തനശൈലിയുമാണ്. ഇത് പരക്കെ സമുദായഭേദമെന്യേ ഏവരും അംഗീകരിച്ചിട്ടുള്ള തുമാണ്.

തോട്ടക്കാട്ട് ദിവാൻസ് മെമ്മോറിയൽ കെട്ടിട സമുച്ചയവുമായി ബന്ധപ്പെട്ട് അതിൻെറ വളർച്ച ഏകദേശം എൺപത് ശതമാനം പൂർത്തിയായിട്ടുണ്ട്. തൊണ്ണൂറു വയസ്സിലേക്ക് പ്രവേശിക്കുന്ന എറണാകുളം കരയോഗത്തിന് ഉചിതമായ ഒരു സ്മരണ നിലനിർത്തുവാൻ നമുക്ക് ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. കഴിഞ്ഞ ദിവസം കരയോഗം ഭരണസമിതിയുടെയും ഉപസമിതികളുടെയും യോഗത്തിൽ ഇതിനായി ഒരാശയം മുന്നോട്ടു വയ്ക്കുകയുണ്ടായി. വളരെ വിനയപുരസ്സരം പ്രസ്തുത ആശയം അംഗങ്ങളുമായി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.

"നവതി" സ്മാരക മന്ദിരമായി ഗുരുവായൂരിൽ ഒരു 30-40 മുറികളുള്ള ഗസ്റ്റ് ഹൗസും, വിവാഹം നടത്തുന്നതിലേക്കായി രണ്ടു ചെറിയ ഹാളുകളും നിർമ്മിച്ചാൽ ആയത് പ്രത്യേകിച്ച് കരയോഗം അംഗങ്ങൾക്കും, അതിലുപരി എല്ലാ ഗുരുവായൂരപ്പ ഭക്തൻമാർക്കും ഒരു പോലെ സൗകര്യപ്രദമായിരിക്കും എന്നു മാത്രമല്ല അംഗങ്ങൾക്ക് സൗജന്യ നിരക്കിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തുവാൻ കഴിയും എന്നതും പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഇരുപതോ, ഇരുപത്തഞ്ചോ സെൻറ് സ്ഥലം വാങ്ങി, അതിൽ ഒരു കെട്ടിടം പണിയുവാൻ കഴിഞ്ഞാൽ അത് കരയോഗ ചരിത്രത്തിൻെറ ഏടുകളിൽ ഒരു തിലകക്കുറിയായിരിക്കും. പ്രസ്തുത വിഷയം ഒരു തുറന്ന ചർച്ചയ്ക്ക് വേണ്ടിയാണ് അവതരിപ്പിക്കുന്നത്. അംഗങ്ങളുടെ അഭിപ്രായം നേരിട്ടോ രേഖാമൂലമോ അറിയിക്കുവാൻ അപേക്ഷ. അതിനുശേഷം മാത്രമേ ബഹുമാനപ്പെട്ട എറണാകുളം കരയോഗം പൊതുയോഗത്തിൽ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടോടു കൂടി ഈ പദ്ധതി അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

ടി.ഡി.എം.ഹാൾ നർമ്മദ, ടി.ഡി.എം. ഹാൾ കോംപ്ലക്സിൽ പത്താമത്തെ ഒരു സേവനമേഖല എന്ന നിലയിൽ വിവിധ ഉദ്ദേശ്യങ്ങൾക്കായി ഒരു പ്രസൻേറഷൻ ഹാൾ പൊതുജനങ്ങൾക്ക് തുറന്നിരിക്കുന്നു. ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് സെമിനാറുകളോ, ചർച്ചകളോ, ഉന്നതതല യോഗങ്ങളോ, പുതിയ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുവാനോ, പത്രസമ്മേളനങ്ങൾ, ഇതിനെല്ലാമുപരിയായി ഒരു സിനിമയുടെ പ്രിവ്യു കാണിക്കുന്നതിനുള്ള ആധുനികസംവിധാനങ്ങൾ എല്ലാം ഉൾപ്പെടുത്തി 65 പേർക്കിരിക്കാവുന്ന മനോഹരമായ ഒരു ഹാൾ. ഏവരേയും ഈ ഹാളിൻെറ സൗകര്യങ്ങൾ കാണുന്നതിനും നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ അറിയിക്കുന്നതിലേക്കുമായി സാദരം ക്ഷണിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗം ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ 30 മുതൽ നവംബർ 9 വരെ സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ (കൊളത്തൂർ അദ്വൈതാശ്രമം, കോഴിക്കോട്) ഉപനിഷദ് വിചാരയജ്ഞം എല്ലാ ദിവസവും വൈകുന്നേരം 6 മുതൽ 8 മണി വരെ മുണ്ഡകോപനിഷത്ത് വ്യാഖ്യാനം ചെയ്തുകൊണ്ട് നടത്തുന്നു. 30-ാം തീയതി വിചാരയജ്ഞത്തിൻെറ ഉദ്ഘാടനസദസ്സിൽ ബഹു.കേരളഹൈക്കോടതി ജസ്റ്റിസ് എ.വി. രാമകൃഷ്ണ പിള്ള ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡൻറ് കെ.പി.കെ.മേനോൻ അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ പ്രൊഫ. എം. കെ. സാനു, ശ്രീ. എ. ഗോപാലകൃഷ്ണൻ, ഡോ. സി.കെ. രാമചന്ദ്രൻ,

കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) തുടങ്ങിയവർ സംസാരിച്ചു.

2014 ലെ നവരാത്രി ആഘോഷത്തോട നുബന്ധിച്ച് നടന്ന വിവിധ പുരാണ സാഹിത്യ കലാമത്സരവിജയികൾക്കുള്ള സമ്മാനദാനവും ഉന്നതസ്ഥാനമാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള കരയോഗാംഗങ്ങൾക്കും മക്കൾക്കുമുള്ള, പാരി തോഷികവും, കരയോഗം അംഗത്വം 50 വർഷം പൂർത്തിയാക്കിയവർക്കുള്ള സ്മരണികയും, സ്ക്കോളർഷിപ്പ് എൻഡോവ്മെൻറ് തുകകളുടെ വിതരണവും നടത്തപ്പെടുകയുണ്ടായി. സമ്മാന ങ്ങളും, എൻഡോവ്മെന്റുകളുമായി ഏകദേശം 500 ഓളം പാരിതോഷികങ്ങളാണ് ഒക്ടോബർ 3ന് വിതരണം ചെയ്തത്.

ഗാന്ധിജയന്തി ദിനത്തിൽ ഒക്ടോബർ 2-ാം തിയതി ടി.ഡി.എം.ഹാളിൻെറ മുൻവശവും പരിസരവും കരയോഗം അംഗങ്ങളും, ജീവന ക്കാരും ശുചീകരിച്ചു. ഈ ശുചീകരണപ്രക്രിയ എല്ലാ മാസവും ഒന്നാം തീയതി ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ദീപാലങ്കാരത്തോടെ ദീപാവലി ദിനത്തിൽ 22.10.14 ന് ആഘോഷം നടത്തുക യുണ്ടായി. എറണാകുളം കരയോഗത്തിൻെറ സാമൂഹ്യ സേവന വിഭാഗമായ ചൈത്രത്തിൻെറ 7-ാമത് വാർഷികം കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയർ ശ്രീമതി ബി. ഭദ്ര ഉദ്ഘാടനം ചെയ്തു. എറണാകുളം കരയോഗം പ്രസിഡൻറ് കെ.പി.കെ. മേനോൻ അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ശ്രീമതി.കെ. ഭവാനി ഡോക്ടർ പി. വിജയലക്ഷ്മി മേനോൻ, ഡോ. മല്ലിക, ശ്രീ. പി. രാമചന്ദ്രൻ (വേണു), ഡോ. അജയകുമാർ, ശ്രീ. രാജ്മോഹൻ നായർ, ശ്രീ. ജയശങ്കർ തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു. പ്രമുഖ സൈക്കോളജിസ്റ്റായ ഡോക്ടർ പ്രകാശ് ചന്ദ്രൻ, പിസിഎസ്ജെ പ്രോജക്റ്റ് മാനേജർ അഡ്വക്കേറ്റ് ബിറ്റി കെ. ജോസഫ് എന്നിവർ ആത്മഹത്യ പ്രതിരോധം എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന തൃശ്ശൂർ നാടക സൗഹൃദത്തിൻെറ "കന്യാദാനം" എന്ന നാടകം നവംബർ 19-ാം തീയതി വൈകീട്ട് 6.30 ന് ടി.ഡി.എം. ഹാളിൽ അവതരിപ്പിക്കും.

കരയോഗത്തിൻെറ എല്ലാ പ്രവർത്തന ങ്ങളിലും അംഗങ്ങളുടെ സഹായസഹകരണ ങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

**ജനറൽ സെക്രട്ടറി**

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

## 89 – ാമത് കുടുംബസംഗമം

എറണാകുളം കരയോഗത്തിൻെറ 89 ാമത് സ്ഥാപകദിനവും, കുടുംബസംഗമവും 2014 ഡിസംബർ 25 ന് രാവിലെ 10.00 മണിയ്ക്ക് ടി.ഡി.എം.ഹാളിൽ ആരംഭിക്കും. കുടുംബ സംഗമത്തിൽ പങ്കെടുക്കുന്ന കരയോഗാംഗ ങ്ങൾക്ക് ഭക്ഷണകൂപ്പണുകൾ ഡിസംബർ 10 മുതൽ 20 വരെ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പ്രസ്തുത സൗജന്യ കൂപ്പൺ ലഭിക്കുന്നതിന് അംഗങ്ങൾ കരയോഗം ഐഡൻറിറ്റി കാർഡ് ഹാജരാക്കി കൂപ്പണുകൾ കൈപ്പറ്റണമെന്ന് അഭ്യർത്ഥി ക്കുന്നു. അംഗങ്ങളൊഴികെ മറ്റെല്ലാവർക്കും 50രൂപയുടെ കൂപ്പണുകൾ എടുക്കേണ്ടതാണ്. കുടുംബസംഗമത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം ഉറപ്പുവരുത്തുന്ന തിനും ക്രമാതീതമായ തിരക്ക് നിയന്ത്രിക്കുന്ന തിനും വേണ്ടിയാണ് ക്രമീകരണം ഏർപ്പെടു ത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ ധാരാളം ഭക്ഷണം പാഴാക്കി കളയാൻ ഇടവന്നതു കൊണ്ടും, അനാവശ്യമായ ചിലവും തിരക്കും ഒഴിവാക്കുന്നതിനു വേണ്ടിയുമാണ് ഈ ക്രമീകരണം ഏർപ്പെടുത്തിയതെന്ന് അറിയിച്ചു കൊള്ളട്ടെ. കുടുംബസംഗമത്തിൻെറ പരിപാടി കളിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ നവംബർ 30 ന് മുൻപ് ശ്രീമതി ലക്ഷ്മി മോഹനുമായി (ഫോൺ: 9447068757) ബന്ധ പ്പെടുക. എല്ലാ കരയോഗാംഗങ്ങളുടെയും സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചു കൊണ്ട്

**ജനറൽ സെക്രട്ടറി**
**എറണാകുളം കരയോഗം**

# ബാലലോകം



# മംഗളയാനം

## *വായിക്കൂ, ചിന്തിക്കൂ, പഠിക്കൂ*



ലക്ഷമിദേവി നായർ

പ്രിയപ്പെട്ട കുട്ടുകാരെ,

സൗരയൂഥത്തിലെ ബുധൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്റ്റൂൺ, പ്ലൂട്ടോ, എന്നീ ഗ്രഹങ്ങളിൽ ചുമന്ന ഗ്രഹമാണ് ചൊവ്വ. ഇവിടെ ജീവനുണ്ടോ, ജീവന് അനുകൂലമായ സാഹചര്യമുണ്ടോ എന്നൊക്കെ മനസ്സിലാക്കാനാണ് ശ്രീഹരികോട്ടയിൽ നിന്നും നമ്മുടെ ബഹിരാകാശശാസ്ത്രജ്ഞർ ഏറെ യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മംഗൾയാൻ എന്ന ഒരു പേടകം ചൊവ്വയിലേക്ക് അയച്ചത്. ഇതേക്കുറിച്ച് കൂട്ടുകാർ ഈയിടെയായി കുറെ അധികം കേട്ടിരിക്കുമല്ലോ? നമ്മുടെ ഭാരതം ചരിത്രം സൃഷ്ടിച്ച ഒരു സംഭവമാണ് സെപ്തംബർ 24 ന് ഉണ്ടായത് എന്ന് നിങ്ങൾക്ക് അറിയാമോ?

മംഗൾയാൻ കുതിക്കുന്നു, ജ്വലിക്കുന്നു എന്നൊക്കെ കൂട്ടുകാർ കേട്ടിട്ടില്ലേ? ഇത്രയ്ക്ക് അഭിമാനിക്കാവുന്ന ദൗത്യത്തെക്കുറിച്ചു ചില കാര്യങ്ങൾ കൊച്ചുകൂട്ടുകാർക്ക് പറഞ്ഞുതരാം. ശ്രദ്ധിച്ചു കേട്ടോളൂ.

2013 നവംബർ അഞ്ചിന് ഇന്ത്യയിലെ ഐ.എസ്.ആർ.ഒ. യിലെ ശാസ്ത്രജ്ഞർ ചൊവ്വഗ്രഹത്തെ പഠിക്കാനായി അതിന്റെ ഭ്രമണപഥത്തിലേക്കു അയച്ച ഒരു പേടകമാണ് മംഗൾയാൻ അഥവാ മംഗളയാനം. 1337 കിലോ ഭാരമുള്ള ഈ പേടകം 2014 സെപ്തംബർ 24 ന് ചൊവ്വയുടെ ഭ്രമണപഥത്തിൽ കയറി. പേടകം ഒരു തവണ ചൊവ്വയെ ചുറ്റാൻ 72 മണിക്കൂറും, 57 മിനിട്ടും 51 സെക്കന്റും എടുത്തു. ചൊവ്വയിൽ ജീവനുണ്ടോ, ജീവനനുകൂലമായ സാഹചര്യമുണ്ടോ എന്നൊക്കെ പഠിക്കുകയാണ് നമ്മൾ ഭാരതമക്കളുടെ ലക്ഷ്യം. ഇന്ത്യയിലെ 120 കോടിയിലധികം വരുന്ന നമുക്കെല്ലാം ആഹ്ലാദത്തിന്റെയും, അഭിമാനത്തിന്റെയും സന്ദർഭമായിരുന്നു ഇതു വിജയം വരിച്ചപ്പോൾ കൈവന്നത്. 7500 കിലോമീറ്റർ ഉയരത്തിൽ നിന്നുകൊണ്ട് ചൊവ്വയിലെ കാഴ്ചകൾ പകർത്താൻ നമ്മുടെ ശാസ്ത്രജ്ഞർക്ക് സാധിച്ചു. ഐ.എസ്.ആർ.ഒ ചെയർമാൻ ആയ ഡോക്ടർ കെ. രാധകൃഷ്ണൻ, ശ്രീ. അണ്ണാദുരൈ, ശ്രീ. എസ്. രാധാകൃഷ്ണൻ, ശ്രീ എസ്.കെ. ശിവകുമാർ, പി. കുഞ്ഞികൃഷ്ണൻ, ചന്ദ്രദത്ത, എം.എസ്. ശിവകുമാർ എന്നിങ്ങനെ ഒട്ടേറെ ശാസത്രജ്ഞന്മാരാണ് ഈ ഉദ്യമത്തിൽ പ്രധാന പങ്കുവഹിച്ചത്.

“പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ” അതെ കുട്ടികളായ നിങ്ങളുടെ മനസ്സിലും ശാസ്ത്ര ബോധം വാനോളം ഉയരട്ടെ. ഇന്നത്തെ കൊച്ചുകൂട്ടുകാർ ആണ് നാളത്തെ ശാസ്ത്രജ്ഞരാവുന്നത്.

ഇന്ത്യ ചരിത്രം കുറിച്ചപ്പോൾ നിങ്ങൾ ഓരോരുത്തരും കോരിത്തരിച്ചില്ലേ? മനസ്സു നിറഞ്ഞില്ലേ കൂട്ടുകാരെ?

മംഗളയാനം

ചൊവ്വയെ തൊട്ടറിഞ്ഞീടാൻ
പേടകം ചുറ്റിടുമ്പോഴും
ശാസ്ത്രമേ നമിച്ചിടുന്നു
കൊച്ചുകിടാങ്ങളാം ഞങ്ങൾ

ചൊവ്വയെക്കുറിച്ച് അല്പം കൂടി കാര്യങ്ങൾ കേട്ടോളൂ.

ചൊവ്വയിലെ അഗ്നിപർവതമാണ് ഒളിമ്പസ് മോൺസ് പർവതം. വാലസ് മാറിനസ് എന്ന ഗർത്തവും ഹെല്ലാസ് എന്ന തടാകവും ചൊവ്വയിൽ ഉണ്ട്. ചൊവ്വയുടെ അടുത്തെത്തിയ ആദ്യപേടകമാണ് സോവിയറ്റ് യൂണിയന്റെ മംഗലം മാർസ്1. ലോകത്തിലെ അൻപത്തൊന്നാമത്തെ ചൊവ്വാദൗത്യമാണ് മംഗളയാനം.



# അഭിമാനഭാഷ

ഐശ്വര്യ സാന്യ

മലയാള ഭാഷയെന്നഭിമാന ഭാഷ
അച്ഛനുമമ്മയും കൊഞ്ചിക്കും ഭാഷ
അമ്മൂമ്മ പാടിയുറക്കുന്ന ഭാഷ
താലോലമാലോലം പാടുന്ന ഭാഷ
ലോകത്തിന്നഭിമാന ഭാഷയാ
മമ്മ മലയാളമെന്നുള്ളത്തിൽ തുടിക്കുന്നു.



## ശ്രീമന്നാരായണീയ ദിനം 2014

2014 ഡിസംബർ 14-ാം തീയതി ഞായറാഴ്ച ശ്രീമന്നാരായണീയ ദിനത്തിൽ എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി.ഡി.എം ഹാളിൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു. രാവിലെ 7.30 മുതൽ വിഷ്ണുസഹസ്രനാമത്തോടെ ആരംഭിക്കുന്ന നാരായണീയ പാരായണത്തിൽ എല്ലാവരുടേയും സാന്നിദ്ധ്യം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി



കൂട്ടുകാരെ നിങ്ങൾ വരയ്ക്കുന്ന ചിത്രങ്ങൾ, പെയിന്റിങ്ങുകൾ, രചനകൾ എന്നിവ കരയോഗസൗഹൃദത്തിന് അയച്ചു തരിക.

വിലാസം:
കരയോഗസൗഹൃദം,
എറണാകുളം കരയോഗം,
കൊച്ചി-682016.

നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക :
9947736071

## ശ്രീവിദ്യാധിരാജാവചനം

കാര്യപ്രപഞ്ചത്തിൽ പുരുഷനേക്കാളധികം ക്ലേശവും ബുദ്ധിമുട്ടും സ്ത്രീക്കാകയാലും സമുദായ വൃദ്ധിക്ഷയങ്ങൾക്ക് സ്ത്രീയുടെ കാര്യഭരണം വാസ്തവത്തിൽ ഹേതുവായിരിക്കക്കൊണ്ടും അവർക്കാണ് ഏറ്റവും പ്രാധാന്യം.

## വിശേഷ ദിവസങ്ങൾ

*നവംബർ 15 മുതൽ ഡിസംബർ 14 വരെ*

| | | |
|---|---|---|
| **നവംബർ** | 17 | **മണ്ഡലകാലാരംഭം, തുഞ്ചൻദിനം** |
| | 18 | **തൃപ്രയാർ ഏകാദശി** |
| | 20 | **തൃപ്പൂണിത്തുറ കൊടിയേറ്റ്** |
| | 23 | **സത്യസായി ജയന്തി, തൃപ്പൂണിത്തുറ ആറാട്ട്** |
| **ഡിസംബർ** | 2 | **ഗുരുവായൂർ ഏകാദശി, രവിപുരം ക്ഷേത്രത്തിൽ ഏകാദശി ഉത്സവം, ഗീതാദിനം** |
| | 5 | **തൃക്കാർത്തിക, ചക്കുളത്തുകാവു പൊങ്കാല** |
| | 8 | **പരശുരാമജയന്തി** |
| | 14 | **നാരായണീയ ദിനം, വൈക്കത്തഷ്ടമി** |



## രാഗപരിചയം

# ബിലഹരി



ഡോ. ജയലക്ഷ്മി നന്ദകുമാർ

29-മത്തെ മേളകർത്താ രാഗമായ ധീരശങ്കരാ ഭരണത്തിന്റെ ജന്യരാഗമാണ് ബിലഹരി. ഈ രാഗത്തെ ബലഹരിയെന്നും ബിലാഹരിയെന്നു വിളിച്ചിരുന്നതായി പറയപ്പെടുന്നു.

ആരോഹണം ഃ സ രി ഗ പ ധ സ
അവരോഹണംഃ സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതിരിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കാകളി നിഷാദം.

കൈശികി നിഷാദം ചില സ്വര പ്രയോഗങ്ങളിൽ വരുന്നതിനാൽ ബിലഹരി ഒരു ഏക അന്യസ്വര ഭാഷാംഗ രാഗമാണ്. ആരോഹണത്തിൽ മദ്ധ്യമം, നിഷാദം എന്നീ സ്വരങ്ങൾ വർജ്ജ്യമാണ്. ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതിനാൽ ഇത് ഒരു ഔഡവ സമ്പൂർണ്ണ രാഗമാണ്. വീരരസ പ്രധാനമായ രാഗമാണിത്. ശ്രോതാക്കളിൽ സന്തോഷം, ധൈര്യം എന്നിവ ജനിപ്പിക്കുവാൻ കഴിയുന്ന രാഗം കൂടിയാണ് ബിലഹരി.

വിഷാദ രോഗം ശമിപ്പിക്കുവാൻ കഴിവുള്ള ഒരു രാഗമായിട്ടാണ് ബിലഹരിയെ പറയുന്നത്. ഒരു ത്രിസ്ഥായി രാഗം ആണ് ഇത്. പകൽ സമയമാണ് ബിലഹരി രാഗം കൂടുതൽ ശോഭനീയം. ദേശാക്ഷി എന്ന രാഗത്തിനും ഒരേ ആരോഹണ അവരോഹണമാണ്. ശങ്കരാഭരണ രാഗത്തിന്റെ തന്നെ ജന്യരാഗമാണ് എങ്കിലും, രാഗ സഞ്ചാരത്തിൽ രണ്ടു രാഗങ്ങളും വ്യത്യസ്തമാണ്.

ബിലഹരിയുടെ ആരോഹണ അവരോഹണങ്ങൾ തിരിച്ചിട്ടാൽ ഗരുഡധ്വനി എന്ന രാഗമാണ് ലഭിക്കുക. (സരിഗമപധനിസ സധപഗരിസ). ബിലഹരി രാഗത്തിലുള്ള കൃതി നാ ജീവധാര ആലപിച്ച്, ത്യാഗരാജ സ്വാമി, മരിച്ച ഒരു യുവാവിനെ ജീവിപ്പിച്ച സംഭവ കഥ തന്നെ ഉണ്ട്. ഹിന്ദുസ്ഥാനി സംഗീതത്തിൽ ബിലഹരിക്കു സമാനമായിട്ടുള്ളത് അലൈയ്യ ബിലവൽ ഥാട്ട് ആണ്.

**ഈ രാഗത്തിലുള്ള കൃതികൾ**

| | | | |
|---|---|---|---|
| 1. | സ്വരജതി | - രാരവേണു ഗോപബാല | ആദിതാളം |
| 2. | നാ ജീവധാര | - ആദിതാളം | ത്യാഗരാജസ്വാമി |
| 3. | ദൊരഗുണ | - ആദിതാളം | ത്യാഗരാജസ്വാമി |
| 4. | ഗോപാലം സേവേഹം | - രൂപകം | സ്വാതിതിരുനാൾ |
| 5. | സ്മരസദാ മാനസാ | - ആദിതാളം | സ്വാതിതിരുനാൾ |
| 6. | പൂരയ മമ കാമം | - ആദിതാളം | നാരായണതീർത്ഥർ |
| 7. | കനു ഗൊണ്ടിനി | - ആദിതാളം | ത്യാഗരാജസ്വാമി |

**ചലച്ചിത്ര ഗാനങ്ങൾ**

| | | |
|---|---|---|
| 1. | പ്രിയതമാ | - ശകുന്തള |
| 2. | കല്ല്യാണക്കച്ചേരി | - മാടമ്പി |
| 3. | രാരവേണു | - മിസ്റ്റർ ബട്ളർ |
| 4. | തിങ്കൾ നൊയമ്പിൻ | - പൂച്ചയ്ക്കാരു മണികെട്ടും |
| 5. | ജനനീ ജഗജ്ജനനീ | - കാവ്യമേള |
| 6. | കൂന്തലിലേ | - ബാലനാഗമ്മ (തമിഴ്) |
| 7. | ആനന്ദ നടനം | - കമലദളം |
| 8. | ഉണ്ണീ വാവാവോ | - സാന്ത്വനം |
| 9. | ആപദി കിം കരണീയം | - (ഭക്തിഗാനം ദേവീഗീതം) |
| 10. | ഉണരൂണരൂ ഉണ്ണിക്കണ്ണാ | - നീലക്കുയിൽ |




# മുക്കുതല ഭഗവതി ക്ഷേത്രം

മലപ്പുറം ജില്ലയിലെ നന്നാമുക്ക് പഞ്ചായത്തിലാണ് പ്രസിദ്ധമായ ഈ ഭഗവതി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. പരാശക്തിയാണ് ഇവിടുത്തെ പ്രധാന പ്രതിഷ്ഠ. മുക്തിസ്ഥലദേവി എന്ന പേര് കാലാന്തരത്തിൽ മുക്കുതലദേവിയായി മാറിയെന്നാണ് പറയപ്പെടുന്നത്. അതിവിശാലമായ ഒരു ക്ഷേത്ര സമുച്ചയം തന്നെയാണ് ഇവിടെയുള്ളത്. കാണിയൂർ, വടക്കുംമുറി, തെക്കുംമുറി എന്നീ മൂന്ന് പ്രദേശങ്ങൾ ഒന്നിച്ച് കൂടുന്നിടത്താണ് ദേവീ സന്നിധി. ഈ ക്ഷേത്ര സമുച്ചയത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് പടിഞ്ഞാറോട്ട് ദർശനമുള്ള ക്ഷേത്രമാണ്. പ്രധാനപ്പെട്ട വഴിപാട് മലർ നിവേദ്യമാണ്. അതാത് ദിവസം വറുത്ത മലർ മാത്രമെ നിവേദ്യത്തിന് ഉപയോഗിക്കുകയുള്ളു. ബലിക്കല്ലില്ലാത്ത ഈ ക്ഷേത്രത്തിൽ മണിയടിച്ചുള്ള പൂജയും ഇല്ല. തന്ത്രി പൂജ നടക്കുന്ന വൃശ്ചിക മാസത്തിലെ കാർത്തികയിൽ മാത്രമെ അത് നടത്താറുള്ളു. മലർ പറയും അപ്പവും ആണ് മറ്റ് പ്രധാന വഴിപാടുകൾ.

ഇവിടുത്തെ കീഴ്കാവിൽ കാർത്ത്യായനി ദേവിയേയും പടിഞ്ഞാട്ട് ദർശനമായി പ്രതിഷ്ഠിച്ചിട്ടുണ്ട്.

ക്ഷേത്ര സമുച്ചയത്തിലെ മൂന്നാമത്തെ ക്ഷേത്രം കണ്ണേങ്കാവ് ഭദ്രകാളി ക്ഷേത്രമാണ്. കിഴക്കോട്ട് ദർശനമുള്ള ഈ ക്ഷേത്രത്തിലും നിത്യപൂജയില്ല. എന്നാൽ നേദ്യമുണ്ട് താനും.

അടുത്ത് നരസിംഹമൂർത്തിയെ പ്രതിഷ്ഠിച്ചിരിക്കുന്ന കുളച്ചേരി ക്ഷേത്രമാണ്. ഇവിടുത്തെ പ്രത്യേകത വിഷുവിന്റെ വേലകളിയാണ്.

ഉഗ്രശക്തിയുള്ള ശ്രീപരമേശ്വരനെ പ്രതിഷ്ഠിച്ചിട്ടുള്ള രക്തേശ്വരം ക്ഷേത്രവും വളരെ പ്രാധാന്യമുള്ളതാണ്. ഇവിടെ നിത്യപൂജയുണ്ട്. ശിവരാത്രി ഗംഭീരമായി ആഘോഷിക്കുന്നുണ്ട്.

ഈ പ്രതിഷ്ഠകളെല്ലാം നടത്തിയത് ശ്രീ ശങ്കരാചാര്യ സ്വാമികളാണെന്ന് പറയപ്പെടുന്നു. പണ്ട് കൊടും വനമായിരുന്ന ഇവിടെ ശ്രീ. ശങ്കരാചാര്യർ തപസ്സനുഷ്ഠിക്കുന്നതിനിടെ അവിടെ കണ്ട ദിവ്യപ്രഭയെ ധ്യാനിച്ചുവെന്നും, സ്വയംഭൂവായ ശിലാഖണ്ഡത്തെ പരാശക്തിയായി സങ്കൽപ്പിച്ച് പ്രതിഷ്ഠ നടത്തിയെന്നും പറയപ്പെടുന്നു. തുടർന്ന് ദുർഗ്ഗയേയും, ശ്രീ പരമേശ്വരനേയും, നരസിംഹമൂർത്തിയേയും അദ്ദേഹം തന്നെ പ്രതിഷ്ഠിച്ചതാണെന്ന് പറയപ്പെടുന്നു.

■


## മഹാകവി കാളിദാസ സാംസ്കാരിക വേദി

കൊച്ചിയുടെ നഗരമദ്ധ്യത്തിൽ ഒരു സാംസ്കാരിക കേന്ദ്രം. തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ ആക്റ്റ് പ്രകാരം EKM/TC/886/2013 ആയി രജിസ്ട്രേഷൻ ഉള്ള സംഘടന. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, പ്രൊഫസർ എം. കെ. സാനു, ഡോ. എം. ലീലാവതി, കവി എസ്. രമേശൻ നായർ, പ്രൊഫസർ. എം. അച്യുതൻ എന്നിവർ മുഖ്യ രക്ഷാധികാരികളായുള്ള മഹാകവി കാളിദാസ സാംസ്ക്കാരിക വേദിയിൽ അംഗത്വമെടുക്കുവാൻ എല്ലാവരെയും ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് ; സി.ജി.രാജഗോപാൽ, ജനറൽ സെക്രട്ടറി, ഫോൺ : (9447745652)

# പറവൂർ മൂകാംബികക്ഷേത്രം



ശാന്ത രാജൻ



**ക്ഷേ**ത്രങ്ങളുടെ നാടായ വടക്കൻ പറവൂർ ടൗണിൽ തന്നെ സ്ഥിതി ചെയ്യുന്ന സരസ്വതി ക്ഷേത്രം. ലാളിത്യം നിറഞ്ഞ ചുറ്റുപാടുമുള്ള മനോഹരമായ ക്ഷേത്രം. ചെറിയ ക്ഷേത്രമാണ് മൂകാംബിക സരസ്വതി ദേവിയുടേത്. ആലുവായിൽ നിന്നും പതിനാറു കിലോമീറ്റർ പടിഞ്ഞാറായി നിലകൊള്ളുന്നു.

ഞങ്ങൾ എല്ലാവരും ചെറുതായിരിക്കുമ്പോൾ വളരെ ഭക്തിയോടെ സന്ദർശിക്കാറുള്ള ഒരു കൊച്ചു ക്ഷേത്രം. വിദ്യയുടെ ദേവിയായ സരസ്വതി പ്രതിഷ്ഠയുള്ള ഈ ക്ഷേത്രം നിലനില്ക്കുന്നതുകൊണ്ടാണ് ഇവിടെ വിദ്യാസമ്പന്നരായ ജനങ്ങൾ ധാരാളമുള്ളതെന്ന് ഒരു വിശ്വാസം പണ്ടു മുതൽക്കേ പറഞ്ഞു കേട്ടിട്ടുണ്ട്.

നവരാത്രി നാളുകളിൽ രാവിലെ കുളിച്ച് ദർശനം പത്തു ദിവസവും നടത്തുക എന്നത് വളരെ നിഷ്ഠയുള്ള കാര്യമായിരുന്നു. പ്രത്യേകിച്ച് ഞങ്ങൾ കുട്ടികൾക്ക്.

കിഴക്കുവശത്തുള്ള ഗേറ്റ് കടന്നാൽ കൊടിമരത്തിനു മുമ്പുള്ള വാതിലിൽ കൂടി അകത്തു കടന്നാൽ ദേവിയുടെ ചൈതന്യ മനോഹരമായ ദർശനം ലഭിക്കും. ചുറ്റമ്പലത്തിനും, ശ്രീകോവിലിനും ഇടയിലുള്ള താമരക്കുളം കാണാൻ നല്ല കൗതുകമാണ്. നല്ല ആമ്പലുകളും ഉണ്ടാകും. കുളത്തിനു മുകളിലുള്ള പാലത്തിൽ നിന്നും വേണം ദേവിയെ തൊഴുവാൻ. ദേവിയുടെ ശ്രീകോവിലിനു ചുറ്റും മൂന്നു പ്രദിക്ഷണം വച്ച് പടിഞ്ഞാറുഭാഗത്തുള്ള ഗണപതി ഭഗവാനേയും തൊഴുതു വഴിപാടുകളും നടത്തി പുറത്തിറങ്ങുന്നു. നവരാത്രി കാലങ്ങളിൽ ദേവി സർവ്വാലങ്കാരങ്ങളോടെ ഇരിക്കുന്നതു കാണുമ്പോൾ ഭക്തി മനസ്സിൽ താനെ വന്നു നിറയും. പ്രദിക്ഷണം കഴിഞ്ഞ് തീർത്ഥവും പ്രസാദവും തൃമധുരവും മേടിച്ചു വെളിയിൽ ഇറങ്ങിയാൽ വലതുഭാഗത്ത് തെക്കുകിഴക്കു ഭാഗത്ത് സുബ്രഹ്മണ്യ ഭഗവാനും, തെക്കുപടിഞ്ഞാറു ഭാഗത്ത് മഹാവിഷ്ണുവും, നാഗയക്ഷി നാഗങ്ങൾ, ബ്രഹ്മരക്ഷസ് എന്നിവരുടെ പ്രതിഷ്ഠകളും തൊഴുത് വടക്കു പടിഞ്ഞാറ് ഹനുമാനേയും, വടക്കു കിഴക്ക് വീരഭദ്ര സ്വാമിയേയും തൊഴുത് ക്ഷേത്രത്തിനു മുന്നിലെത്തി വെളിയിൽ ഇറങ്ങാം.

പ്രധാനമായും രണ്ടു ഉത്സവങ്ങളാണ് ഇവിടെയുള്ളത്. നവരാത്രിയും (ഒക്ടോബർ - കന്നിമാസത്തിൽ). മേടമാസത്തിലെ ഉത്സവവും. ഈ പത്തു ദിവസവും നവരാത്രിയുടെ ഒൻപതു ദിവസങ്ങളിലും വൈകുന്നേരങ്ങളിൽ പല തരത്തിലുള്ള കലാവിരുന്നുകൾ ഉണ്ടാകും. ഒരു പ്രാവശ്യം മാത്രം ഞങ്ങളുടെ ബന്ധത്തിലുള്ള ഒരമ്മായിയും അമ്മാവനും ഞങ്ങൾ കുട്ടികളെ കഥകളി കാണിക്കുവാൻ കൊണ്ടുപോയി. ചെറിയ കുട്ടിയായിരുന്നതിനാൽ പകുതിയിൽ തന്നെ ഉറങ്ങിപ്പോയി. അതുകൊണ്ട് കൂടുതൽ അതിനെപ്പറ്റി എഴുതാൻ ഒന്നുമില്ല.

ഞങ്ങളുടെ മുത്തശ്ശി പറഞ്ഞു തന്ന് ഞങ്ങളുടെ മനസ്സിൽ പതിഞ്ഞ ഈ അമ്പല

ക്ഷേത്രത്തിനു മുൻപിൽ കിഴക്കു വശത്തായി ഒരു ക്ഷേത്രക്കുളവും അതിനരുകിൽ ഒരു ഗണപതിക്ഷേത്രവും ഉണ്ട്. ആദ്യം അവിടെ തൊഴുതതിനുശേഷമാണ് മൂകാംബിക ക്ഷേത്രത്തിൽ പോകുന്നത്. അതാണോ ആചാരം എന്നറിയില്ല. ശീലിച്ചത് പിൻതുടരുന്നു. ഗണപതിക്ക് നാളികേര വഴിപാട് വളരെ പ്രധാനമാണ്.

പറവൂർ ടൗണിലുള്ള മറ്റു ക്ഷേത്രങ്ങൾ പെരുവാരം ശിവക്ഷേത്രം, കണ്ണൻകുളങ്ങര ശ്രീകൃഷ്ണക്ഷേത്രം, അമ്മൻ കോവിൽ, തോന്നിയകാവ്, വെളത്താട്ട് വടക്കൻ ചൊവ്വ ഭഗവതിയുടെ അമ്പലം, മന്നത്ത് സുബ്രഹ്മണ്യന്റെ അമ്പലം, കാളികുളങ്ങര ഭഗവതിയുടെ (ദുർഗ്ഗ) അമ്പലം എന്നിവയാണ്. ക്ഷേത്രങ്ങളുടെ സാന്നിധ്യം കൊണ്ട് അനുഗ്രഹീതമായ നാടാണ് പറവൂർ എന്നു വേണമെങ്കിൽ പറയാം.

***(മൂകാംബിക സരസ്വതിദേവിയ്ക്ക് സമർപ്പണം.)***

ത്തിന്റെ ഐതിഹ്യം ഇതാണ്. പറവൂർ തമ്പുരാൻ എല്ലാക്കൊല്ലവും കൊല്ലൂർ മൂകാംബിക ദർശനം നടത്തിയിരുന്നു. പ്രായത്തിന്റെ അസഹ്യത കാരണം ഇതു തുടർന്ന് നടത്തികൊണ്ടു പോകാൻ പ്രയാസമായി. അപ്പോൾ ദേവിയോട് അകമഴിഞ്ഞ് പ്രാർത്ഥിച്ചു. തന്റെ കൊട്ടാരത്തിൽ വരുത്തി ഭജിക്കണമെന്ന ആഗ്രഹമായിരുന്നു അദ്ദേഹത്തിന്. ദേവി പറഞ്ഞു ഞാൻ പിൻതുടർന്നു കൊട്ടാരത്തിൽ വരാം പക്ഷെ തിരിഞ്ഞു നോക്കരുത് എന്ന്, ഏറെക്കഴിഞ്ഞപ്പോൾ രാജാവ് തിരിഞ്ഞു നോക്കുകയും ദേവി അവിടെ തന്നെ നിന്നുവെന്നുമാണ് ഐതിഹ്യം. ആ സ്ഥലത്താണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

വിജയദശമി ദിവസം കുട്ടികളെ എഴുത്തിനിരുത്താൻ നാനാ ഭാഗത്തുനിന്നും ആൾക്കാർ വരും. മൈലുകൾ താണ്ടി വന്ന് മിക്കവരും ശ്രീവിദ്യാ മന്ത്രം അർച്ചന കഴിപ്പിക്കാറുണ്ട്. മുക്കുട്ട് കഷായമാണ് ഒരു പ്രസാദം. ആൾക്കാർ കുപ്പിയുമായി വന്ന് വാങ്ങികൊണ്ടു പോകാറുണ്ട്.

# എറണാകുളം കരയോഗം

ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2014 ഒക്ടോബർ മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. സി. രാജ്മോഹൻ, ഫ്ളാറ്റ് നമ്പർ 1 ബി, ജോമർസ്പ്ലെണ്ടർ അപ്പാർട്ട്മെന്റ്, ചെറുപറമ്പത്ത് റോഡ്, കൊച്ചി 682020 | 10,000 |
| 2. | ശ്രീ. വി. കൃഷ്ണൻ, ചാക്യാട്ട് (ശ്രീ), മഹാകവി.ജി. റോഡ്, കൊച്ചി 682011 | 10,000 |
| 3. | ശ്രീമതി. പി. വത്സല, സുബദ്രം, എരൂർ, തൃപ്പൂണിത്തുറ (സഹോദരി കസ്തൂരിയുടെ ഓർമ്മയ്ക്ക്) | 10,000 |
| 4. | ശ്രീമതി. പി.വിജയാദേവി, സായിപ്രഭ,പേരണ്ടൂർ,ഇളമക്കര, കൊച്ചി | 5,000 |
| 5. | ശ്രീമതി. ശാന്തിനി. കെ. ആർ, ബാബുകോട്ടേജ്, ആലപ്പാട്ട് ക്രോസ് റോഡ്, കൊച്ചി 682016 | 5,000 |
| 6. | Lt. Col. ശങ്കർ, അമ്പാടി, 5 ബി, ഹാർബർ ക്രസ്റ്റ്, കുരിശുപള്ളി ഭവൻ, കൊച്ചി 682016 | 5,000 |



*എറണാകുളം കരയോഗാംഗമായ ശ്രീമതി.സുധാ രാധാകൃഷ്ണൻ, എൽ /2608, ഗോപലക്ഷ്മി, കീർത്തി നഗർ ജംഗ്ഷൻ, എളമക്കര ധനുമാസത്തിലെ പൂയം നക്ഷത്രത്തിൽ അമ്മ പത്മാലയം കമലത്തിൻെറ സ്മരണയ്ക്ക് അന്നദാനം നടത്തുന്നതിനുള്ള എൻഡോവ്മെൻറ് തുക കെ.പി.കെ.മേനോനെ ഏൽപ്പിക്കുന്നു. പി.രാമചന്ദ്രൻ (വേണു), കെ. പ്രസന്നകുമാർ, കെ.ടി.മോഹനൻ, കെ. രാജഗോപാൽ എന്നിവർ സമീപം.*



# വദതു സംസ്കൃതം
## (സംസ്കൃതം പറയൂ)

ആർ. കിരൺ കുമാർ

**പാഠം 20**

| | | |
|---|---|---|
| കടയിലേക്ക് പോകുന്നുണ്ടോ? | ঃ | ആപണം ഗഛതി വാ? |
| അതെ, പോകുന്നുണ്ട് | ঃ | ആം ഗഛാമി. |
| എന്തെങ്കിലും വാങ്ങണോ? | ঃ | കിമപി ക്രേതവ്യം വാ? |
| കുറച്ച് | ঃ | കിഞ്ചിത് |
| ഒരു കിലോ | ঃ | ഏക കിലോ പരിമിതം |
| അരി വാങ്ങാമോ? | ঃ | തണ്ഡുലം ക്രീണാതി വാ? |
| തീർച്ചയായും | ঃ | നിശ്ചയേന |
| ഇന്ന് അവധി ആണോ? | ঃ | അദ്യ വിരാമദിനം വാ? |
| എനിക്കറിയില്ല | ঃ | അഹം ന ജാനാമി |
| അതെന്താ അങ്ങനെ? | ঃ | തത് കിം ഏവം? |
| എന്തു വേണം? | ঃ | കിം ആവശ്യകം? |
| പറയൂ | ঃ | വദതു |
| എടുത്തോളൂ | ঃ | സ്വീകരോതു |
| ഇരിക്കൂ | ঃ | ഉപവിശതു |
| മനസിലായോ? | ঃ | ജ്ഞാതം വാ? |
| കേൾക്കുന്നില്ല | ঃ | ന ശ്രൂയതേ |
| ഉറക്കെ പറയൂ | ঃ | ഉച്ചൈഃ വദതു |
| അങ്ങനെ ആണോ | ঃ | ഏവം വാ |
| അങ്ങനെ ആവട്ടെ | ঃ | തഥാസ്തു |
| എന്നാൽ പിന്നെ കാണാം | ঃ | തർഹി പുനർമിലാമഃ |
| നാളെയും വരൂ | ঃ | ശ്വഃ അപി ആഗഛതു |
| ശരി; നാള വരാം | ঃ | അസ്തു; ശ്വഃ ആഗഛാമി |

## സുഭാഷിതം

കൂട്ടുകാരെ...... ഇനി നമുക്ക് ഒരു സുഭാഷിതം പഠിച്ചാലോ...... എന്താണ് സുഭാഷിതം എന്നല്ലേ..... സംസ്കൃതത്തിലെ മൊഴിമുത്തുകളാണ് സുഭാഷിതങ്ങൾ. വളരെ അർത്ഥവത്തും നിത്യപ്രസക്തവും ആയ ഒരാശയത്തെ നാലുവരിയിലുള്ള വൃത്തനിബദ്ധമായ ഒരു ശ്ലോകത്തിലൂടെ നമുക്ക് മനസ്സിലാക്കിത്തരുന്നു സുഭാഷിതങ്ങൾ.

ഹസ്തസ്യ ഭൂഷണം ദാനം
സത്യം കണ്ഠസ്യ ഭൂഷണം |
ശ്രോത്രസ്യ ഭൂഷണം ശാസ്ത്രം
ഭൂഷണൈഃ കിം പ്രയോജനം ||

***അർത്ഥം ഃ***

കൈയ്യിന് അലങ്കാരം ദാനമാണ്. സത്യം പറയുക എന്നതാണ് കണ്ഠത്തിന് അലങ്കാരം. നല്ലകാര്യങ്ങൾ കേൾക്കുന്നതാണ് ചെവിക്ക് അലങ്കാരം. മറ്റുള്ള അലങ്കാരങ്ങൾകൊണ്ട് എന്താണ് പ്രയോജനം.

# മഹാദേവൻ ക്ഷിപ്രകോപി ആണോ

**എസ്. ബാലചന്ദ്രൻ നായർ**

ത്രി മൂർത്തികളിൽ മഹാദേവന് ഉള്ള പ്രധാന്യം എന്താണെന്ന് നാം ആലോചിട്ടുണ്ടോ. മഹാദേവൻ ക്ഷിപ്രകോപി എന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. പക്ഷെ സ്വയം മറന്ന് ഭക്തൻമാരുടെ എല്ലാ ഇഷ്ടവും സാധിച്ചു കൊടുക്കുന്ന ആളാണ് മഹാദേവൻ. വിധി കർത്താവ് ആകുമ്പോൾ മാത്രമാണ് അദ്ദേഹം ക്ഷിപ്രകോപിയാകുന്നത്. ബ്രഹ്മാവ് സൃഷ്ടി നടത്തുന്നുണ്ടോ എന്നല്ല ചിന്തിക്കേണ്ടത്. ജനിച്ചു കഴിഞ്ഞാൽ മരണം വരെ ഒരു വ്യക്തിയാൽ ഉണ്ടാകുന്ന ഓരോ ഭാവവ്യത്യാസങ്ങളും സ്വഭാവരൂപീകരണവും എല്ലാം നടത്തേണ്ട ചുമതല വിധികർത്താവായ മഹാദേവനാണ്. കാരണം എല്ല തരത്തിലുള്ള ദുർഗുണങ്ങളേയും ദിസ്സ്വഭാവങ്ങളേയും ദുർവിചാരങ്ങളേയും സംഹരിക്കുന്നത് മഹാദേവനാണ്. സകല ജീവജാലങ്ങളുടേയും ആയൂർദൈർഘ്യം തീരുമാനിക്കുന്നത് ഭഗവാൻ തന്നെയാണ്. ഇങ്ങനെയെങ്കിൽ ഒരു ജീവിയുടെ സ്ഥിതി(നിലനിൽപ്)യും മഹാദേവന്റെ തീരുമാനത്തിലായിരിക്കുമല്ലൊ? ഒറ്റ വാക്കിൽ മഹാദേവൻ ദേവാദിദേവനാണ്. ഒരു വാചകത്തിൽ എഴുതിയാൽ സൃഷ്ടി സ്ഥിതി സംഹാരം മുഴുവൻ നടത്തുന്നത് മഹാദേവനാണ്. ഏത് വസ്തുക്കളും ജൻമം എടുത്തുകഴിഞ്ഞാലും, വിധിക്കപ്പെട്ട കർമ്മങ്ങൾ എല്ലാം അനുഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ ആ വസ്തുവിന്റെ സാന്നിദ്ധ്യം അനാവശ്യമായി വരുന്നു. അങ്ങിനെയുള്ള വസ്തുക്കൾ ഇല്ലാതായിത്തീരണം (സംഹരിക്കപ്പെടണം). അത് തീരുമാനിക്കുന്നത് മഹാദേവനല്ലെ.



അതുപോലെ തന്നെ എല്ലാ ജീവജാലങ്ങൾക്കും സ്വല്പം ത്യാഗം സഹിച്ചാൽ പ്രാപ്യം ആകുന്ന ഭഗവാനാണ് മഹാദേവൻ നമ്മുടെ വിശ്വാസം അനുസരിച്ച് പതിന്നാലുലോകങ്ങളിൽ ഏറ്റവും ഉയരത്തിൽ ഉള്ളത് സത്യലോകം. മദ്ധ്യത്തിൽ വിഷ്ണു ലോകം (പാലാഴി) പതിമൂന്നാം ലോകമാണ് ഭൂമി. ഈ ഭൂമിയിൽ തന്നെയാണ് കൈലാസം. ആ കൈലാസത്തിന്റെ ശിരോഭാഗമാണ് ശിവന്റെ ആസ്ഥാനം. ഈ ഭൂമിയിൽ തന്നെയല്ലേ എല്ലാ ജീവജാലങ്ങളും ജീവിക്കുന്നത് ഈ വിശ്വാസം സത്യമാണെങ്കിൽ, മഹാദേവൻ തന്നെയല്ലെ,

ക്ഷിപ്ര പ്രാപ്യനാകുന്ന ഈശ്വരൻ.

ഭഗവാൻ ക്ഷിപ്രകോപിയാണോ? അല്ല. അദ്ദേഹം വിധികർത്താവ് (സംഹാര രുദ്രൻ) ആകുമ്പോൾ മാത്രമാണ് ക്ഷിപ്രകോപി ആകുന്നത്. ഒരു വ്യക്തി ശിഷ്ടനായാലും ദുഷ്ടനായാലും കറകളഞ്ഞ ഭക്തനാണെങ്കിൽ ഭഗവാൻ ഒരു വ്യത്യാസങ്ങളും ഇല്ലാതെ ഭക്തനെ അനുഗ്രഹിച്ചിട്ടുള്ള കഥകൾ നാം കേട്ടിട്ടുണ്ടല്ലോ ഇല്ലേ അഭയം തേടിയെത്തുന്ന ഭക്തന് പൂർണ്ണ അഭയം നല്കുന്ന ആളാണ് ഭഗവാൻ. ഭസ്മാസുരൻ, ദുഷ്ടനാണ് എന്നറിഞ്ഞിട്ടും, ഭസ്മാസുരൻ ആവശ്യപ്പെട്ട വരം കൊടുത്തില്ലേ? ഭഗവാനേ നശിപ്പിക്കാൻ തുനിഞ്ഞ ഭസ്മാസുരനെ സംഹരിക്കാതെ ഭഗവാൻ ഓടിമറയുകയായിരുന്നില്ലെ? ക്ഷിപ്രകോപിയായിരുന്നെങ്കിൽ എന്തും സംഭവിക്കുമായിരുന്നല്ലൊ?

മഹാദേവൻ കാമദേവനെ മൂന്നാം കണ്ണാൽ സംഹരിച്ചു എന്നല്ലേ പറയുന്നത് ഒരിക്കലുമില്ല. കാമദേവൻ ആരാണ്? രതീദേവി ആരാണ്? പുരുഷനിലെ കാമഭാവത്തെ കാമദേവൻ എന്നും സ്ത്രീയിലുള്ള രതീഭാവത്തെ (കാമഭാവത്തെ) രതിദേവിയെന്നും പറയുന്നു. കാമഭാവവും രതീഭാവവും ഒത്തു ചേരുമ്പോഴല്ലേ സൃഷ്ടി നടക്കുന്നത്.

തൃപുര സുന്ദരീഭാവത്തിൽ പാർവ്വതിയെ കാണുന്ന ശിവൻ സർവ്വസംഗപരിത്യാഗി ആയിട്ടുപോലും ഒരു നിമിഷം കാമഭാവത്തിന് വിധേയനാകുന്നു. അതീന്ദ്രിയജ്ഞാനിയായ ഭഗവാൻ ഉടൻതന്നെ തന്നിൽ ഉത്ഭൂതമായ കാമഭാവത്തെ നശിപ്പിച്ച് വീണ്ടും തപസ്സിൽ ലയിക്കുന്നു. അതോടൊപ്പം ആദിശക്തിയായി പാർവ്വതി കാര്യം മനസ്സിലാക്കി തന്നിൽ ഉണ്ടായ രതിഭാവത്തെ അടക്കി തപസ്സിൽ ലയിക്കന്നു. അതോടെ എല്ലാ ജീവജാലങ്ങളിലും ഈ ഭാവങ്ങൾ അപ്രത്യക്ഷമായി സൃഷ്ടിമുടങ്ങുന്നു. കാലം കഴിഞ്ഞപ്പോൾ ശിവശക്തി സംഗമം നടക്കുന്നു. കാമനും രതിയും ജീവജാലങ്ങളിൽ പുനർജ്ജനിക്കുന്നു. ശിവന്റെ മൂന്നാം ത്രീക്കണ്ണ് വൈശ്വാനര അനലൻ ആണെങ്കിലും ജ്ഞാന ദൃഷ്ടിയാണ്. ത്രീകാല ദർശനവും ത്രികാല ജ്ഞാനവും ത്രീക്കണ്ണിലൂടെയാണ് പ്രാപ്തമാകുന്നത്.

ഗംഗയുമായി ശിവനുള്ള ബന്ധത്തെ പാർവ്വതി എത്രമാത്രം വിമർശിച്ചിട്ടുണ്ട്. എത്ര പ്രാവശ്യം ഭഗവാനുമായി പിണങ്ങിയുട്ടുണ്ട്. ഒരു പ്രാവശ്യം പോലും ഭഗവാൻ ദേഷ്യപ്പെട്ടിട്ടില്ല.

ദക്ഷയാഗത്തിൽ സതിയുടെ ദേഹ വിയോഗം അറിയുന്ന ഭഗവാൻ, ശാരീരികമായും മാനസികമായും ഉണ്ടായ വേർപാടിൽ മനം നൊന്ത് നൃത്തം ചെയ്യുന്നു. അഴിഞ്ഞുപോകുന്ന ജടയും ഭൂമിയും തമ്മിലുണ്ടാകുന്ന ഘർഷണത്താൽ ഉത്ഭൂതമാകുന്ന വീരദദ്രനോടും, ഭദ്രകാളിയോടും താൻ ശാരീരികമായും മാനസികമായും അശക്തനാണെന്നും നിങ്ങൾ രണ്ടുപേരും ദക്ഷന് ഉചിതമായ ശിക്ഷ നൽകണമെന്നും പറയുന്നു. ദക്ഷനെ വധിച്ചു എന്നറിയുന്ന ഭഗവവാൻ സന്തോഷിക്കുകയല്ല ചെയ്തത്; വീരഭദ്രനോടും, ഭദ്രകാളിയോടും ദേഷ്യപ്പെട്ടില്ല. പകരം കരുണാമയനായി, ദക്ഷന് അജമുഖം നൽകി യാഗം പൂർത്തിയാക്കി. മാത്രമല്ല ദക്ഷന് മാപ്പ് കൊടുത്ത് തന്റെ പ്രധാന ഭക്തനുമാക്കി തീർത്തു.

എല്ലാവരുടേയും വിശ്വാസം ശിവന്റെ കണ്ഠാഭരണം വാസുകിയാണെന്നല്ലെ?ആണോ? അല്ല. പിന്നെ ആരാണ് ശങ്കാരാചാര്യരുടെ പഞ്ചാക്ഷര സ്തോത്രത്തിൽ നാഗേന്ദ്രഹാരായ എന്നവരിയിൽ നാഗേന്ദ്രനെ ആണ് ഹാരമാക്കിയിരിക്കുന്നത്. നാഗേന്ദ്രൻ എന്നാൽ അനന്ത നാഗം സ്വർഗ്ഗവാസികളായവർ നാഗങ്ങൾ ആണ്. പാതാളവാസികൾ സർപ്പങ്ങളും. വാസുകി സർപ്പമാണ് മഹാവിഷ്ണുവിന്റെ മെത്തയായ അനന്തനാഗത്തിന്, ഭഗവാൻ തന്റെ കഴുത്തിൽ അണിഞ്ഞുകൊണ്ട് എത്ര ഉന്നതമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. ഭക്തൻ ആരായിരുന്നാലും, അവർക്ക് (ഭക്തന്) സ്വയം ദാനമായി ഭവിക്കുന്ന മഹാദേവൻ എല്ലാവരിലും കൂടുതൽ ആദരണീയനല്ലേ!

അങ്ങിനെയെല്ലാം ഇരിക്കുന്ന സാക്ഷാൽ മൃത്യുഞ്ജയനായ ഭഗവാൻ മഹാദേവൻ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

■

# ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണയ്യർക്ക്

## എറണാകുളം കരയോഗത്തിന്റെ ആശംസകൾ




നിയമം നിയമത്തിനു വേണ്ടിയുള്ളതല്ല, നിയമം മനുഷ്യനു വേണ്ടിയുള്ളതാണെന്ന മഹത്തായ ആശയത്തെ ഉയർത്തിപ്പിടിച്ച്, നീതിന്യായ വ്യവസ്ഥയ്ക്ക് മാനവീകതയുടെ മുഖം നൽകിയ, സ്വാധീനത്തിനോ, പ്രീണനത്തിനോ വശംവദനാകാതെ സത്യസന്ധനായി, നിഷ്പക്ഷനായി നീതിക്ക് നിരക്കും വിധത്തിൽ നിയമത്തെ വ്യാഖ്യാനിച്ച യഥാർത്ഥ ന്യായാധിപൻ ജസ്റ്റിസ് ശ്രീ. വി. ആർ. കൃഷ്ണയ്യർ. പാലക്കാട്ടെ ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ച് ഭാരതത്തിന്റെ അത്യുന്നത നീതിപീഠത്തിലെ ന്യായാധിപൻ വരെ ആയി വിരാജിച്ച അതുല്യ പ്രതിഭ. ഈ വരുന്ന നവംബർ 15 ന് അദ്ദേഹത്തിന് നൂറ് വയസ് തികയുകയാണ്. ഈ നീണ്ട യാത്രക്കിടയിൽ അദ്ദേഹം അഭിഭാഷകനായി, രാഷ്ട്രീയക്കാരനായി മന്ത്രിയായി, ഹൈക്കോർട്ട് ജഡ്ജിയായി, സുപ്രീംകോർട്ട് ജഡ്ജിയായി. തന്റെ ഔദ്യോഗിക ജീവിതം അവസാനിച്ച് കഴിഞ്ഞപ്പോഴാണ് സ്വതന്ത്രനായി, അനീതിക്കെതിരെ, അക്രമത്തിനെതിരെ, അഴിമതിക്കെതിരെ, അധികാര ഗർവിനെതിരെ ഗർജ്ജിക്കുന്ന ഒരു സിംഹമായി അദ്ദേഹം മാറിയത്. ഔദ്യോഗിക ജീവിതത്തിലും, പൊതുജീവിതത്തിലും സത്യത്തിൽനിന്നും, ധർമ്മത്തിൽനിന്നും അണുവിട വ്യതിചലിക്കാതെ ജീവിക്കുന്ന ശ്രീ കൃഷ്ണയ്യരെപോലെയുള്ള മഹാൻമാർ ഇന്ന് വിരളമാണ്. ശ്രീമതി ഇന്ദിരാഗാന്ധിയെ കുറ്റക്കാരിയെന്ന് കണ്ട് ശിക്ഷ വിധിച്ച അദ്ദേഹത്തിന്റെ ആ ഒരൊറ്റ നടപടിമതി, എത്ര ആദർശാധിഷ്ഠിതമായിട്ടാണ്, പക്ഷപാത രഹിതമായിട്ടാണ്, ഭവിഷ്യത്തിനെക്കുറിച്ച് തെല്ലും ഭയക്കാതെ തന്നിലർപ്പിച്ച കർത്തവ്യം നിയമാനുസൃതമായി അദ്ദേഹം നിറവേറ്റിയത് എന്ന് ബോധ്യമാവാൻ അദ്ദേഹത്തെ സുപ്രീം കോടതി ജഡ്ജി ആയി നിയമിക്കുവാൻ യഥാർത്ഥകാരണക്കാരി ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു എന്നുള്ളതുകൂടി ഒപ്പം വിലയിരുത്തിയാൽ അദ്ദേഹത്തിന്റെ നീതിനിഷ്ഠയുടെ മുമ്പിൽ ആർക്കെങ്കിലും നമിക്കാതിരിക്കാൻ കഴിയുമോ?.

ആരുടേയും ആജ്ഞാനുവർത്തിയാകാതെ സ്വാഭിമാനിയായി നൂറ് വർഷവും ജീവിക്കാൻ കഴിഞ്ഞ ആരാധ്യനായ ജസ്റ്റിസ്. ശ്രീ. വി.ആർ കൃഷ്ണയ്യർ സർ, അങ്ങെയ്ക്ക് എറണാകുളം കരയോഗത്തിന്റെ അകമഴിഞ്ഞ, ആത്മാർത്ഥമായ ആയിരമായിരം ആശംസകൾ. അധികാര ഖഡ്ഗം അശരണർക്കുമേൽ പതിക്കാതെ കാവലാളായി നില്ക്കുന്ന അങ്ങ് ഇനിയും അനേകമനേകം വർഷം ജീവിക്കണം ആരുമില്ലാത്തവരുടെ ആഗ്രഹമാണത്-പ്രാർത്ഥനയാണത്. അനേകായിരങ്ങളുടെ, ഒരു ജനതയുടെ മുഴുവനുമായുള്ള ആ പ്രാർത്ഥന ജഗദീശ്വരന് കയ്യൊഴിയുവാൻ കഴിയില്ല. അശണർക്കാശ്രയമേകുന്ന അത്താണിയായി അനേക വർഷം അങ്ങ് ഞങ്ങളോടൊപ്പം ഉണ്ടാകുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ, അങ്ങയുടെ ശിഷ്ട ജീവിതം ശാന്തിയും, സമാധാനവും, സന്തോഷവും മാത്രം നിറഞ്ഞതാവട്ടെ. പ്രാർത്ഥനയോടെ വീണ്ടും ഞങ്ങളുടെ ആശംസകൾ.

■

# അശനം -2





**നന്ദകുമാർമേനോൻ**
*9895981809*

## സാങ്കേതിക പദ നിഘണ്ടു

കുഴക്കുക ഉരുട്ടുക എന്നൊക്കെ പറയുന്നതിന്റെ അർത്ഥം ഇന്ന് മിക്ക ചെറുപ്പക്കാർക്കും അറിയാത്തതുകൊണ്ടും, ഇത്തരം ഒരു വിവരണത്തിൽ, അസനിഗ്ധതക്കുവേണ്ടി, ഇതിലുപയോഗിക്കുന്ന പദങ്ങളുടെ ഒരു നിഘണ്ടു ചേർക്കുന്നു. ഈ ലേഖനത്തിൽ, ഇനിയുള്ള സ്ഥലങ്ങളിൽ, നിഘണ്ടുവിൽ നിർവ്വചിച്ചിട്ടുള്ള പദങ്ങൾ, വ്യക്തതക്ക്വേണ്ടി നക്ഷത്രചിഹ്നങ്ങളുടെ നടുക്കായിരിക്കും കൊടുക്കുന്നത്.

**പ്രസക്ത വിഭവം**

ചോറോ, ചോറോടു കൂടി മറ്റു വിഭവങ്ങളും ചേർത്തോ, മറ്റു വിഭവങ്ങൾ മാത്രമോ, എന്തിനെപ്പറ്റിയാണ് വിവരിക്കുന്നതെങ്കിൽ ആ മിശിതം.

**ചോറ്:**

ഒന്നും കൂട്ടതെയുള്ള ചൂടുള്ള ചോറ്.

**ചോറുരുള:**

ചോറ് വലിയ നാരങ്ങാ വലിപ്പത്തിൽ ഉരുട്ടിയത്. കുഴയ്ക്കാതെ എന്ന് താല്പര്യം .

**കുഴയ്ക്കുക:**

കൈപ്പത്തി 'ചോറിന്റെ' മുകളിൽ കമത്തി വച്ച് മുഷ്ടി ചുരുട്ടുമ്പോൾ കയ്യിലൊതുങ്ങുന്നത്ര, ഞെക്കി അഞ്ചു വിരലുകളുടെ ഇടയിലൂടെ ചതഞ്ഞരഞ്ഞ പരുവത്തിൽ വരുത്തുക.

**കൂട്ടിക്കുഴയ്ക്കുക:**

'ചോറ്', പ്രസക്തമായ മറ്റു വിഭവങ്ങളുടെ കൂടെ ചേർത്ത് കുഴയ്ക്കുക.

**കുഴച്ചുരുള:**

'കുഴച്ചിട്ട്' നാരങ്ങാ വലിപ്പത്തിൽ 'ഉരുട്ടിയത്'.

**ഉരുട്ടി ഒപ്പുക:**

'ചോറുരുളയോ', 'കുഴച്ചുരുളയോ' പ്രസക്തമായ മറ്റു വിഭവത്തിൽ പകുതി ഉരുള മാത്രം മുങ്ങാൻ പാകത്തിന് ഒപ്പുക. മറ്റേ പകുതി ഒപ്പപ്പെട്ട വിഭവം ചേരാതെ, തനതു സ്വാദ് /രസം നിലനിർത്തും.

**കൂട്ടി കലർത്തുക:**

ഉള്ളംകൈപ്പത്തി 'പ്രസക്ത വിഭവങ്ങളിൽ' മുട്ടാതെ, അഞ്ചു വിരലുകൾ മാത്രം ഉപയോഗിച്ച് കൂട്ടി കലർത്തുക. വിഭവങ്ങൾ കുഴയരുത്, എന്നർത്ഥം.

**വായ് നിറക്കുക:**

വായ ആകെ നിറയാൻ പാകത്തിന് 'പ്രസക്ത വിഭവം' ധാരളം വാരി വായിൽ നിറയ്ക്കുക. നാക്ക് മാത്രമല്ല, വായുടെ മേൽഭാഗം, നാക്കിന്റെ കീഴ്ഭാഗം, ചുണ്ട്, തൊണ്ട, എല്ലാം രസാസ്വാദനത്തിൽ പങ്കെടുക്കണമെന്നർത്ഥം. ഇത് ചെയ്ത ഉടനെ ചുണ്ട് കൂട്ടി പിടിച്ചു മാത്രമേ ചവക്കാൻ പറ്റൂ. അത്രക്കും വായ് നിറയ്ക്കണം. അവനവന്റെ വായുടെ വലിപ്പം അനുസരിച്ച് മാത്രം നിറയ്ക്കുക. അല്ലെങ്കിൽ ശ്വാസം മുട്ടും. ഉരുളയാണെങ്കിൽ ഇങ്ങിനെ വായ് നിറയില്ലെന്നു ശ്രദ്ധിക്കുക.

**തൊട്ടു നക്കുക:**

നടുവരലും മോതിരവിരലും ചേർത്തു പിടിച്ച് നല്ലവണ്ണം 'പ്രസക്ത വിഭവത്തിൽ'

നന്നായി മുക്കി, നാക്ക് പുറത്തേക്ക് നീട്ടി അതിൽ തേക്കുക.

**വടിച്ചു മറിക്കുകഃ**

കൈപ്പത്തി കുമ്പിൾ പോലെ പിടിക്കുക. എന്നിട്ട് കമഴ്ത്തുക. പ്രസക്ത വിഭവത്തിനു മുകളിൽ കമഴ്ത്തിപ്പിടിച്ച കൈകുമ്പിൾ വക്കുക. പ്രദിക്ഷണം കറക്കുന്നതോടൊപ്പം, മുഷ്ടി ചുരുട്ടി കിട്ടാവുന്നിടത്തോളം പ്രസക്ത വിഭവം കൈക്കലാക്കുക. പ്രസക്ത വിഭവം നിറഞ്ഞ കൈക്കുമ്പിൾ ദ്രുതഗതിയിൽ മലർത്തി കുമ്പിൾ പോലെ പിടിച്ച് വിഭവം താഴെ പോകുന്നതിന് മുമ്പ് വായ് തുറന്ന്, അകത്തേക്ക് വീണ്ടും കൈകുമ്പിളിൾ കമഴ്ത്തി വായിൽ വച്ച്, കീഴ് പല്ലിൽകൂടി വടിച്ച് കൈ പുറത്തേക്കുകൊണ്ടു വരുക. സാധാരണയായി, എലയിൽ വിളമ്പിയ പായസം, കഴിക്കാനാണ് ഇതുപയോഗിക്കുന്നത്. ആദ്യം വിഷമമായി തോന്നുമെങ്കിലും, പരിചയം കൊണ്ട് സുഗമമാവുന്നതാണ്. ശ്രദ്ധിക്കുക ആദ്യത്തെ കുറച്ചു പ്രാവശ്യം കീഴ്താടിയിലൂടെ ഒലിക്കുകയോ, മേൽ വസ്ത്രങ്ങളിൽ തൂവു കയോ ഒക്കെ ചെയ്യും. വിഷമിക്കരുത് "പലവട്ടം വീഴുമ്പോൾ നടക്കാൻ പഠിക്കും".

## *രസാസ്വാദനം*

രസങ്ങളാറ്. ഉപ്പ്, കൈപ്പ്, പുളിപ്പ്, ചവർപ്പ്, എരിവ്, മധുരം ഈ ആറെണ്ണമാണ് ഷഡ്രസങ്ങൾ. കേരളീയ വിഭവങ്ങൾ, ഇവയിലൊന്നൊ അധികമോ എല്ലാമോ ചേർന്നവയാണ്. എങ്കിലും ഏതെങ്കിലും ഒന്നിന് പ്രധാന്യമുണ്ടായിരിക്കുകയും ചെയ്യും. ഉദാഹര ണത്തിന് 'പുളിശ്ശേരി' എന്ന പദാർത്ഥം ആ പദത്തിൽ തന്നെയുണ്ട്. പുളി മുന്നിട്ട് നിൽക്കുന്ന തുകൊണ്ടാണ് ഈ പേര്.

"രസാഃസ്വാദമ്ലലവണതിക്തോഷ്ണകഷായകാഃ ..........തേ ച യഥാപൂർവം ബലാവഹാ".

എന്ന് ചരകൻ ഷഡ്രസങ്ങളേയും അവയുടെ താരതമ്യ ബലങ്ങളേയും വർണ്ണിക്കുന്നുണ്ട്. ശ്രീചക്രത്തിൽ ത്രിപുരസുന്ദരിയെ പൂജിക്കുന്ന ശ്രീവിദ്യോപാസകർ, ദേവിക്ക് നിവേദിക്കുന്നതു പോലും, ഷഡ്രസങ്ങളും ചേർന്ന് അഞ്ചുതരത്തി ലുള്ള നിവേദ്യം ചേർത്താണ്. "പഞ്ചധാ ഷഡ്രസോപേതം ഗൃഹാണ പരമേശ്വരി".

ഈ ഷഡ്രസങ്ങൾ, പഞ്ചേന്ദ്രിയങ്ങളിൽ ഏതുകൊണ്ടാണ് ആസ്വദിക്കുക എന്നു ചോദിച്ചാൽ പെട്ടെന്നുള്ള ഉത്തരം നാക്ക്, എന്നായിരിക്കും. എന്നാൽ രസങ്ങൾ ആസ്വദി ക്കേണ്ടത്, പഞ്ചേന്ദ്രിയങ്ങളും കൊണ്ടാണ്. കണ്ണ്, മൂക്ക്, നാക്ക്, ചെവി, ത്വക്ക് ഈ അഞ്ചും നല്ല കയ്പുള്ള കഷായം ചെലുത്തുമ്പോ, മൂക്ക് പൊത്തിപിടിച്ചാൽ കയ്പ് അറിയില്ല്യ എന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണല്ലോ. അപ്പോ, മൂക്ക് വാസനിക്കാൻ മാത്രള്ളതല്ല, രുചിക്കാനും കൂടീള്ളതാണ് തീർച്ച. ബാക്കിയെപറ്റിയും പറയാം.

പക്ഷേ ഈ 'കൊഴയ്ക്കാ', 'കൊഴച്ചുരുട്ടാ' മുതലായതൊക്കെ വിട്ട്, കത്തീം, മുള്ളും കടന്ന് ഇപ്പോ 'കേബിൾ റിമോർട്ടാണല്ലോ' ഉണ്ണാ നിരിക്കണേന് മുമ്പ് അന്വേഷിക്കണത്. അപ്പോ പിന്നെ കണ്ണും, ചെവിയും, മനസ്സും ഒക്കെ ഏഷ്യനെറ്റിലും, സൂര്യേലും ഒക്കെയായിരി ക്കണോണ്ട്, പഞ്ചേന്ദ്രിയങ്ങൾ ലഭ്യാവില്ല. അതോണ്ട്, ആ കേബിളങ്ക്ഡ് ഓഫ് ചെയ്യാ. ന്നട്ട്, ഭക്ഷണം കഴിക്കാനാണ് വന്നിരിക്കണത്, എന്ന് നല്ലോണ്ണം മനസ്സില് നിരീച്ച്, നെലത്ത് പായേട്ടട്ടോ, പലകേട്ടട്ടോ.... ഓ പറ്റിപ്പോയി... ഇപ്പൊ ഡൈനിംഗ് ടേബിളാണല്ലോ...... ശരി എന്നാൽ ഇരിക്കാ. വെക്കാനും വെളമ്പാനും വെറാരെങ്കിലും ണ്ട്.. ന്ന്ള്ള ഒരു തീർച്ചേലാണ് ഈ പറയണേട്ടോ. അദല്ല... നമ്മള് തന്നെ സ്വയം വെച്ച് വിളമ്പി കഴിക്കാണെങ്കിലുള്ള കാര്യങ്ങൾ പിന്നെ പറയാം അപ്പോൾ വീട്ടിൽ ലളിത മായൊരൂണ് കഴിക്കാനിരിക്ക്യാന്ന് വിചാരിക്യ. അത് തന്നെ പഞ്ചേന്ദ്രിയവേദ്യമാന്നെങ്കി, പിന്നെ വിഭവസമൃദ്ധമായ സദ്യയ്ക്ക് ആറാമതൊരു ന്ദ്രിയം കൂടി വേണമെന്നുള്ള അവസ്ഥയല്ലേ ആവുള്ളു.

ബ്ലോഗുകളിവിടെവായിക്കാൻ നിവൃത്തി ല്ല്യാത്ത കാരണം, ആദ്യം ഉദാഹരണായി ട്ടെട്ക്കണ ലളിതമായ ഊണിനെ പറ്റി. ഒരു മൊളോഷ്യാം, കട്മാങ്ങേം, പപ്പടം മാത്രം. കാക്കിലോ കുമ്പളങ്ങ ചെറുതാക്കി നുറുക്കി വക്കുക. അഞ്ച് പച്ചമുളക് (ചെറുതാണെങ്കിൽ എട്ട്) നീളത്തിൽ കീറി വക്ക്ആ. അര പിടി കരിവേപ്പില കഴുകി വൃത്തിയാക്കിതും. അര കോപ്പ ചെറുപരിപ്പ് നന്നായിട്ട് വേവിക്ക്യ. അതിലേക്ക് കുമ്പളങ്ങ നുറുക്കീതും പച്ച മുളകും

കൂടി ഇട് ആ. കാൽ ടീസ്പൂൺ ചൊവന്ന മൊളക് പൊടീം ഒരു നുള്ള് മഞ്ഞപ്പൊടീം ആവശ്യത്തിന് ഉപ്പും ഇട്ട് ഒന്ന് തെളപ്പിക്ക് ആ. തെളച്ച് കഴിയുമ്പോ (കുമ്പളങ്ങ വേണ്ട) സ്റ്റൗ ഓഫ് ചെയ്ത്, അപ്പത്തന്നെ ഒരു ടേബിൾ സ്പൂൺ പച്ച വെളിച്ചെണ്ണേം, ശരിയാക്കി വച്ച കരിവേപ്പലേം കൂടി ഇട്ട് ഒടനെ അടച്ച് വക്ക് ആ. മൊളോഷ്യായി. കട്മാങ്ങ നരസൂസിന്റെ യാണ് എനിക്ക് നന്നായി തോന്നീട്ട്ള്ളത്. പപ്പടം ഈ ചേർച്ചേല് പണ്ടാരന്റതിനെക്കാ നന്ന് കൊങ്ങിണികളുടെ വെളുത്ത പപ്പടാ.

അപ്പോ, ഡൈനിംഗ് ടേബിളില്, സ്റ്റീൽ പ്ലേറ്റില്, മൊളോഷ്യം, കടുമാങ്ങാ, പപ്പടം കാച്ചീത്, തൈര്. അത്രതന്നെ. പിന്നെ പഞ്ചേന്ദ്രിയങ്ങളും.

ആദ്യം പ്ലേറ്റ് വരും. എല്ലാങ്കൂടി ഒരു പ്ലെറ്റില് വെളമ്പിക്കല്ലേട്ടോ. ഒരു സൈഡ് പ്ലേറ്റ് ഉപയോഗിക്കൂ. ദേ.. ആ പ്ലേറ്റലിക്ക് കണ്ണ് തൊറന്ന് നോക്വാ. ടീ.വീലിക്കല്ല, ഇവിടെ ഈ പ്ലേറ്റിലിക്ക്. നല്ലണം കഴികി തെളങ്ങണില്ല്യേ പ്ലേറ്റിന്റെ തെളക്കം, എലേടെ ശോഭ ഇതൊക്കെ നോക്കി കണ്ട് ആസ്വദിക്കണം. ഇത്തിരി നെറം മങ്ങിയ പ്ലേറ്റാണെങ്കിലോത്തിരി കറുപ്പു വീണ എല യാണെങ്കിലോ. എലേടെ വക്കത്തിത്തിരി കീറു കയോ, മടങ്ങിഒടിഞ്ഞിരിക്കുകയോ ചെയ്തട്ട്ണ്ട ങ്കിലോ പ്ലേറ്റിന്റെ വക്കത്തിത്തിരി കറയുണ്ടെ ങ്കിലോ!! അതാ പറഞ്ഞേ, കണ്ണോണ്ടാ സ്വദിക്കണംന്ന്. അപ്പ ദേ വര് ണു ചോറ്. അതീന്ന് ആവി പറക്കണ കണ്ടോ? ല്യേ? അട്ത്തെത്തുമ്പോ, ആവീന്ന് വരണ വാസന 'മൂക്ക്' തൊറന്ന് ആസ്വദിക്കാ. ചോറിന് വാസനേണ്ട്... ന്ന് മനസ്സിലായില്ല്യേ? ചോറ് പ്ലേറ്റിലിക്ക് വെളമ്പുമ്പോ, അതിന്റെ ചുറ്റും ആവി പരന്നട്ട്, പ്ലേറ്റൊന്ന് മങ്ങും. നോക്യോ? എലയാണെങ്കി ഒന്ന് വാടും. വെളമ്പുകാരൻ പിന്നേം അടുക്കളേലിക്ക് മൊളോഷ്യം എട്ത്തോണ്ട് വരാമ്പോവുമ്പോ, ആ തൊലി കൊണ്ടാസ്വദിക്കണം...ന്ന് നടുക്ക് വെളുമ്പിയ ചോറ് ആ ചൂടാസ്വദിച്ചോണ്ട്ത്തിരി അരികത്തിക്ക് ഒതുക്കൂ, മൊളോഷ്യത്തിനാ.

വെളമ്പുകാരൻ, എവട പോയീ. ഓ, മൊളോഷ്യത്തില് ദേ.. ഇപ്പ ഒഴിച്ച വെളിച്ചണ്ണടേം, കരിവേപ്പലടേം കൂടി മണം വര്ണില്ല്യേ അത് മൂക്ക് വിടർത്തി ആസ്വദിക്കൂ. മൊളോഷ്യം വന്നു. ആവി പറക്കണൂ, മണം വരുന്നു. ചോറൊതു ക്കീണ്ടാക്കിയ ആ എടേണ്ടല്ലോ, അവടക്ക് മൊളോഷ്യം വെളമ്പിക്കാ. ചോറിന്റെ മോളിലി ക്കല്ല. ബാക്കി സാധനങ്ങള് വരണേന് മുമ്പ് ഉണ്ട് തൊടങ്ങാട്ടോ. ചോറൊന്ന് ഞെക്കുക. മൊളോഷ്യത്തിലെ ഭംഗീള്ള പച്ചമുളകും, കരിവേപ്പിലയും നോക്കൂ. ഉരുട്ടി ഒപ്പുക വായ നല്ലോണം തൊറന്ന് അത് ഉണ്ണുക. ചോറുരുളേടെ പകുതി ഭാഗം മൊളോഷ്യത്തില് നല്ലോണം മുങ്ങീം, ബാക്കി നനയാത്ത ചൂടുള്ള ചോറ് മാത്രവുമായ ഉരുള. നാക്കിനും, വായേടെ മേൽഭാഗത്തിനും, ഇത് പ്രത്യേകം വേദ്യമാവും.

ദാ ഇപ്പൊ പപ്പടോം കടുമാങ്ങേം എത്തീല്യേ കടുമാങ്ങ നല്ല ചൊമന്ന നെറല്ലേ? ചെലപ്പ ഇരുന്നിരിന്ന് കറുക്കും. അല്ലെങ്കിൽ പൂപ്പല് വന്ന് വെളുക്കും. കറ്ത്താലും, വെളുത്താലും കൊള്ളില്യ, കടുമാങ്ങ ചൊമന്ന് തന്നെ ഇരിക്കണം,കാണാനും തിന്നാനും. അതൊന്ന് തൊട്ടുനക്കുക. നാക്കത്ത് നല്ലണം ശോഭിക്കിണ്ല്യേ? എടക്ക് പപ്പടം പൊട്ടിക്കുമ്പോ ആ ശബ്ദം കേക്കണില്ല്യേ ചെവി തൊറന്ന് വക്യ. കടിക്കുമ്പഴും കറും മുറും ന്ന്ള്ള ശബ്ദം കേട്ടില്ല്യങ്കി, കാച്യ പപ്പടം എങ്ങനെ ഇരിക്കും ? അതിനിപ്പോ നല്ല അരിക്കൊണ്ടാട്ടായാലും, ഞവ ഞവാ ന്നിരുന്നാ ആഭാസല്ലേ ? തൈര്ണ്ടങ്കി അവസാനം മൊളോഷ്യോം തൈരും കൂടി കൂട്ടി ചോറിൽ കലക്കി പായസ പരുവമാക്കി വടിച്ചു മറിക്കുക ബഹു വിശേഷാ.

അപ്പോ, തൊലീം, കണ്ണും, കാതും, മൂക്കും, നാക്കും ഒക്കെ ചേർന്നാണ് അശനം ആസ്വദി ക്കേണ്ടത്. പഞ്ചേന്ദ്രിയങ്ങളോടുള്ള അശനാ സ്വാദനം കേമായില്ല്യേ! നി, ഒരേംബക്കോം വിട്ട്, ചാരുകസരേമകെടന്ന് നാലും കൂട്ടി മുറിക്കി ക്കോള്ളൂ. പക്ഷെ, ഒരു കാര്യം... ഏബക്കം വിടണേന്റെ പിന്നാലെ, അട്ടഹസിക്കണ ശബ്ദ ത്തിൽ Excuse me എന്നൊന്നും പറഞ്ഞേക്കല്ലെ. അതൊക്കെ ഇപ്പഴത്തെ കോർപ്പറേറ്റ് സംസ്കാര ത്തിന്റെ ഭാഗാ. അമേരിക്കക്കാര് അങ്ങന്യാത്രെ. ഒരു മീറ്റിംഗ് റൂമിലെ മീറ്റിംഗ് നടന്നോണ്ടിരിക്കു മ്പോൾ ഒരാൾക്ക് പെട്ടെന്ന് ഒരേംബക്കം വന്നാൽ ഒടനെ അവർ Excuse me എന്ന് പറയും. ഏബക്കം ആരും ആ മുറീല് കേട്ടട്ടില്യങ്കിലും, ഈ Excuse me എല്ലാവരും കേൾക്കും. ഒരീസം ഞാനൊരു കോർപ്പറേറ്റ് ചെയ്യണസമയത്ത് ഞെട്ടി. Yes.... ഞാൻ നിർത്തീട്ട് Excuse-നോട്

ചോദിച്ചു. അപ്പൊ എല്ലാവരും ഞെട്ടി അങ്ങോട്ട് നോക്കി. അപ്പഴും കോർപറേറ്റ് അസുഖം അവര് കാണിക്കും. Shrug the shoulder എന്നോ മറ്റോ ആണെത്രെ ആ അസുഖത്തിന്റെ പേര് എന്തായാലും, പിന്നാലെ അയാള് കയ്യീ കരുതിർന്ന കിൻലേ ഒരു കവിൾ കുടിച്ചു.!

നമുക്ക്, ഒരസുഖോം വരില്യ. കാരണോ.... നിങ്ങള് അവരേ ശ്രദ്ധിച്ചാണ് കഴിക്കണത്ന്ന്, ഭക്ഷണത്തിനറിയാൻ പറ്റും. സത്യാട്ടോ. അത് വിസ്തരിച്ച് പിന്നെ പറയാം.

## രസവൈവിധ്യം

പ്രാതൽ, ഊണ്, അത്താഴം എന്നിങ്ങിനെ മൂന്നു സമയത്താണ് പ്രധാനമായി മലയാളികൾ അശനം ചെയ്യുന്നത്. പണ്ടൊക്കെ പ്രാതൽ, കുത്തരി കഞ്ഞിയായിരുന്നു. ഇന്നത്, ഇഡ്ഡലിയും, പുട്ടും, ചപ്പാത്തിയും, ഉപ്പുമാവും, പൊങ്കലും, ബ്രഡ് റ്റോസ്റ്റും, കോൺഫേളക്സും, കാളക്കണ്ണും മറ്റുമായി കോണ്ടിനന്റൽ ആയിട്ടുണ്ട്.

വീട്ടിലുണ്ടാക്കുന്ന എല്ലാ വിഭവങ്ങളും, സദ്യക്ക് വിളമ്പുക പതിവില്ല. ഉദാഹരണമായി മൊളോഷ്യം രചനക്ക് വളരെ ലളിതവും, പലവട്ടം പാരായണം ചെയ്യാൻ പറ്റണതും ആയോരു കവിതയാണ് മൊളോഷ്യം എങ്കിലും സദ്യക്ക് വിളമ്പുക പതിവില്ല. പിന്നെ മസാലക്കറി എന്നറിയപ്പെടുന്ന, ഉരുളങ്കിഴങ്ങ് വറത്തരച്ചത്. രചന അല്പം സങ്കീർണ്ണമാണെങ്കിൽ പോലും സാധാരണ സദ്യക്ക് വിളമ്പുക പതിവില്ല. എന്നാൽ അടുത്തകാലത്തായി ഇവൻ സദ്യ എലയിൽ എരിശ്ശേരീടെ എടത്ത് വശത്ത് സ്ഥാനം പിടിച്ച് തൊടങ്ങീട്ട്ണ്ട് . ഇതിന് എനിക്ക് തോന്നുന്ന കാരണം, ഇന്നത്തെ കാലത്ത് ആളുകൾ ധാരാളം മാംസാഹാരികളായതു കൊണ്ട്, അവരെ രസിപ്പിക്കാനാണെന്നാണ്.

നമുക്കാദ്യം ഊണിൽ ശ്രദ്ധിക്കാം. കാരണം മറ്റു രണ്ടും വലിയൊരു പരിധി വരെ സംസ്കാരം നിലനിർത്തുന്നുണ്ടെങ്കിലും,ഊണ് നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഊണിൽ ചോറാണ് പ്രധാനം. അതു തന്നെ പച്ചരി. പുഴുക്കലരി, ഒണക്കലരി, കുത്തരി എന്നിങ്ങനെ വിവിധ ജാതിയിൽ പെടും. ഓരോന്നിനും ഓരോ സ്വാദാണെന്നു മാത്രമല്ല അവയുടെ ദഹന പ്രക്രിയയും, എന്തു കൂട്ടിയുണ്ണാമെന്നുള്ളതും വ്യത്യസ്തം തന്നെ. ഉദാഹരണത്തിന് പച്ചരി കൊണ്ട് കഞ്ഞി വച്ചാൽ കൊള്ളില്ല. കുത്തരികൊണ്ട് ഊണുണ്ടാക്കാമെങ്കിലും കഞ്ഞിയാണ് സുഖം. പുഴുങ്ങലരി കൊണ്ട് രണ്ടും ആവാം. മൊളോഷ്യം കൂട്ടി ഉണ്ണാൻ പച്ചരിയാണ് നല്ലതെങ്കിൽ, കാളൻ കൂട്ടി ഉണ്ണാൻ പുഴുങ്ങലരിയാണ് കേമം. ഒണങ്ങലരി, വെച്ചു വാർക്കാതെ, വറ്റിച്ച്, മെഴുക്കുപുരട്ടിയും ഇഞ്ചിത്തൈരും കൂട്ടി ശ്രാദ്ധത്തിനല്ലെങ്കിലും ഇടക്കുണ്ണാൻ രസാ.എന്ത് ചോറാണെങ്കിലും, കൂട്ടിയുണ്ണുന്നത്, പ്രധാനമായും ഒരൊഴിച്ചു കൂട്ടാനും ഒരു ഖരവിഭവവും ചേർന്നായിരിക്കും. ഖരവിഭവം ജലമയമില്ലാത്ത മെഴുക്കുപുരട്ടി, തോരൻ, മുതലായവയാണ്. ഇത്രയുമായാൽ പിന്നെ എല്ലാം ആഡംബരമാണ്. തമിഴന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു കുഴമ്പും കൂടി ആവാം. പിന്നെയും ഒരെണ്ണം കൂടിയാവാം. പക്ഷെ വീട്ടു വിധിയിൽ, പപ്പടവും ഉപ്പിലിട്ടതും സ്ഥിരവും. കൂട്ടാനും ഖരവിഭവവും ചരവും (ജോത്സ്യന്റെ ഭാഷ) ആണ് പതിവ്. ഇന്നിപ്പോ ജീവിതത്തന്റെ വേഗത കൂടിയതനുസരിച്ച്, ചിലപ്പോൾ ഒരു തൈരും ഉപ്പിലിട്ടതും മാത്രമാക്കുന്ന പതിവുമുണ്ട്.

ഇതിൽ വളരെ ശ്രദ്ധേയമായ കാര്യം പുളിയുടെ പ്രധാന്യമാണ്. ഒരു സാധനമെങ്കിലും പുളിയുള്ളതില്ലെങ്കിൽ, നാക്കത്ത് സ്വാദില്ല. ഉദാഹരണം എരിശ്ശേരിയും മെഴുക്കുപരട്ടിയും രണ്ടിലും പുളിയില്ല. അതുകൊണ്ട് ഒരു ഉപ്പിലിട്ടതെങ്കിലും ഇല്ലെങ്കിൽ, ഓക്കാനം വരും. എന്നാൽ ഒന്നെങ്കിലും പുളിയില്ലാത്തതില്ലെങ്കിലുതഥൈവ. ഉദാഹരണം കാളനും, സാമ്പാറും. രണ്ടും പുളിയുള്ളതാണ്. അതുകൊണ്ട് ഒരു പപ്പടമെങ്കിലും ഒരു വഹയാ.

നാക്കിന്റെ ഈ പ്രത്യേകത കൊണ്ട് കേരളത്തിൽ നായൻമാർ അവരായിരുന്നല്ലോ ഉണ്ണാമൻമാർ. നയമൻമാർ കേരള രാജാക്കന്മാരുടെ പടയാളികളായിരുന്നെങ്കിലും, ഊണ്കാര് നായൻമാരെപ്പറ്റി പറയും പടക്ക് പിന്നിലും പന്തിക്ക് മുന്നിലും എന്ന് ഏറ്റവും കുറഞ്ഞത് ഒരു പുളിയുള്ള വിഭവും ഒരു പുളിയില്ലാത്ത വിഭവും ചേർത്താണ് ഉണ്ണാറ്. ഇത്രയും മനസ്സിലാക്കിയാൽ തന്നെ അശനം ആനന്ദകരമാക്കാം.

അതുകൊണ്ട് പുളിയാണ് അശനസുഷുംനയുടെ മൂലാധാരം. ഭക്ഷണ ക്ഷേത്രത്തിന്റെ ആരാധനശില. ഭോജന ധ്വജത്തിന്റെ കൂർമ്മം. ആഹാര കിണറിന്റെ നെല്ലിപ്പലക.

എരിശ്ശേരീം കാളനും, രണ്ടുംജലാംശം കൂടുതലുള്ള വിഭവങ്ങളാണ്. പക്ഷെ രണ്ടും കൂട്ടി ഉണ്ണണേന് ചില വ്യത്യാസങ്ങളുണ്ട്. മത്തങ്ങേം പയറും കൂട്ടിയുള്ള എരിശ്ശേരി ആണെങ്കി, അത് ചോറിന്റെ കൂടെ അങ്ങട് കൂട്ടിക്കുഴക്കുക ന്നട്ട് ഒന്നോ രണ്ടോ കാച്ചിയ പപ്പടം പൊടിച്ച് ചേർത്തിട്ട് വീണ്ടും കുഴക്കുക. അതീന്ന്, കഴച്ചുരുള വായിൽ വച്ച് ചവക്കണേന്റെ ഒപ്പം അല്പം നാരങ്ങക്കറി തൊട്ടുനക്കുക നല്ലണം ചവച്ചട്ട് അതങ് എറക്ക് ആ. ഇതാണ് എരിശേരി വിധി.


ഇനി "കാള വിധി" പറയാം. കാളൻ തന്നെ മൂന്നോ നാലോ തരണ്ട് കേരളക്കരേല്. തൽക്കാലം ജലാംശം വളരെ കൊറവ് ള്ള കുറുക്ക് കാളനാണ് ന്ന് വക്ക് ആ. ചോറുരുള കാളനിൽ ഉരുട്ടി ഒപ്പുക. ആ ഉരുള വായിലിക്ക് വച്ചട്ട് ചവക്കണേന്റെ ഒപ്പം ഇത്തിരി മെഴുക്കുപുരട്ടിയോ തോരനോ കൂടെ ചവക്കുക. ശ്രദ്ധിച്ചോ, എരിശ്ശേരീട കൂടെ തോരനും മെഴുക്കുപുരട്ടിയും ചേരില്ല്യ. കാളന്റെ കൂടെ നാരങ്ങക്കറിയും ചേരില്ല്യ അത്ര തന്നെ. ■

**വ്യക്തിവിശേഷം**

## ഡോ. ശൂരനാട്ടു കുഞ്ഞൻപിള്ള (1901–1995)

അരശതാബ്ദത്തിലേറെക്കാലം സാഹിത്യരംഗത്തും ആത്മീയവും ഭൗതികവുമായ വിഷയങ്ങളിലും ആധികാരികമായ സംഭാവനകൾ നൽകിക്കൊണ്ടിരുന്ന ബഹുഭാഷപണ്ഡിതനും ഋഷിതുല്യനുമായിരുന്നു ഡോഃ ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള. നിരവധി സംവത്സരങ്ങൾ മഹാനിഘണ്ടുവിന്റെ നിർമ്മിതിക്ക് അർപ്പണം ചെയ്ത ഈ മഹാമനീഷി ചരിത്രാദി ഗവേഷണരംഗങ്ങളിലും നിസ്തുലസേവന മനുഷ്ടിച്ചു. നാലുഭാഷകളിൽ ഗാഢവിജ്ഞാന മാർജ്ജിച്ച ശൂരനാടിന്റെ സമീപനമെപ്പോഴും ഒരു ശാസ്ത്രഞ്ജന്റെ ഗവേഷണബുദ്ധിയോടുകൂടിയായിരുന്നു. ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ അനർഘസേവനത്തിന് മീററ്റ് സർവ്വകലാശാല ഡി ലിറ്റ് ബിരുദവും കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പും കേന്ദ്രസർക്കാർ പത്മശ്രീ ബഹുമതിയും നൽകി ആദരിച്ചു.വിവിധസാഹിത്യശാഖകളിൽപ്പെട്ട നൂറോളം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഉണ്ണിനീലിസന്ദേശം നിഷ്കൃഷ്ടമായ പഠനത്തിന്റേയും അന്വേഷണത്തിന്റേയും പരിണിതഫലമാണ്. മൂലഗ്രന്ഥം കണ്ടെടുത്തു വ്യാഖ്യാനിച്ചതദ്ദേഹമാണ്. മദ്ധ്യകാലമലയാളത്തിലെ വ്യാകരണവും, അലങ്കാര ശാസ്ത്രവുമാണ് ലീലാതിലകം. 226 മദ്ധ്യകാല മലയാളശ്ലോകങ്ങൾ ലളിതമായി അവതരിപ്പിച്ച് ഭാഷയെ സമ്പുഷ്ടമാക്കാൻ ആ അനുഗ്രഹീതനു കഴിഞ്ഞു. ഗവേഷണ പ്രാധാന്യമുള്ള ലീലാതിലകം കൈരളിക്കു ലഭിച്ച മികച്ച സംഭാവനയത്രേ. ഏ. ആർ. രാജരാജവർമ്മ മഹാകവി ഉള്ളൂർ, ആറ്റൂർ എന്നിവരുടെ പരമ്പരയിലെ അവസാനത്തെ കണ്ണിയായിരുന്നു ശൂരനാടൻ. പായിക്കാട്ടു നീലകണ്ഡപ്പിള്ളയുടേയും കാർത്ത്യായനിയമ്മയുടെയും മകനായി 1911 ജൂൺ 24 നു ജനിച്ചു. ഇംഗ്ലീഷ്., സംസ്കൃതം, മലയാളം എന്നീ ഭാഷകളിൽ എം.എ.ബിരുദം നേടി. ഉയർന്ന ഔദ്യോഗിക പദവി അലങ്കരിച്ചിരുന്ന ശൂരനാടൻ ജവഹർലാൽ നെഹ്റു, ഡോഃ രാധാകൃഷ്ണൻ, രാജാജി എന്നിവരോടൊപ്പം ഒരു പതിറ്റാണ്ടിലേറെക്കാലം കേന്ദ്രസാഹിത്യ അക്കാദമി അംഗമായിരുന്നിട്ടുണ്ട്. ഇന്ത്യൻ ഹിസ്റ്റോറിക്കൽ റിക്കോഡ്സ് കമ്മീഷനിൽ കേരളത്തെ ഏറെക്കാലം പ്രതിനിധീകരിച്ചു. മറ്റു സ്റ്റേറ്റുകളിൽ ദിവാൻജിമാരാണ് ആ സ്ഥാനം അലങ്കരിച്ചിരുന്നത്. ടെക്സ്റ്റുബുക്ക് ഡിപ്പാർട്ടുമെന്റിനു രൂപംകൊടുത്തത് ശൂരനാടാണ്. ഗ്രന്ഥശാലാസംഘം സ്ഥാപിച്ചകാലം മുതൽ ആദ്യന്തം സജീവമായ പ്രവർത്തനത്തിൽ മുഴുകി. ലിപിപരിഷ്കരണ കമ്മറ്റിയുടെ ചെയർമാൻ എന്ന നിലയിലും സേവന മനുഷ്ഠിച്ചു. ഭഗവതിയമ്മയാണ് സഹധർമ്മിണി. ഏക മകൻ രാജശേഖരൻ നായർ ന്യൂറോളജി വിഭാഗം ഡോക്ടറാണ്. പ്രഗത്ഭഡോക്ടർ എന്നതിലുപരി വിലപ്പെട്ട ഗ്രന്ഥങ്ങളുടെ രചയിതാവെന്ന നിലയിലും ശ്രദ്ധേയനാണദ്ദേഹം. ശ്യാമളാദേവി, ശാന്താദേവി, അന്നപൂർണ്ണദേവി എന്നീ മൂന്നു പെൺകുട്ടികളടങ്ങിയ ഒരു സന്തുഷ്ടകുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. 1995 ൽ അന്തരിച്ചു. ■

(വാസ്തു)



# വാസ്തു എന്നാൽ കണക്കുകൾ ശരിയാക്കലല്ല



പ്രഭാകരമേനോൻ

പലരും വിചാരിക്കുന്നത് വാസ്തു എന്നാൽ മുറികളുടെ കണക്കുകൾ ശരിയാക്കുക എന്നാണ്. വാസ്തു ശാസ്ത്രത്തിൽ കണക്കുകൾക്ക് അത്ര പ്രാധാന്യം ഇല്ല. എന്നാൽ തച്ചുശാസ്ത്രത്തിൽ തച്ചൻമാരുടെ കണക്കുകൾക്കാണ് പ്രാധാന്യം.

കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ പല വീടുകളിലും മുറികളുടെ സ്ഥാനങ്ങൾ തെറ്റായി കാണുവാൻ ഇടയായി. മാസ്റ്റർ ബെഡ്റൂം വടക്കു കിഴക്കും, അടുക്കള പടിഞ്ഞാറുമദ്ധ്യത്തിലും കാണുവാനിടയായി. കിണർ തെക്കു പടിഞ്ഞാറെ ഭാഗത്തായിരുന്നു. വാസ്തു നോക്കി പണിത വീടാണ് അതെന്ന് അവർ പറഞ്ഞു. തച്ചു ശാസ്ത്രത്തിൽ കിണർ വടക്കു കിഴക്ക്, അല്ലെങ്കിൽ തെക്കു പടിഞ്ഞാറ് ആവാം എന്നു പറയുന്നു.

വാസ്തു നോക്കി വീടു പണിയുവാൻ ആഗ്രഹിക്കുന്നവർ ആദ്യമായി തീരുമാനി ക്കേണ്ടത് അടുക്കളയുടെ സ്ഥാനമാണ്. വീടിന്റെ ദർശനം എവിടേക്കായാലും അടുക്കള കിഴക്ക് തെക്ക്, അല്ലെങ്കിൽ കിഴക്കു വടക്കു മാത്രമെ പാടുള്ളു. തിരെ നിവർത്തിയില്ലെങ്കിൽ മാത്രം വടക്ക് പടിഞ്ഞാറ് ആകാം. വടക്കു പടിഞ്ഞാറു കൊടുക്കുന്ന പക്ഷം അടുക്കളയുടെ വടക്കെ ഭിത്തി വിട്ട് വീടിന്റെ കിഴക്കുഭാഗം വടക്കോട്ടു തള്ളരുത്.

അടുക്കള വടക്ക് കിഴക്കാണെങ്കിലും, തെക്കു കിഴക്കാണെങ്കിലും അടുക്കളയിൽ നിന്ന് കിഴക്കോട്ടു ജനൽ വേണം. കിഴക്കോട്ടു തിരിഞ്ഞുനിന്ന് ഉദയം കാണത്തക്ക വിധത്തിൽ അടുപ്പ് കത്തിക്കണം.

അടുക്കള വടക്ക് പടിഞ്ഞാറാണെങ്കിൽ അടുക്കളയിൽ നിന്ന് വടക്കോട്ട് വാതിലും, ജനലും വേണം.

കിടപ്പു മുറികൾ പടിഞ്ഞാറ് തെക്ക്, പടിഞ്ഞാറു വടക്ക് ആണ് ഉത്തമം. പടിഞ്ഞാറ് തെക്ക് കിടപ്പു മുറിക്ക് പടിഞ്ഞാറും, തെക്കും ജനൽ വേണം. അതിന്റെ വാതിൽ മുറിയുടെ വടക്ക് കിഴക്കേ മൂലയിലായിരിക്കണം.

പടിഞ്ഞാറ് വടക്കേ കിടപ്പുമുറിക്ക് പടിഞ്ഞാറോട്ടും, വടക്കോട്ടും ജനൽ വേണം. വാതിൽ സൗകര്യംപോലെ വയ്ക്കാവുന്നതാണ്. തെക്ക് കിഴക്കേമൂലയിലും കിടപ്പു മുറി ആകാവുന്നതാണ്. അങ്ങനെയുള്ള മുറിക്ക് തെക്കോട്ടും, കിഴക്കോട്ടും ജനൽ വേണം.

കിണർ ഒരിക്കലും തെക്കു പടിഞ്ഞാറെ മൂലയിൽ പാടില്ല. പല പഴയ വീടുകൾക്കും തെക്കു പടിഞ്ഞാറെ മൂലയിൽ കിണറും, അടുക്കളയും കാണുന്നുണ്ട്. ആ വിടുകളിലെല്ലാം തന്നെ 10 മുതൽ 12 കൊല്ലം കഴിയുമ്പോൾ മനഃസമാധാനം കുറയുന്നതായി കാണുന്നുണ്ട്.

വീടുപണിയുവാൻ ഉദ്ദേശിക്കുമ്പോൾ വീടിന്റെ പ്ലാൻ ആരുണ്ടാക്കിയാലും താമസി ക്കുന്നത് നമ്മളാണ് എന്നുള്ളദ്ദേശത്തോടുകൂടി പ്ലാൻ നന്നായി പരിശോധിക്കേണ്ടതാണ്. കണ്ണിന്റെ സ്ഥാനത്ത് കണ്ണും, മൂക്കിന്റെ സ്ഥാനത്ത് മൂക്കും ഒരിക്കലും മാറ്റാൻ പാടില്ല.

സംശയവുമായി വരുന്നവർ വീടിന്റെ പ്ലാനും, പറമ്പിന്റെ സ്കെച്ചും മാർക്കു ചെയ്ത് കൊണ്ടുവരേണ്ടതാണ്. ■

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ **9447032434** എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ചടങ്ങുകൾ



# വിവാഹ നിശ്ചയം

**ആവശ്യമായ സാധന സാമഗ്രികൾ**

1. നിലവിളക്ക് 3
2. പറ 1
3. കോരുകുട്ടയിൽ നെല്ല്
4. ചൊട്ട(തെങ്ങിൻപൂക്കുല)
5. അഷ്ടമംഗല്യം : ഉരുളിയിൽ- ധാന്യം, പുഷ്പം, ഗ്രന്ഥം, വാൽക്കണ്ണാടി, വിളക്ക്, വസ്ത്രം, കുങ്കുമം, കൺമഷി എന്നിവ.
6. ചങ്ങലവട്ട - 1
7. മഞ്ഞൾ ചാലിച്ചത്- കുറച്ച്
8. ഗണപതിക്ക് : ജലം നിറച്ച കിണ്ടി 1, മലർ, അവിൽ, ശർക്കര, പഴം, നാളികേരം ഇവ തൂശനിലയിൽ വയ്ക്കണം,
9. തട്ടത്തിൽ - വെറ്റില, അടയ്ക്ക, നാണയത്തുട്ട്, വിവാഹപത്രിക (വിവാഹ പത്രികയിൽ നാല് സ്ഥലത്തും മഞ്ഞൾ തൊടീക്കണം)
10. വിവാഹപത്രിക - 2 പതിപ്പ്

**ചടങ്ങുകൾ ആരംഭം:**

മണ്ഡപത്തിൽ വിളക്ക് കത്തിച്ച് പെൺകുട്ടിയുടെ അമ്മയും അച്ഛനും കൂടി പറ നിറയ്ക്കണം. തുടർന്ന് മുഹൂർത്ത സമയത്ത് പ്രതിശ്രുത വരനെ വരന്റെ അച്ഛനും അമ്മയും കൂടി സ്വീകരിച്ച് വിളക്ക് സാക്ഷിയാക്കി മണ്ഡപത്തെ ഒരു പ്രദക്ഷിണം വച്ച് വലതു കാൽ വച്ച് മണ്ഡപത്തിൽ പ്രവേശിച്ച് അതിഥികളെ കൈ കൂപ്പി വന്ദിച്ച് സദസ്സിന് അഭിമുഖമായി മണ്ഡപത്തിന്റെ വലതു വശത്ത് ഉപവിഷ്ട നാകണം.

തുടർന്ന് വധുവിൻെറ അചഛനും അമ്മയും കൂടി പ്രതിശ്രുത വധുവിനെ സ്വീകരിച്ച് വിളക്ക് സാക്ഷിയാക്കി മണ്ഡപത്തെ ഒരു പ്രദക്ഷിണം വച്ച് വലതു കാൽ വച്ച് മണ്ഡപത്തിൽ പ്രവേശിച്ച് അതിഥികളെ വന്ദിച്ച് സദസ്സിനഭിമുഖമായി മണ്ഡപത്തിന്റെ ഇടതു വശത്ത് ഉപവിഷ്ടയാകണം.

വരനും, വധുവും വേദിയിൽ ഉപവിഷ്ട രായശേഷം, വരന്റെയും, വധുവിന്റെയും രക്ഷിതാക്കൾ ഗണപതിക്ക് വിളക്കത്ത് യഥാ യുക്തം ദക്ഷിണവയ്ക്കണം.

സമുദായ പ്രമുഖൻ അല്ലെങ്കിൽ അയാൾ നിയോഗിച്ച വ്യക്തി വിവാഹ പത്രിക വായിച്ച് ബന്ധുക്കളെയും അതിഥികളെയും സാക്ഷി നിർത്തി കുമാരി കുമാരൻമാരുടെ വിവാഹം നിശ്ചയിച്ചിരിക്കുന്ന വിവരവും തീയതിയും സമയവും സ്ഥലവും പ്രഖ്യാപിക്കണം.

തുടർന്ന്, പ്രതിശ്രുതവരന്റേയും പ്രതിശ്രുതവധുവിന്റേയും രക്ഷിതാക്കൾ (അച്ഛൻമാർ) മുമ്പ് വായിച്ച വിവാഹ പത്രികയിൽ ഒപ്പിട്ട് സമുദായപ്രമുഖന്റെ അല്ലെങ്കിൽ അദ്ദേഹം നിയോഗിച്ച വ്യക്തിയുടെ കൈയ്യൊപ്പോടെ വിവാഹ പത്രിക തട്ടത്തിൽ വച്ച് രക്ഷിതാക്കൾ കിഴക്കു പടിഞ്ഞാറ് അഭിമുഖമായി നിന്ന് (പ്രതിശ്രുത വധുവിന്റെ അച്ഛൻ കിഴക്കോട്ട് ദർശനമായി നിൽക്കണം) പരസ്പരം പത്രിക തട്ടം കൈമാറുന്നു. ഇരുവരും ഹസ്തദാനം ചെയ്ത് ചടങ്ങ് അവസാനിപ്പി ക്കുന്നു.

**മോതിരം മാറൽ ചടങ്ങ് നടത്തുകയാണെങ്കിൽ**

പ്രതിശ്രുതവരന്റേയും പ്രതിശ്രുത വധുവിന്റേയും മോതിരങ്ങൾ രക്ഷിതാക്കൾ (അച്ഛൻമാർ) പരസ്പരം കൈമാറി അവരവരുടെ മക്കളെ ഏല്പ്പിക്കണം. തുടർന്ന് പ്രതിശ്രുതവരൻ പ്രതിശ്രുത വധുവിന്റെ വലതു കരത്തിലെ മോതിരവിരലിൽ വിവാഹമോതിരം അണിയി ക്കണം. തുടർന്ന് പ്രതിശ്രുതവധു പ്രതിശ്രുത വരന്റെ വലത്തെ കരത്തിലെ മോതിരവിരലിൽ വിവാഹമോതിരം അണിയിക്കുന്നതോടുകൂടി മോതിരം മാറുന്ന ചടങ്ങ് അവസാനിക്കുന്നു.



# കരളും കരൾ രോഗങ്ങളും



ഡോ. കല്ല്യാണി മേനോൻ

**കരളിന്റെ പ്രവർത്തനങ്ങൾ**

നാം കഴിക്കുന്ന ഭക്ഷണം ശരീരത്തിന് ഉപയോഗിക്കാവുന്ന രീതിയിൽ ആക്കി, സംഭരിച്ച് ആവശ്യമനുസരിച്ച് Release ചെയ്യുന്നത് കരൾ ആണ്. ഉപാപചയ കർമ്മങ്ങൾ മൂലം ഉണ്ടാവുന്ന Waste മരുന്നുകളും വിഷാംശങ്ങളും നിർവീര്യമാക്കി പുറം തള്ളുന്നത് കരളിന്റെ ഒരു പ്രധാന ജോലിയാണ്.

രക്തം Clot ചെയ്യാൻ ആവശ്യമായ Prothrombin ,ശരീരത്തിലെ വളരെ പ്രധാനമായ Protein ആയ Albumin എന്നിവ ഉണ്ടാക്കുന്നതും കരൾ ആണ്.

**സാധാരണ കാണുന്ന കരൾ രോഗങ്ങൾ :**

1. Fatty Liver - Alcoholic and Non Alcoholic
2. Hepatitis - A.B.C.D.E
3. Liver Failure
4. Cirrhosis
5. Cancers
6. വിഷങ്ങളോ, മരുന്നുകളോ കാരണം ഉണ്ടാവുന്ന കേടുകൾ -മദ്യം, കൂൺ (Mushroom poisoning) - Paracetamol Over Dose, Insecticide & Pesticide Poisioning.

ക്ഷയം, അപസ്മാരം, കാൻസർ, AIDS, കൊളസ്ട്രോൾ കുറക്കാൻ കൊടുക്കുന്ന മരുന്നുകൾ, Antibiotics എന്നിവ ചിലവരിൽ കരളിന് പ്രശ്നങ്ങൾ ഉണ്ടാക്കാം.

**പരിശോധനകൾ:**

കരൾ രോഗങ്ങളുടെ ചികിത്സക്ക് രോഗവിവരവും പരിശോധനയും Lab Test ഉം ആവശ്യമാണ്. മിക്ക കരൾ രോഗങ്ങളും, തുടക്കത്തിൽ കാര്യമായ രോഗലക്ഷണങ്ങളോ, Lab Tests-ൽ അസാധാരണത്വമോ കാണിക്കാറില്ല. കരളിന്റെ ഭൂരിഭാഗം കേടുവന്നാൽ മാത്രമേ ചില പരിശോധകളിൽ വ്യത്യാസം കാണിക്കുകയുള്ളു. അതുകാരണമാണ് Regular Follow up വേണമെന്നു പറയുന്നത് (Hepatitis B.C, Fatty Liver, Alcohol use, Cirrhosis, On Long TERM Medicines for certain Diseases)

**രക്തത്തിലെ പരിശോധനകൾ :**

1. Liver Enzymes - കരളിലെ കോശങ്ങളുടെ സ്ഥിതിയും പിത്തരസം കെട്ടികിടക്കുന്നതിന്റെയും സൂചനകൾ നൽകുന്നു. (SGOT, SGPT, ALP, GGT)

2. **Hepatitis Markers** Viral Hepatitis ABCDE, Antigens എന്നിവ തിരിച്ചറിയാനും, അസുഖം മാറിയോ എന്നറിയാൻ Anti Body Tests, സഹായിക്കുന്നു.

3. Serum Bilirubin - മഞ്ഞപ്പിത്തതിന്റെ കാരണങ്ങളും രോഗവസ്ഥയും മനസ്സിലാക്കാൻ സഹായിക്കുന്നു.

4. Serum Albumin, Prothrombin Time - അവ Synthesise ചെയ്യാനുള്ള കരളിന്റെ കാര്യക്ഷമതയേ കാണിക്കുന്നു.

**Ultra Sound (US) CT, MRI** കരളിന്റെ വലുപ്പം, പിത്തസഞ്ചിയിലോ Ducts ലോ Blocks, കൊഴുപ്പ്, പഴുപ്പ്, മുതലായവ കണ്ടുപിടിക്കാൻ സഹായിക്കുന്നു. Biopsy ചെയ്യാൻ (കരളിന്റെ Tissue എടുത്ത് പരിശോധിക്കൽ) US/ CT Guided Needles ഉപയോഗിച്ചു ചെയ്യുമ്പോൾ Accuracy കൂടുതൽ ആവുന്നു.

കരളിന്റെ അല്ലാത്ത അസുഖങ്ങൾ കാരണവും LFT (Liver Function Tests) - ൽ വ്യത്യാസങ്ങൾ വരാം. (അസ്ഥിരോഗങ്ങൾ, ഹൃദയാഘാതം, പൊണ്ണത്തടി, Endocrine Disorders, പോഷകാഹാരകുറവ് മുതലായവ).

**Risk Factors** : കരൾ രോഗങ്ങൾ ഉണ്ടാവാൻ കൂടുതൽ സാധ്യത - മദ്യത്തിന്റെ ഉപയോഗം, പൊണ്ണത്തടി, Hepatitis B and C Carriers ജനിതക കരൾ രോഗങ്ങൾ, അവയവമാറ്റം, AIDS, കാൻസർ, എന്നിവക്ക് മരുന്നുകൾ കഴിക്കുമ്പോൾ ഈ വിഭാഗത്തിൽ പെട്ടവർക്ക് Periodic Check up അവശ്യമാണ്.

■

*കേരളം സംഭാവന ചെയ്ത വിശ്വപൗരൻ വൈദ്യനാഥപുരം രാമയ്യർ കൃഷ്ണയ്യർക്ക് നൂറു വയസ്സ്. അഞ്ചു പതിറ്റാണ്ടിലധികം കൊച്ചി നഗരജീവിതവുമായി അലിഞ്ഞു ചേർന്ന ആ മഹാപ്രതിഭയുടെ ഈ നഗരത്തിലെ സജീവ സാന്നിധ്യം പറയുമ്പോൾ...*



രവി കുറ്റിക്കാട്

# ജന്മശതാബ്ദി നിറവിൽ കൃഷ്ണയ്യർക്ക് ആദരം



ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ കൊച്ചിയുടെ നിറസാന്നിദ്ധ്യമാണ്. എം. ജി. റോഡിലെ സദ്ഗമയിൽ ഏവർക്കും സ്വാഗതം. തിരക്കാണ വിടെ. നിയമകുരുക്കഴിക്കാൻ ഉപദേശം തേടുന്ന ജഡ്ജിമാരെ കാണാം. യുവജനസംഘടനാ നേതാക്കളെയും സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക പ്രവർത്തകരെയും കാണാം. ശുപാർശക്കത്ത് വാങ്ങാനുള്ളവരുമുണ്ട്. അഭി മുഖത്തിനെത്തുന്ന മാധ്യമ പ്രവർത്തകർ. പുരസ്ക്കാരങ്ങൾ നൽകാനെത്തുന്നവർ. ഇട വിടാതെയുള്ള ഫോൺ കോളുകളും ഇ-മെയി ലുകളും. സ്വാമി തിരക്കിലാണ്. ശരീരത്തിനേ ചെറിയ തളർച്ചയുള്ളൂ, മനസ്സിൽ എപ്പോഴും ഊർജ്ജം നിറഞ്ഞു കവിയുന്നു. അദ്ദേഹം ഉരുവിടുന്ന ഗീതാഞ്ജലിയിലെ വരികൾ..... ഞാൻ പാടാൻ വന്ന ഗാനം പാടാതെ കിടക്കുന്നു, ഞാനെന്റെ തന്ത്രികൾ മുറുക്കിയും അഴിച്ചും ദിനങ്ങൾ കഴിക്കുന്നു.....

നഗരത്തിൽ രാവിലെ നടക്കുന്നത് കാണാം. ശിവക്ഷേത്രമതിലകത്തേയ്ക്ക്, ദർബാർ ഹാൾ ഗ്രൗണ്ടിലേയ്ക്ക്. പ്രാവുകൾക്ക് തീറ്റ നൽകൽ. ആലിൻ കൊമ്പത്തും ഗോപുരങ്ങളിലും കാത്തിരിക്കുന്ന പ്രാവുകൾ സ്വാമിക്കു ചുറ്റും പറക്കുന്ന കാഴ്ച കൗതുകകരം. തിരിച്ച് വീട്ടിലെത്തിയാൽ ചിന്തകളുടെയും തിരക്കുകളുടെയും ലോകം. വൈകീട്ട് നഗരം വീണ്ടും അദ്ദേഹത്തെ കണ്ടുമുട്ടുന്നു. പ്രൊഫസർ എം.കെ. സാനുവും, ഡോ. സി. കെ. രാമചന്ദ്രനും കൂടെ. ലോകകാര്യങ്ങൾ പറഞ്ഞും ചിന്തിച്ചുമുള്ള സായാഹ്ന യാത്ര. ഒന്നു പിന്തുടർന്നാൽ മതി, നൂറു പുസ്തകത്തിൽ നിന്നു കിട്ടുന്ന വിജ്ഞാനം ഒരു മണിക്കൂറിനുള്ളിൽ നിങ്ങൾക്ക് കിട്ടും. ധന്യമാം യാത്ര അനസ്യൂതം തുടരട്ടെയെന്ന് നമുക്കാശംസിക്കാം.

ഇരുപത്തിമൂന്നാം വയസ്സിൽ അഭിഭാഷകന്റെ കുപ്പായമണിഞ്ഞ് കോഴിക്കോട്ടും, കൊയിലാണ്ടിയിലും സീനിയർമാരായ ടി.വി.സുന്ദരം അയ്യരുടെയും അച്ഛൻ രാമയ്യരുടെയും കീഴിൽ വക്കീൽ പണി തുടങ്ങിയ കൃഷ്ണയ്യർ വളരെ വേഗം വടക്കെ മലബാറിലെ സിവിൽ-ക്രിമിനൽ അഭിഭാഷകനായി. ഇതിനിടയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി – കിസാൻ മസ്ദൂർ പാർട്ടികളുടെ മുന്നണി സ്ഥാനാർത്ഥിയായി (1952) കൂത്തുപറമ്പിൽ നിന്ന് മത്സരിച്ച് മദിരാശി നിയമസഭയിലംഗമായി. കേരള സംസ്ഥാനം രൂപീകരിച്ച ശേഷം നടന്ന ആദ്യ പൊതുതെരഞ്ഞെടുപ്പിൽ (1957) കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണച്ച് സ്വാതന്ത്രനായി തലശ്ശേരിയിൽ നിന്ന് മത്സരിച്ച് ജയിച്ച് മന്ത്രിയായി.

കേരള പിറവിക്കു ശേഷമുള്ള ആദ്യ മന്ത്രിസഭക്ക് രൂപം നൽകുന്നത് ആലോചിക്കാൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മറ്റിയുടെയും പി.ബിയുടെയും, സംസ്ഥാന കമ്മറ്റി യോഗങ്ങൾ നടന്നത് എറണാകുളത്തായിരുന്നു. പാർട്ടിയുടെ നിയമസഭാ അംഗങ്ങളുടെയും പിന്തുണയുള്ള അഞ്ചു സ്വതന്ത്ര അംഗങ്ങളുടെയും എം.പിമാരുടെയും സംയുക്തയോഗം നടന്നത് കരയോഗത്തിന്റെ ടി.ഡി.എം ഹാളിലായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. (1957 മാർച്ച് 25 തിങ്കൾ) ആര് ലീഡറാകും, ആര് മുഖ്യമന്ത്രിയാകും, ആരൊക്കെ മന്ത്രിമാരാകും എന്നറിയാൻ ദില്ലിയിൽ നിന്നുള്ള വൻ മാധ്യമപ്പട ടി.ഡി.എം ഹാളിനു പുറത്തും ദർബാർഹാൾ ഗ്രൗണ്ടിലും തമ്പടിച്ചിരുന്നു. ആകാംക്ഷയോടെ ജനക്കൂട്ടവും കാത്ത് നിന്നു. അകത്ത് നടന്നത് പുറത്തേക്കെത്തിയില്ല. അതീവ രഹസ്യം. അന്ന് ആ കെട്ടുറപ്പ് അങ്ങനെയായിരുന്നു.

ടി.ഡി.എം ഹാളിൽ 64 എം.എൽ.എ മാരും (59 പാർട്ടി എം.എൽ.എ മാരും, വി.ആർ.കൃഷ്ണയ്യർ ഉൾപ്പെടെ അഞ്ച് സ്വതന്ത്രരും) പാർട്ടി ജനറൽ സെക്രട്ടറി അജയ് ഘോഷും പങ്കെടുത്തിരുന്നു. സംസ്ഥാന സെക്രട്ടറി എം.എൻ ഗോവിന്ദൻനായർ അധ്യക്ഷൻ. നിയമസഭാകക്ഷി നേതാവായി ഇ.എം.എസ്സിനെ തെരഞ്ഞെടുത്തു. മുഖ്യമന്ത്രിയാകാൻ പോകുന്ന ഇ.എം.എസ്സിന്റെ ആദ്യപ്രസംഗം ടി.ഡി.എം ഹാളിലെ ആ യോഗത്തിലായിരുന്നു... 'കനത്ത ഉത്തരവാദിത്തമാണിത്. അത് എന്റെതു മാത്രമല്ല, പാർട്ടിയുടെ മുഴുവനുമാണ്'. കൃണയ്യരുടെ പ്രസംഗവുമുണ്ടായിരുന്നു. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ ഇ.എം.എസ് തിരുവനന്തപുരത്തേയ്ക്ക് പോയത് രവിപുരത്ത് വാടകയ്ക്ക് താമസിച്ചിരുന്ന ആലപ്പാട്ട് വീട്ടിൽ നിന്നായിരുന്നു.

നിയമസഭ കേന്ദ്രം പിരിച്ചുവിട്ട ശേഷം (1959) കൃഷ്ണയ്യർ എറണാകുളത്ത് ഹൈക്കോടതിയിൽ പ്രാക്ടീസ് തുടങ്ങി. പത്തിലധികം വരുന്ന ജൂനിയർമാരുണ്ടായിരുന്നു. വക്കീലാഫീസിലും കോടതിയിലും തിരക്കോട് തിരക്ക്. ഒമ്പതു വർഷം കഴിഞ്ഞപ്പോൾ ഹൈക്കോടതി ജഡ്ജിയായി. അന്ന് അമ്പത്തിരണ്ട് വയസ്. ജനകീയനായ ന്യായാധിപന്റെ ശബ്ദമാണ് അക്കാലം കോടതിയിൽ മുഴങ്ങിക്കേട്ടത്. തലക്കനം തൊട്ടു തീണ്ടാത്ത അദ്ദേഹത്തെ പൊതുവേദികളിലും സംഗീതക്കച്ചേരികൾക്കു മുന്നിലും ശിവക്ഷേത്രത്തിലെ പകൽപ്പൂര മേളാസ്വാദകരുടെ കൂട്ടത്തിലും കണ്ടിരുന്നു. സായാഹ്നനടത്തത്തിനിടയിൽ പരിചയക്കാരോട് കുശലം പറയും. അക്കാലം ജഡ്ജിമാർ ജനങ്ങളിൽ നിന്ന് അകന്നു നിന്നിരുന്ന കാലമാണെന്ന് ഓർമ്മിക്കുക. സുപ്രീംകോടതിയിൽ ഏഴുവർഷം ജഡ്ജിയായപ്പോൾ മാത്രം കൊച്ചിയിൽ നിന്ന് വിട്ടു നിൽക്കേണ്ടിവന്നു. തിരിച്ചെത്തിയ അന്നു മുതൽ സ്വാമി നഗരത്തിന്റെ ഹൃദയസ്പന്ദനത്തോടൊപ്പമാണ്. നഗരവാസികൾ അദ്ദേഹത്തെ ഹൃദയത്തോട് ചേർത്തു വയ്ക്കുന്നു. വിശ്വപൗരനാണെങ്കിലും കൊച്ചിക്കാർക്ക് സ്വന്തം ജ്ഞാനവൃദ്ധനാണ്, അവസാന വാക്കാണ്. ആ യാത്ര തുടരട്ടെയെന്നാശംസ... ■

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം നവംബർ മാസം പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 13.11.14 | ഇ.സി.എഫ് അംഗങ്ങളുടെ പാലാരിവട്ടം കരയോഗം പ്രശാന്തി ഹോസ്റ്റൽ, ഓൾഡ് ഏജ് ഹോം എന്നിവ സന്ദർശനം | | | 801 |
| 20.11.14 | അധ്യ. വി.രാമചന്ദ്രൻ നായർ | ശ്രീ.വി.പി ജി മാരാർ | ആചാര്യ വിനോബാ ഭാവയും ഭൂദാനപ്രസ്ഥാനവും | 802 |
| 27.11.14 | ശ്രീമതി. സുമതി ശ്രീകുമാർ | ടി.കെ.ശ്രീകുമാരൻ നായർ | അവയവദാനം | 803 |
| 04.12.14 | വാർദ്ധക്യ കാലത്തെ ആരോഗ്യസംരക്ഷണത്തെക്കുറിച്ച് ഡോക്ടർ രശ്മി പ്രമോദ് , ജീവനീയം ആയുർവേദ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ഇളംകുളത്തിന്റെ പ്രഭാഷണം | | | 804 |

# ഒരു പുലർകാല ചിത്രം



പറവൂർ രാജഗോപാൽ

കരിമഷിക്കറുപ്പടർത്തി-
യവനിതൻ അങ്കണത്തിൽ
പൊൻ പുലരൊളി
വെട്ടം വിരിച്ചു, ചെമ്മേ-
യുഷസ്സാം നൈർമല്യത്തെ
പുൽകിയുണർത്തി
വരവേൽക്കയായ് പ്രകൃതി
കുളിരോർമപോൽ ഈണങ്ങളിൽ

ഹൃദയാകാശങ്ങൾക്കുമേലേ
തെളിമതൂകിയിതാ ഉയരുന്നു
തിങ്കൾ കലപോലാദിത്യനാള പ്രഭ.
തുയിൽ കൊട്ടിപാടി
തുമലർമരന്ദം പരത്തി
ഇരവിൽ കണ്ടു മറന്നകിനാവാം
തൊട്ടിൽ സുഗന്ധങ്ങളിൽ തട്ടിത്തൂകി
മനസ്സാം ശംഖുമുളുന്നു സങ്കീർത്തനം
മരവുരിയണിഞ്ഞ ജപചിന്തകൾ



മുങ്ങിത്തോർത്തി, യൊരു
മഹാമൗനമുടയുന്നവനിതൻ
ശ്രീലകത്തളങ്ങളിൽ
കുളിരിറ്റിച്ചൊരാ-
നീലവാനിടത്തിലെങ്ങും
തിരിയുഴിയുന്നു വെയിൽ
തീനാളങ്ങളാൽ.

ആരോ തീർത്തോ-
രേഴഴകാർന്നയുടയാട ചുറ്റി
ചേലാലൊത്തൊരു
നിറച്ചാർത്തിനാൽ.
മോദത്തോടെ യുദിച്ചു-
യർന്നംബരത്തിൽ പരിപൂർണ്ണമായ്
ബാലാർക്കബിംബപ്രഭ.

ഒളിചിന്നും കതിരവന്റെ
കരവിരുതാം കാലപ്രമാണങ്ങളിൽ
പകൽ പടരുന്നേകമാനസം-
പോലെങ്ങുമേ രാഗാർദ്രമായ്.
ദിക്കറ്റങ്ങളിൽ തൊട്ടും-
മാറ്റൊലികൊണ്ടു കാതിൽ കനക്കുന്നു

തീർത്ഥ സ്ഥാനങ്ങൾ ചുറ്റിയെത്തും
ശ്രീ സുപ്രഭാതത്രയം!
കാലം മായ്ക്കാതിന്നും മനോജ്ഞമായ്
കാക്കും ഈ പുലർ ചിത്രങ്ങളിൽ
ചേലേറുന്നൊരു ഭാവമുണർവ്വായ്
ഉൺമയെ പുൽകി സദാ-
ഓരോ പുലരിപൂക്കാലവു-
മോർമ്മ തൻ ചെപ്പിൽ നിറയ്ക്കുന്നു;
ആനന്ദാമൃതമഴകിൽ വിരിച്ച
പ്രാണന്റെയാനിസ്വനം പോൽ!




# മംഗൾയാൻ നമുക്കെന്തുതരും

സി. രാമചന്ദ്രൻ

മംഗൾയാൻ ചൊവ്വയിലേയ്ക്ക് വിക്ഷേ പിച്ചിട്ട് എന്തു ഫലം? ചൊവ്വയിൽ നിന്ന് നിരീക്ഷണഫലങ്ങൾ ലഭിച്ചിട്ട് എന്തു കിട്ടും?. എന്നു തുടങ്ങിയ ചില ചോദ്യങ്ങൾ ചില കോണുകളിൽ നിന്ന് ഉയരുകയുണ്ടായി. മംഗൾയാൻ വിക്ഷേപണത്തിന്റെയും അതിന്റെ ഉദ്വേഗ ജനകമായ യാത്രയുടെയും വാർത്താ കോലാഹലങ്ങൾക്കിടയിൽ ഇത്തരം ചോദ്യ ങ്ങൾ മുങ്ങിപ്പോയി. എന്നാൽ അതു ചിലപ്പോഴെ ങ്കിലും പൊങ്ങിവരാനും മതി.

ശാസ്ത്രത്തിന്റെ ആരംഭദിശയിൽ പൗരാണിക കാലം മുതൽ തന്നെ ഇത്തരം ചോദ്യങ്ങൾക്കുത്തരം പറയുവാൻ ശാസ്ത്രജ്ഞ ന്മാർ ബാധ്യസ്ഥരായിട്ടുണ്ടായിരുന്നു. ക്രിസ്തു വിനും മുന്നൂറു വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഗണിതപ്രതിഭയായിരുന്ന യൂക്ലിഡ് ക്ലാസിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഇത് പഠിച്ചതു കൊണ്ടെന്തുഫലം എന്ന് ഒരു വിദ്യാർത്ഥി ചോദിക്കുകയുണ്ടായി. ഇയാൾ ധനലാഭത്തിനു വേണ്ടിയാണ് പഠിക്കുന്നത്. ഇനി ഇയാളിവിടെ വേണ്ട എന്ന് യൂക്ലിഡ് പറയുകയും വാങ്ങിയ ഫീസ് തിരികെ നൽകി പറഞ്ഞയക്കുകയും ചെയ്തു.

ആദ്യമായി ഒരു കമ്പിച്ചുരുളിൽ വൈദ്യുതി പ്രവഹിപ്പിച്ച് അതു കണ്ടെത്തിയ പ്പോൾ മൈക്കേൽ ഫാരഡേയോട് അദ്ദേഹ ത്തിന്റെ ഭാര്യ ചോദിച്ചു. ഇത്ര കഷ്ടപ്പെട്ട് ഇതു കണ്ടുപിടിച്ചിട്ടെന്തുഫലം. വൈദ്യുതികൊണ്ടു എന്തുചെയ്യാമെന്ന് ഫാരഡേയ്ക്കും അന്ന് നിശ്ചയമില്ലായിരുന്നു. ഒരു നവജാതശിശുവിനെ കൊണ്ടാണ് ഫാരഡേ രക്ഷപ്പെട്ടത്.

സോവ്യറ്റ് യൂണിയൻ സ്പുട്നിക് വിക്ഷേപിച്ച്, 57 വർഷം മുമ്പ്, ചരിത്രം സൃഷ്ടി ച്ചപ്പോഴും അതിന്റെ ഫലം എന്താകുമെന്ന് ആർക്കും അറിയില്ലായിരുന്നു. അറിയാമാ യിരുന്നത് അത് യുദ്ധത്തിൽ പ്രയോജന പ്പെടുത്താമെന്നു മാത്രമായിരുന്നു. 1964 ലെ ടോക്യോ ഒളിംപിക്സ് അമേരിക്കൻ സ്വീകരണ മുറികളിൽ തൽസമയം വീക്ഷിക്കുവാൻ കഴിഞ്ഞതോടെയാണ് അതിനങ്ങിനെയുമൊരു പ്രയോജനമുണ്ടെന്ന് ജനങ്ങൾ മനസ്സിലാക്കി യത്. സിൽക്കോം 3 എന്ന ഉപഗ്രഹമുപയോഗി ച്ചാണ് അന്നതു സാധ്യമാക്കിയത്.

ഇന്ത്യ ആദ്യമായി 1963 നവംബർ 13 ന് അതിന്റെ ആദ്യത്തെ റോക്കറ്റ് വിക്ഷേപിക്കു മ്പോഴും അതിൽ അന്തരീക്ഷ പഠനത്തിനുള്ള ഒരുപകരണമായിരുന്നു ഉണ്ടായിരുന്നത്. എന്തി നാണ് അന്തരീക്ഷത്തെക്കുറിച്ച് ഇത്ര അറിയു ന്നത് എന്ന ചോദ്യത്തിനും ഒരു സാധാരണ ക്കാരനെ ബോധ്യപ്പെടുത്തത്തക്ക ഉത്തര ങ്ങളൊന്നും തന്നെ ഉണ്ടായിരുന്നിരിക്കുവാൻ ഇടയില്ല.

ഇന്ന് ഉപഗ്രഹങ്ങളില്ലാത്ത ഒരു ലോകത്തെക്കുറിച്ച് നമുക്കു ചിന്തിക്കാൻ തന്നെ ആവുകയില്ല. അത്തരമൊരു ലോകത്തിൽ മൊബൈൽ ഫോണില്ല, ടെലിവിഷൻ പ്രക്ഷേപ

ണമില്ല, തൽസമയ രാഷ്ട്രീയക്കാഴ്ചകളില്ല, ഇന്റർനെറ്റില്ല, കാലാവസ്ഥാ മുന്നറിയിപ്പുകളില്ല, എടിഎം ബാങ്കിങ്ങ് പണമിടപാടുകളില്ല, എല്ലാവിധ ഗതാഗതവും നിയന്ത്രിക്കുന്ന ഇന്നത്തെ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റവു മില്ല. ഏതൊരു ശാസ്ത്ര ഗവേഷണത്തിനും രണ്ടു പ്രയോജനങ്ങളാണുള്ളത്. ഒന്ന് അത് നമ്മുടെ ഭൗതികജീവിതം കൂടുതൽ മെച്ചപ്പെട്ട താക്കിത്തീർക്കുന്നു എന്നതാണ്. രണ്ടാമത്തേത് അത് ബൗദ്ധികനിലവാരത്തെ ഉയർത്തുംവിധം പുതിയ അറിവുകൾ നൽകുന്നു എന്നതുമാണ്. പഴയ അറിവുകളിൽ പിശകുണ്ടെന്നു തിരിച്ചറി ഞ്ഞാൽ അതു തിരുത്തി മുന്നോട്ടു പോകുക എന്നതാണ് പുരോഗതി പ്രാപിക്കുന്ന ഒരു സമൂഹത്തിന്റെ ലക്ഷണം, അതാണ് ശാസ്ത്ര ത്തിന്റെ രീതി.

ഗോളാന്തര ദൗത്യങ്ങളുടെ ലക്ഷ്യങ്ങ ളേയും രണ്ടായി തരം തിരിക്കാം. ഒന്ന്, അത് ഉടനെ തന്നെ ലഭ്യമാക്കിത്തരുന്ന ഗ്രഹങ്ങളെ സംബന്ധിച്ച ഭൗതികമായ അറിവുകൾ, രണ്ട് അത് ഏതെങ്കിലുമൊരു കാലത്തു മനുഷ്യവാസ യോഗ്യമാക്കിത്തീർത്ത് കുടിയേറുവാനാകുമോ എന്ന അന്വേഷണം. ഭൂമി വാസയോഗ്യമല്ലാതായി ത്തീരുന്ന ഏതെങ്കിലുമൊരു കാലത്തു മനുഷ്യനു രക്ഷപ്പെടുവാൻ ഒരു ലക്ഷ്യമുണ്ടായിരിക്കുകയും വേണമല്ലോ. ഇത് ദീർഘകാലാടിസ്ഥാനത്തിൽ സാവകാശം തലമുറകളുടെ ശ്രമഫലമായി ചെയ്തു തീർക്കേണ്ടതുമാണ്.

എ.ഡി. 2100 ആകുമ്പോഴേയ്ക്കും ചൊവ്വയിൽ മനുഷ്യക്കോളനികൾ സ്ഥാപിക്ക പ്പെടുമെന്ന് ഐസക് അസിമോവ് എന്ന ശാസ്ത്രജ്ഞൻ പ്രവചിച്ചിട്ടുണ്ട്. 2100-ൽ അല്ലെങ്കിൽ 2200 ൽ അത് സാധ്യമാകും. ചൊവ്വയിൽ നേർത്ത വായുമണ്ഡലമുണ്ട്. പക്ഷെ അത് ശ്വസിച്ചു ജീവിക്കുവാൻ പറ്റിയതല്ല. ആദ്യമാദ്യം അർദ്ധഗോളാകൃതിയുള്ള വലിയ ഡോമുകൾ സ്ഥാപിച്ച് മനുഷ്യനു ശ്വസിക്കാൻ പറ്റിയ വായു നിറയ്ക്കും. നിരന്തരമായി അത് അതിനകത്തുതന്നെ ശുദ്ധീകരിക്കപ്പെടും. ക്രമേണ ഭീമാകാരമായ ഡോമുകൾക്കു ചെറിയ നഗരങ്ങൾപോലും സ്ഥാപിക്കപ്പെടും.

എ. ഡി. 3000 ആകുമ്പോഴേയ്ക്കും മറ്റൊരു വിപ്ലവകരമായ സാങ്കേതിക വിദ്യകൈവരു മെന്നാണ് പ്രതീക്ഷിക്കുന്നത്. ചന്ദ്രൻ, ചൊവ്വാ മുതലായ ഗ്രഹങ്ങളിൽ മുഴുവൻ തന്നെ കൃത്രിമമായി വായു മണ്ഡലങ്ങൾ നിർമ്മി ക്കുകയും ഈ വായു നഷ്ടപ്പെടാതെ പിടിച്ചു നിറുത്താനുള്ള സാങ്കേതിക സംവിധാനം നടപ്പിൽ വരികയും ചെയ്യും. ഭൂമിയുടേതിനടുത്ത കാലാവസ്ഥയും സസ്യജന്തുജാലവും അവിടെ നിലവിൽവരും. ഈ സാങ്കേതിക വിദ്യയ്ക്കു ടെറാഫൊമിംഗ് എന്ന് പേരും നൽകിയിട്ടുണ്ട്. അക്കാലമാകുമ്പോഴേയ്ക്കും അടിമകളെപ്പോലെ അദ്ധ്വാനിക്കാൻ കഴിവുള്ള റോബോട്ടുകളും സർവ്വസാധാരണമാകും. മനുഷ്യവാസയോഗ്യ മല്ലാത്ത മറ്റുഗ്രഹങ്ങളിലേയ്ക്കും റോബോട്ടു കളെ അയയ്ക്കുവാനും നമുക്കാവശ്യമുള്ളതു ണ്ടെങ്കിൽ അതുകൊണ്ടു വരുവാനും സംവിധാന ങ്ങളുണ്ടാക്കും. റിമോട്ട് കൺട്രോൾ വഴിയും സ്വയവും നിയന്ത്രിക്കാനാവുന്ന റോബോട്ടാകൾ ഉണ്ടാകും. അതായത് ആവശ്യത്തിനു ബുദ്ധി പ്രയോഗിക്കുവാൻ കഴിയുന്ന കൃത്രിമ മനുഷ്യരാ യിരിക്കുമതെന്നു ചുരുക്കം.

ഇതെല്ലാം കാണുവാൻ നാമുണ്ടായിരി ക്കണമെന്ന നിർബന്ധം വേണ്ട. ഓരോ തലമുറയും മുൻതലമുറകളുടെ ചുമലിൽ നിന്നുകൊണ്ടാണ് കൂടുതൽ കാര്യങ്ങൾ കാണുന്നത്. ഇനി വരുന്ന തലമുറകൾ കൂടുതൽ സുഖസൗകര്യങ്ങളോടെ ജീവിക്കട്ടെ എന്നു നമുക്കാശംസിക്കാം.

■

## *സ്ത്രീ സമാജത്തിലെ നവംബർ മാസത്തെ പരിപാടികൾ*


| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.11.2014 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 PM |

**എല്ലാ വ്യാഴാഴ്ചയും രാവിലെ 11 മണിക്ക് ഭജന**



ശാന്താ രവീന്ദ്രൻ

# ദുഃഖസത്യം



സ്വന്തമായ് ലിപികൾ കുറിക്കാൻ കഴിയാതെ
തന്ത്രത്തിൽ ദുഃഖങ്ങളരികിലെത്തി
തങ്ങൾ തൻ വേദന തൂലികത്തുമ്പിലൂടെ
ങ്ങെങ്ങും മാറ്റൊലിക്കൊണ്ടിടാനായ്

ആരോടും പങ്കിടാനാവാതെ കദനത്തിൽ
ആത്മകഥ ഞാൻ കുറിച്ചുവയ്ക്കേ
ഇരുമിഴിക്കോണിൽ വന്നടിയുന്ന ജലകണം
ഇമപോലുമറിയാതെ മൂടിവച്ചു.

ചിറകടിച്ചുയരുന്ന പറവയ്ക്കുമുണ്ടാകാം
ചെറിയൊരു ദുഃഖത്തിൻ കഥ ചൊല്ലുമ്പോൾ
പകൽ വിരിയാത്തതിൽ കുടമുല്ലപ്പൂവിനും
പരിഭവമുണ്ടാകാം വേണ്ടുവോളം.

മകരത്തിൽ മാത്രം മധുരം പൊഴിക്കുന്ന
മാകന്തശാഖിക്കുമേറേ ശോകം.
ക്ഷണികമായ് മാനത്ത് വർണ്ണങ്ങൾ വിരിയിക്കും
മഴവിൽ കൊടിക്കില്ലേ ഗദ്ഗദങ്ങൾ

കുറുനിരമെല്ലെത്തഴുകിയകലുന്ന
കുളിർകാറ്റിനുമെന്തേ ശോകഭാവം
കുറുകിക്കുണുങ്ങുന്ന കുഞ്ഞരിപ്രാവിനും
കുറെയേറെ കണ്ണീരിൻ കഥകളുണ്ടാം.

ചില്ലിമുളകൾ ചേർന്നുരയുന്ന മർമ്മരം
വൻമലക്കാടിന്റെ തേങ്ങലാവാം
കോമളനീലാംബരാശ്രുക്കളല്ലയോ
കോരിച്ചൊരിയുന്ന പേമാരിയും

പകൽവെട്ടമേകിട്ടുപാരിനെപ്പിരിയുന്ന
പകലോനുമുണ്ടാം വ്യഥകളേറെ
പതിനഞ്ചുനാൾകഴിഞ്ഞന്ധകാരത്തിന്റെ
പടുകുഴി തേടുന്നു പൗർണ്ണമിയും

ആവർത്തിച്ചാവർത്തിച്ചാർത്തലയ്ക്കുന്നതും
ആഴക്കടലിന്റെ ആതംഗമാം
ആദ്യമായ് ഭൂമി ദർശിക്കും ശിശുവിനും
ആർത്തനാദം അഭികാമ്യമെന്നോ

പരപാദസ്പർശത്താൽ ഉരയുന്ന
മൺതരിയ്ക്കൊരുകോടിയുണ്ടാകാംദുഃഖസത്യം
ഒരുതരി ദുഃഖത്തിൽ കയ്പുനിർ നുണയാത്ത
ഒരു ജീവജാലമീഭൂവിലുണ്ടോ

ജനനത്തിൽ മരണത്തിൽ ജീവിതക്കെടുതിയിൽ
ജലധാരവർഷിപ്പൂ നയനദ്വയം
സത്യമാം അഴലേ നീ ചൊന്നമാതിരി
വ്യക്തമായ് നിൻ കഥ ചൊല്ലി വയ്പ്പൂ.



# ത്വക്കിലെ നിറവ്യത്യാസങ്ങൾ

ഡോഃ രമാദേവി

**'മെലാനിൻ'** എന്ന വർണ്ണവസ്തു ആണ് നമ്മുടെ ത്വക്കിന് നിറം കൊടുക്കുന്നത്. ഇതിന്റെ ഏറ്റക്കുറച്ചിലുകൾ കാരണം ശരീരത്തിൽ പല ഭാഗങ്ങളിൽ മാത്രമായോ, ശരീരം മുഴുവനായോ നിറഭേദങ്ങൾ ദൃശ്യമാകുന്നു. ജനിതക കാരണങ്ങളും, ഡയബെറ്റിസ്, തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തന തകരാറുകൾ, അഡ്രീനൽ ഗ്രന്ഥിയുടെ തകരാറുകൾ തുടങ്ങി മാനസികവും, ശാരീരികവുമായ മുറിവുകൾ വരെ ഇതിനു ആക്കം കൂട്ടുന്നു.

ആൽബിനിസം, വെള്ളപ്പാണ്ട്, ഫ്രെക്കിൾസ്, തുടങ്ങിയ നിരവധി ത്വക്‌രോഗങ്ങൾ മെലാനിൻ പിഗ്മെന്റേഷനുമായി ബന്ധപ്പെട്ടിരിക്കുന്നു. മെലാനിന്റെ കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ പരിശോധിച്ചാൽ കാണാവുന്ന ഒന്നാണ് **Albinism.**

## 1. OCULO CUTANEOUS ALBINISM

ഒട്ടും മെലാനിൻ ഉല്പാദിപ്പിക്കപ്പെടാത്ത അവസ്ഥയാണിത്. അസാധാരണമായ ഒരു ജീൻ ആണ് ഇതിനു കാരണമായി കണ്ടെത്തിയിരിക്കുന്നത്. ഇത്തരക്കാർക്ക് കാഴ്ചക്കുറവ്, പ്രകാശത്തോടുള്ള അസഹനീയത, സൂര്യാഘാതം, തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നു. സ്കിൻ ട്യൂമറുകളോ, ക്യാൻസറോ ഇവരിൽ ഉണ്ടാകാൻ സാധ്യത കൂടുതലാണ്. ഇവർ സ്വശരീരം സൂര്യനിൽ നിന്നും (തീക്ഷണമായ ചൂടിൽ നിന്നും) സംരക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 2. വെള്ളപ്പാണ്ട് / Vitiligo

മഞ്ഞുകട്ടയുടെ വെൺമയോടുകൂടിയ പാടുകൾ കൈ, കാൽ മുട്ടുകൾ, കണങ്കൈ, കഴുത്ത്, ശരീര ദ്വാരങ്ങൾക്കു ചുറ്റുമായോ അല്ലെങ്കിൽ ദേഹം മുഴുവനുമായോ കാണപ്പെടുന്നു. താടി, തലമുടി ഇവയുടെ നിറത്തിലും മങ്ങലുണ്ടായി കാണുന്നു. ഇതും മെലാനിന്റെ അഭാവം കൊണ്ടുണ്ടാകുന്ന ഒന്നാണ്. മേൽപറഞ്ഞ Systemic Diseases, മുറിവുകൾ ഇവ (Diabetes, Thyroid, Adrenal affection തുടങ്ങിയവ) ഇതു വളരെവേഗം വലുതാകുന്നതിനോ പടരുന്നതിനോ ഇടയാക്കുന്നു. ചിലവയിൽ കറുത്ത കുത്തുകൾ വന്നു repigmentation നും നടക്കുന്നു.

## 3. Phenylketonuria & 4. Hypopituitarism :-

മെലാനിന്റെ നിർമ്മാണം കുറഞ്ഞുപോകുന്നതും ഉപാപചയ പ്രവർത്തന തകരാറുകൊണ്ടുണ്ടാകുന്നതുമായ രോഗവസ്ഥകളാണിവ.

**ഇനി മെലാനിന്റെ കൂടുതലുകൊണ്ടുണ്ടാകുന്ന അവസ്ഥകൾ പരിശോധിക്കാം ഃ**

## 1. Freckles:-

ബ്രൗൺ കളറിൽ 5mm വലുപ്പത്തിൽ കാണപ്പെടുന്ന ഇവ ശരീരത്തിന്റെ സൂര്യപ്രകാശമേൽക്കുന്ന ഭാഗങ്ങളിൽ കാണപ്പെടുന്നു. ഇവ വീണ്ടും ഇരട്ടിച്ച് കൂടുതൽ ഇരുണ്ടുകാണപ്പെടുന്നു.

## 2. Lentigines:-

കട്ടികൂടിയ ബ്രൗൺ നിറത്തിൽ കാണപ്പെടുന്ന ഏകദേശം 1mm വലുപ്പമുള്ള ഇവ സാധാരണമായി കുട്ടികളിൽ കാണുന്നു. മധ്യവയസ്ക്കരിൽ കൈയുടെ പുറംഭാഗങ്ങളിലും, മുഖത്തും ഇവ പ്രത്യക്ഷപ്പെടുന്നു.

## Cholasma:-

പ്രസവകാലഘട്ടങ്ങളിൽ സ്ത്രീകളിൽ പ്രത്യക്ഷപ്പെടുന്ന ചില കറുപ്പുകളറുകൾ ഇവയ്ക്കുദാഹരമാണ്.

ഗർഭനിരോധന ഗുളികകൾ കഴിക്കുന്നതുകൊണ്ടും, മറ്റു ചില ഗ്രന്ഥികളുടെ പ്രവർത്തന തകരാറുകൊണ്ടും, കിഡ്നിയുടെ പ്രവർത്തനം നിലയ്ക്കുന്നതുകൊണ്ടും ഇതുപോലുള്ള പാടുകൾപ്രത്യക്ഷപ്പെടാം.

## Drug Induced :-

ചില മരുന്നുകളുടെ ഉപയോഗം ശരീരത്തിൽ പിഗ്മെന്റേഷനുകൾ ഉണ്ടാക്കുന്നു. ഏതായാലും ത്വക്കിലെ നിറവ്യത്യാസങ്ങൾ കണ്ടയുടനെ തനിക്ക് ലഭിച്ച പരിമിതമായ അറിവുകൾക്കുള്ളിൽ നിന്നും കൊണ്ടു മാത്രം ചിന്തിച്ച്, ഏതെങ്കിലും ലേപനങ്ങൾ വാങ്ങി പുരട്ടുന്നതിനേക്കാൾ വൈദ്യ സഹായത്തോടെ അതും പകൽവെളിച്ചത്തിൽ കാണിക്കുന്നതു തന്നെയാണ് അഭികാമ്യം, കാരണങ്ങൾകണ്ടെത്തി ചികിത്സ തേടുകയാണ് ചെയ്യേണ്ടത്.

■



# നല്ല നാളെ സൃഷ്ടിക്കുക

യു.എസ് രവീന്ദ്രൻ

ഒരു സഞ്ചാരിയുടെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങകലെ സൂര്യാസ്തമയം കാണാൻ നടന്നു പോയ ഒരു സഞ്ചാരിയുടെ കഥ. നടന്നു നടന്ന് പട്ടണവും ഗ്രാമവും കഴിഞ്ഞു. വിജനമായ ഒരു വനത്തിൽ എത്തി ആ സഞ്ചാരി. പുറത്തേക്കുള്ള വഴി കണ്ടുപിടിക്കാൻ പറ്റാതെ വനത്തിലൂടെ നടന്നു നടന്നു ക്ഷീണിച്ച്, ദാഹിച്ച് അവശനായി ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്നു. "എന്റെ ദൈവമേ എനിക്കു കുറച്ചു വെള്ളം കുടിക്കാൻ കിട്ടിയിരുന്നെങ്കിൽ" എന്ന് വിചാരിച്ച് മരത്തിൽ ചാരി ഇരുന്നു. യാദൃശ്ചികമെന്നു പറയട്ടെ സഞ്ചാരി ഇരുന്നത് എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കുന്ന മരത്തിന്റെ ചുവട്ടിലായിരുന്നു. സഞ്ചാരിയുടെ മനസ്സുരുകിയുള്ള പ്രാർത്ഥന മനസ്സിലാക്കിയ മരം അതിന്റെ ഇലകളിൽ നിന്നും വേണ്ടുവോളം ജലം സഞ്ചാരിക്ക് വീഴ്ത്തി കൊടുത്തു. ഇത്രത്തോളം രുചിയുള്ള ജലം സഞ്ചാരി അതിനു മുമ്പ് കുടിച്ചിട്ടില്ല. ദാഹം മാറി കുറച്ചു നേരം വിശ്രമിച്ച സഞ്ചാരി യാത്ര തുടരാൻ ഭാവിച്ചു. പക്ഷേ നല്ല വിശപ്പുണ്ട്. വിശപ്പുമാറാതെ ഒരടിപോലും നടക്കുവാൻ വയ്യ. ദൈവമേ എനിക്കു വല്ലാതെ വിശക്കുന്നല്ലോ, കുറച്ചു ഭക്ഷണം കഴിക്കാതെ എനിക്കു യാത്ര തുടരാൻ സാധിക്കില്ലല്ലോ എന്നു വിചാരിച്ചപ്പോൾ സഞ്ചാരിയുടെ ആവശ്യം മനസ്സിലാക്കിയ ആ വൃക്ഷം നല്ല മധുരമുള്ള പഴങ്ങൾ വീഴ്ത്തികൊടുത്തു. വേണ്ടുവോളം പഴം കഴിച്ച് വയറു നിറഞ്ഞ ആ സഞ്ചാരിക്ക് ഒന്നു ഉറങ്ങിയാൽ കൊള്ളാമെന്ന് തോന്നി. സുഖമായി ആ വൃക്ഷത്തണലിൽ കിടന്നുറങ്ങി. സുഖമായ ഉറക്കത്തിനു ശേഷം കണ്ണു തുറന്നു നോക്കിയപ്പോൾ സന്ധ്യയാകാൻ തുടങ്ങിയിരുന്നു. "ഞാൻ എന്തൊരു വിഢ്ഢിയാണ് ഈ കൊടും കാട്ടിൽ കിടന്നുറങ്ങാൻ. വല്ല സിംഹവും വന്നാൽ എന്നെ ബാക്കി വച്ചേക്കുമോ" എന്നു വിചാരിച്ച് ഭയപ്പെടുവാൻ തുടങ്ങി. എന്താണ് സംഭവിച്ചിരിക്കുക എന്നൊന്നാലോചിച്ചു നോക്കൂ.

കഥയിൽ ചോദ്യമില്ല എന്നൊക്കെ പറയാറുണ്ട്. പക്ഷെ അതിൽ ഉൾക്കൊള്ളുന്ന ആശയങ്ങൾ മഹത്തരമായിരിക്കും. നമ്മൾ മനസ്സിൽ ഓരോന്ന് ആഗ്രഹിക്കുമ്പോൾ മനസ്സ് പ്രകൃതിയിലേക്ക് ചില തരംഗങ്ങൾ അയച്ചു കൊണ്ടിരിക്കുന്നു. പ്രകൃതി നമ്മുടെ ആഗ്രഹം പൂർത്തികരിച്ചു തരുവാൻ നമ്മുടെ മനസ്സിനോടൊപ്പം അനുകൂലമായി പ്രവർത്തിച്ചു ആഗ്രഹങ്ങൾ സഫലമാക്കി തരുന്നു. എന്തുകൊണ്ടെന്നാൽ പ്രകൃതിയിലെ വിവിധ ഘടകങ്ങളുടെ ഒരുമിച്ചുള്ള യജ്ഞത്തിന്റെ ഫലമായിട്ടാണ് ജീവൻ ഉണ്ടാകുന്നത്. നമുക്ക് നമ്മുടെ മാതാപിതാക്കളേയോ ജന്മസ്ഥലമോ, ലിംഗമോ, ജന്മസമയമോ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല. എല്ലാം തിരഞ്ഞെടുക്കുന്നത് പ്രകൃതിയാണ്. നമ്മുടെ കാര്യങ്ങളിൽ മറ്റുള്ളവരേക്കാൾ ഉത്തരവാദിത്വം പ്രകൃതിക്ക് ഉണ്ട്. അതുകൊണ്ട് നമ്മുടെ മനസ്സിലെ തരഗംങ്ങൾ പ്രകൃതിക്ക് എളുപ്പം പിടിച്ചെടുക്കുവാൻ സാധിക്കും. നമ്മുടെ ആഗ്രഹ പൂർത്തികരണത്തിന് പ്രകൃതിയും നമ്മോടൊപ്പം പ്രവർത്തിക്കുന്നു. ഒരു ദൈവ വിശ്വാസിക്ക് ആരാധനാലയം എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കും. ഒരു പണ്ഡിതന് വായനശാല എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കും. പോക്കറ്റടിക്കാരൻ വീർത്ത പേഴ്സ് വേഗം കണ്ടുപിടിക്കും. ഒരു മദ്യപാനിക്ക് മദ്യപസുഹൃത്തുക്കളേയും, മദ്യശാലയും എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കും. ആവശ്യക്കാരന്റെ താല്പര്യത്തിനനുസരിച്ച് ശരീരത്തിൽ നിന്നും തരഗംങ്ങൾ പുറപ്പെടുമ്പോൾ അതിനെ പോഷിപ്പിച്ചുകൊണ്ട് പ്രകൃതിയും പ്രവർത്തിക്കും.

ആർക്കമിഡിസിന്റെ യൂറേക്കാ കഥ കേട്ടു കാണുമല്ലോ. തന്റെ സ്വർണ്ണ കീരിടത്തിൽ വെള്ളി

ചേർന്നിട്ടുണ്ടോ എന്ന് സംശയം തോന്നിയ രാജാവ് ആർക്കിമിഡിസിനോട് അതു കണ്ടു പിടിക്കാൻ പറഞ്ഞു. കിരീടം ഉരുക്കാതെ അതെങ്ങിനെ സാധിക്കാമെന്ന് മനസ്സിലെ തീവ്രമായ അന്വേഷണം അവസാനം കുളി മുറിയിലെ കുളിതൊട്ടിയിൽ അദ്ദേഹം കുളിക്കാനിറങ്ങിയപ്പോൾ തൊട്ടിയിൽ നിറഞ്ഞു കവിഞ്ഞു പുറത്തുപോയ വെള്ളത്തിന്റെ വ്യാപ്തത്തെപ്പറ്റി ചിന്തിക്കാനും വ്യാപ്തവും, സാന്ദ്രതയും, തൂക്കവും തമ്മിലുള്ള ബന്ധം കണ്ടുപിടിച്ച് രാജാവിന്റെ പ്രശ്ന പരിഹാരത്തിനു വഴിതെളിയിക്കാനും സാധിച്ചു. ആർക്കിമിഡിസിന്റെ മനസ്സിലെ തീക്ഷ്ണമായ അന്വേഷണ തരംഗങ്ങൾക്ക് പ്രകൃതി ഒരുക്കിക്കൊടുത്ത ഒരു സഫലീകരണ പ്രക്രിയ ആകാം കുളിത്തൊട്ടിയിൽ സംഭവിച്ചത്.

റേഡിയോ ആക്ടിവിറ്റിയെപ്പറ്റി പഠനം നടത്തികൊണ്ടിരിക്കുകയായിരുന്നു മാഡം ക്യൂറി. ഒരു തത്ത്വത്തെ വിശകലനം ചെയ്യാൻ തീവ്രമായി യത്നിച്ചു കൊണ്ടിരിക്കുകയായിരുന്നു. ചിന്തകൾ വഴിമുട്ടിയപ്പോൾ ക്ഷീണിതയായി പേന അടച്ചു വച്ച് പോയി ഉറങ്ങാൻ കിടന്നു. അത്ഭുതമെന്നു പറയട്ടെ പിറ്റേന്ന് ഉറക്കമുണർന്നപ്പോൾ താൻ കടലാസ്സിൽ കുറിച്ചുവച്ചിരുന്ന തത്ത്വത്തിലെ പ്രശ്നഭാഗം പൂർണ്ണമായും പരിഹരിച്ച് ആരോ എഴുതി വച്ചിരിക്കുന്നു. മാഡം ക്യൂറിയുടെ മനസ്സിലെ തരംഗങ്ങൾ പ്രകൃതി തന്നെ ഏറ്റെടുത്ത് പ്രശ്നപരിഹാരം അവരെക്കൊണ്ടു തന്നെ എഴുതിവച്ചതാണെന്ന് പീന്നീടവർക്കു മനസ്സിലായി. നോബൽ സമ്മാന ജേതാവാവുകയും ചെയ്തു.

മിസ്റ്റർ പ്രെന്റിസ് മുൽ ഫോർഡ് (1836 - 1891) സാൻ ഫ്രാസിസ്ക്കോവിൽ ജീവിച്ചിരുന്ന നർമ്മ സാഹിത്യകാരനും "പുതിയ ചിന്താ പ്രസ്ഥാനം" തുടങ്ങിവച്ച തത്ത്വചിന്തകനുമായിരുന്നു. അദ്ദേഹത്തിന്റെ "നല്ല നാളെ മുൻകൂട്ടി നിർമ്മിക്കുക" എന്ന ഒരു ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധിക്കുക. "ഇന്നു ഞാൻ ഒരു യാത്ര പോകുകയാണ്, അല്ലെങ്കിൽ ഒരു സന്ദർശനത്തിന് പോകുകയാണ് എന്നു നിങ്ങൾ വിചാരിക്കുമ്പോൾ നിങ്ങളുടെ ശരീരം ആ പ്രക്രിയ തുടങ്ങുന്നതിനു മുമ്പ് മനസ്സിൽ നിന്നുള്ള വിചാര തരംഗങ്ങൾ ആ യാത്ര അല്ലെങ്കിൽ ആ സന്ദർശനം വിജയകരമായി സന്തോഷത്തോടെ പൂർത്തീകരിക്കുവാനുള്ള പോസിറ്റിവായുള്ള ശക്തി തരംഗങ്ങൾ അയച്ചു കൊണ്ടേയിരിക്കും. ആ യാത്ര തുടങ്ങുന്നതിനു മുമ്പുള്ള മാനസികാവസ്ഥ സന്തോഷപ്രദമല്ലെങ്കിൽ അതനുസരിച്ച് നെഗറ്റീവ് ആയ തരംഗങ്ങളായിരിക്കും അയച്ചുകൊണ്ടിരിക്കുക. അപ്പോൾ സന്തോഷപ്രദമല്ലാത്ത അന്തരീക്ഷവും വിപരീത ഫലങ്ങളുമാണ് ഉണ്ടാകുക. അതായത് നമ്മുടെ മാനസിക വ്യാപാരം നല്ലതോ ചീത്തയോ ആയ ഫലത്തെ മുൻകൂട്ടി നിശ്ചയിക്കുന്നു. അതുകൊണ്ട് പ്രാപഞ്ചിക ശക്തികളെ നമുക്ക് അനുകൂലമായി വേണ്ടവിധത്തിൽ ആക്കി തീർക്കുവാൻ നമ്മുടെ മാനസിക വ്യാപാരങ്ങൾക്ക് ഒരു പരിധിവരെ സാധിക്കും". മറ്റു വിധത്തിൽ പറഞ്ഞാൽ നിങ്ങളുടെ നാളെ നിങ്ങൾക്കു തന്നെ മനപൂർവ്വം സൃഷ്ടിക്കുവാൻ സാധിക്കും. ഇതു കൂടാതെ വേറൊരാളോട് ഒരു ഉപകാരത്തിന് നന്ദി പറയുന്നതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം ഇങ്ങനെ പറയുന്നു. "ഒരു ഉപകാരം ചെയതുതന്നതിനു ആത്മാർത്ഥമായി ഒരാളോട് നന്ദി പറയുമ്പോൾ ആനന്ദം പ്രകൃതിയിൽ സൃഷ്ടിക്കുന്ന തരംഗങ്ങൾ നിങ്ങൾക്ക് വേറൊരാൾക്ക് ഉപകാരം ചെയ്യാനുള്ള അവസരം ഉണ്ടാക്കി തരികയും ആനന്ദം തിരിച്ചു കിട്ടാനുള്ള അവസരം പ്രകൃതി ഒരുക്കിതരികയും ചെയ്യുന്നു. നമുക്ക് കിട്ടുന്ന ഉപകാരങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുവാൻ ഒരിക്കലും മടിക്കരുത്. പ്രകൃതിയിലെ ഓരോ പ്രതിഭാസങ്ങളും പരസ്പരപൂരകങ്ങളാണ്".

ഇതിനെപ്പറ്റി അറിയുന്നവർ മറ്റുള്ളവർക്ക് സന്തോഷ പ്രദമായ അത്ഭുതങ്ങൾ നൽകിക്കൊണ്ടിരിക്കും. പലപ്പോഴായി വായിച്ച ചില സംഭവങ്ങൾ വിവരിക്കട്ടെ. തിരക്കുപിടിച്ച ഒരു ടോൾ ബൂത്തിൽ ക്യൂവിലായിരുന്നു രാജുവിന്റെ വാഹനം. മുമ്പിലെ വാഹനങ്ങൾ ഇഴഞ്ഞു നീങ്ങുന്നു. യാത്രക്കാർ വാഹനത്തിൽ ഇരുന്ന് ഗ്ലാസ്സ് താഴ്ത്തി കയ്യ് പുറത്തേക്കിട്ട് ടോൾ നൽകുന്നു. ടിക്കറ്റും ബാക്കി പണവും ടോൾ ബൂത്തുകാരൻ തിരിച്ചു നൽകുന്നു. പിന്നിലെ യാത്രക്കാർ അക്ഷമരായി സാവധാനം ക്യൂവിൽ മുന്നോട്ട് നീങ്ങുന്നു. പെട്ടെന്നാണ് രാജുവിന്റെ വാഹനത്തിനു തൊട്ടു മുമ്പുള്ള ഒൻപത് വാഹനങ്ങളും ടോൾ ഒന്നും നൽകാതെ വേഗം കടന്നു പോയത്. കാര്യം മനസ്സിലാകാതെ രാജു കാറുനിറുത്തി, ഗ്ലാസ്സു താഴ്ത്തി ടോൾ കൊടുക്കാൻ കൈനീട്ടിയപ്പോൾ ബൂത്തിലെ

ജോലിക്കാരൻ പറഞ്ഞു "ആദ്യം പോയ ആൾ പുറകിൽ വരുന്ന പത്ത് വാഹനങ്ങളുടെയും ടോൾ നൽകിയിട്ടാണ് പോയത്. നിങ്ങളും ടോൾ നൽകേണ്ട. കുറച്ചുപേരെങ്കിലും ബൂത്തിൽ സമയം പാഴാക്കേണ്ട എന്നു കരുതിയാകും ആദ്യത്തെയാൾ പത്തു പേരുടെ ടോൾ നൽകിയത് അതുകൊണ്ടാണ് മുമ്പിൽ പോയ ഒമ്പതു വാഹനങ്ങൾ വേഗം പോയത്". ഒരറിവും പരിചയവുമില്ലാത്ത മറ്റുള്ള യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി യാത്ര സുഗമമാക്കാൻ ഒരാൾ വിചാരിച്ചതും ആ പത്തു വാഹനങ്ങളിലെ യാത്രക്കാർക്ക് എത്ര സന്തോഷമുണ്ടാക്കിയിട്ടുണ്ടാകും. അവരുടെ സന്തോഷത്തിന്റേയും നന്ദിയുടെയും തരംഗങ്ങൾ ആദ്യത്തെ വാഹനത്തിലെ യാത്രക്കാരനെ നന്മയായി തേടിവന്ന് അനുഗ്രഹിച്ചിട്ടുണ്ടാകും. മറ്റുള്ളവരുടെ യാത്ര നിങ്ങൾ സുഗമമാക്കിയാൽ നിങ്ങളുടെ യാത്രയും സുഗമമായി തീരും.

വേറൊരു സംഭവം ഇങ്ങനെയാണ്. ലീമയുടെ മുറ്റത്തു തഴച്ചു വളർന്നിരുന്ന ഒരു നാരകച്ചെടിയുണ്ടായിരുന്നു. നല്ല പച്ച ഇലകൾക്കിടയിൽ നിറയെ വിളഞ്ഞുനിന്നിരുന്ന തിളങ്ങുന്ന മഞ്ഞ ചെറുനാരങ്ങകളുമുണ്ടായിരുന്നു. ആ വഴി പോകുന്ന യാത്രക്കാർക്കക്ക് ഈ കാഴ്ച കണ്ണിനൊരാനന്ദമായിരുന്നു. വിളവെടുത്തപ്പോൾ ലീമ ചെറുനാരങ്ങകൾ വിറ്റില്ല. വീടിന്റെ പടിക്കൽ ഒരു കുട്ടയിൽ ചെറുനാരങ്ങകൾ നിറച്ചുവച്ചു. ഒരു ബോർഡും വച്ചു. "ദയവു ചെയ്ത് കുറച്ചു ചെറുനാരങ്ങകൾ എടുക്കുക ഇതു നിങ്ങൾക്കുള്ളതാണ്". യാത്രക്കാർ ആവശ്യാനുസരണം സന്തോഷപൂർവ്വം നാരങ്ങകളെടുത്തു. നന്ദിയുടെയും സന്തോഷത്തിന്റേയും തരംഗങ്ങൾ ലീമയേയും ആ നാരങ്ങ മരത്തേയും അനുഗ്രഹിച്ചിട്ടുണ്ടാകുമെന്നത് തീർച്ചയാണ്.

കുട്ടികളിൽ നന്മയുടെയും ആത്മവിശ്വാസത്തിന്റേയും വിത്തുകൾ പാകി കൊടുത്താൽ വലുതാകുമ്പോൾ അവരിലും നന്മയുടെ വൃക്ഷം വളർന്ന് മറ്റുള്ളവർക്ക് തണലായി മാറും. 1965 ൽ റീഡേഴ്സ് ഡൈജസ്റ്റിൽ പ്രസിദ്ധികരിച്ച ഒരു ലേഖനം കഥയിലെ നായകനും ലേഖനകർത്താവുമായ പോൾ വില്ല്യാഡിന്റെ ശൈലിയിൽ തന്നെ വിവരിക്കട്ടെ- "വിങ്ങ്ടൺ അമ്മവാന്റെ മിഠായി കടയിൽ അമ്മയുടെ കൂടെ ആദ്യമായി ഞാൻ പ്രവേശിച്ചത് എനിക്കു നാലു വയസ്സുള്ളപ്പോൾ ആയിരുന്നു. കടയിൽ നിറഞ്ഞുനിന്നിരുന്ന മധുരിക്കുന്ന ആ സുഗന്ധം ഓർക്കുമ്പോൾ അര നൂറ്റാണ്ടുകൾക്കു ശേഷം ഇപ്പോഴും എന്റെ വായിൽ വെള്ളമൂറാറുണ്ട്. കടയുടെ മുൻവശത്തുള്ള വാതിൽ തുറക്കുമ്പോഴുണ്ടാക്കുന്ന ചെറിയ മണിശബ്ദം വിങ്ങ്ടൺ അമ്മാവനെ കൗണ്ടറിലേക്ക് കൊണ്ടുവരും. മധുരപലഹാരങ്ങൾ നിരത്തി വച്ച ഗ്ലാസ്സ് കൗണ്ടറുകൾ കാണുമ്പോൾ 4 വയസ്സുള്ള എനിക്ക് പലപ്പോഴും ക്ഷമ നശിക്കാറുണ്ട്. പലതുകളിൽ നിന്നും ഒന്നു തിരഞ്ഞെടുക്കുക ബുദ്ധിമുട്ടാണ്. മധുരപലഹാരങ്ങൾ തിരഞ്ഞെടുത്ത് പൊതിഞ്ഞു വാങ്ങുമ്പോൾ തോന്നും വേറൊന്നിനായിരിക്കാം കൂടുതൽ മധുരമെന്ന്. വിങ്ങ്ടൺ അമ്മാവന്റെ കടയുടെ വാതിലിന്റെ രണ്ടു വാതിലുകൾക്കപ്പുറമാണ് ഞങ്ങളുടെ വീട്. ആവശ്യമുള്ളതെല്ലാം പൊതിഞ്ഞുവാങ്ങി; അമ്മ കുറച്ചു കടലാസ്സുകഷണങ്ങൾ പകരം അമ്മാവനു നൽകി ഞങ്ങൾ വീട്ടിലേക്കു തിരിച്ചു വന്നു. പണത്തെപ്പറ്റിയുള്ള ധാരണ നാലുവയസ്സായ എനിക്കില്ലായിരുന്നു. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ തിരിച്ചെന്തെങ്കിലും കൊടുത്താൽ മതി എന്നതായിരുന്നു എന്റെ ധാരണ. അന്നത്തെ കാലത്ത് ബേബിസിറ്റേഴ്സ് എന്ന സമ്പ്രദായം സാധാരണയല്ലാതിരുന്നതിനാൽ അമ്മ പുറത്തുപോകുമ്പോൾ എല്ലാം എന്നേയും കൊണ്ടു പോകും. തിരിച്ചുവരുമ്പോൾ വിങ്ങ്ടൺ അമ്മവാന്റെ കടയിൽ നിന്നും എന്റെ ഇഷ്ട പ്രകാരമുള്ള മധുരപലഹാരങ്ങൾ വാങ്ങി തരും.

കൊതിമൂത്ത ഒരു ദിവസം അമ്മയുടെ കണ്ണും വെട്ടിച്ച് ഞാൻ വിങ്ങ്ടൺ അമ്മാവന്റെ കടയിൽ പോയി. ഒറ്റക്ക് കടയിൽ ചെന്ന എന്നെ കണ്ട് വിങ്ങ്ടൺ അമ്മാവൻ അത്ഭുതപ്പെട്ടു. തിടുക്കത്തിൽ എനിക്കിഷ്ടമുള്ള പലഹാരങ്ങളെല്ലാം തിരഞ്ഞെടുത്ത് പൊതിഞ്ഞു തരുവാൻ ഞാൻ ആവശ്യപ്പെട്ടു. "ഇതിനെല്ലാം തരുവാൻ നിന്റെ കൈയ്യിൽ വേണ്ടത്ര പണമുണ്ടോ" വിങ്ങ്ടൺ അമ്മാവൻ ചോദിച്ചു. "തീർച്ചയായും" എന്റെ ട്രൗസറിന്റെ പോക്കറ്റിൽ സുക്ഷിച്ചിരുന്ന പൊതിയെടുത്ത് ഞാൻ വിങ്ങ്ടൺ അമ്മാവനു നീട്ടി. ആ വെള്ളി കടലാസ്സു പൊതിതുറന്നു എന്റെ മുഖത്തേയ്ക്കും ആ പൊതിയിലേക്കും അമ്മാവൻ മാറി മാറി നോക്കുന്നത് കണ്ട് ഞാൻ ചോദിച്ചു "എന്താ ഇത്രയും പോരേ" എന്റെ ഇത്രയും കാലത്തെ

സമ്പാദ്യമായിരുന്ന ഭംഗിയുള്ള വെള്ളാരം കല്ലുകളും, കുന്നിക്കുരുവും, മഞ്ചാടിക്കുരുവും മായിരുന്നു പൊതിയിൽ. ഒരു നിമിഷം ആലോചിച്ച ശേഷം വിങ്ങ്ടൺ അമ്മാവൻ പറഞ്ഞു "ഇതു ധാരാളം മതി. കുറച്ചു ബാക്കി അങ്ങോട്ടുതരാനുമുണ്ട്". ഞാൻ തിരഞ്ഞെടുത്ത മധുരപലഹാരങ്ങളുടെ പൊതിയും വില കഴിച്ചു ബാക്കിയെന്നവണ്ണം ഒരു നാണയതുട്ടും എനിക്കു തന്ന് വിങ്ങ്ടൺ അമ്മാവൻ സൂക്ഷിച്ചു വീട്ടിൽ പോകണമെന്നു പറഞ്ഞ് എന്നെ യാത്രയാക്കി. മധുരപലഹാരങ്ങളുടെ വില വിങ്ങ്ടൺ അമ്മാവന് അമ്മ പിന്നീട് കൊടുത്തുവോ അമ്മാവൻ അതു വാങ്ങിയോ എന്നെനിക്കിപ്പോഴും അറിയില്ല. കുട്ടികൾ ഒറ്റക്ക് പുറത്തു പേകരുതെന്നുമാത്രം അമ്മ പറഞ്ഞു.

എനിക്കു ആറുവയസ്സുള്ളപ്പോൾ ഞങ്ങൾ ആ പട്ടണം വിട്ട് വേറൊരിടത്തു താമസമാക്കി. ഞാൻ വളർന്നു വലുതായി. വിവാഹവും കഴിഞ്ഞു. ഞാനും ഭാര്യയും ചേർന്ന് സ്വന്തമായി ഒരു അക്വേറിയം തുടങ്ങി. ആഫ്രിക്കയിൽ നിന്നും സൗത്ത് അമേരിക്കയിൽ നിന്നും അലങ്കാര മത്സ്യങ്ങളെ വരുത്തി പ്രജനനം നടത്തി മത്സ്യകുഞ്ഞുങ്ങളെ വിൽക്കുന്നതായിരുന്നു ബിസിനസ്സ്. ബിസിനസ്സ് അതിന്റെ പ്രാരംഭ ഘട്ടത്തിലായിരുന്നു. ഒരു ദിവസം ഏകദേശം 4 വയസ്സുള്ള ഒരു പെൺകുട്ടി ഞങ്ങളുടെ കടയിൽ വന്നു. കൂടെ 6 വയസ്സു തോന്നിക്കുന്ന സഹോദരനും അവർ രണ്ടു പേരും കൂടി അവർക്കിഷ്ടമുള്ള ഗോൾഡ് ഫിഷ്, ഏഞ്ചൽ ഫിഷ് തുടങ്ങിയവ തിരഞ്ഞെടുത്ത് ഗ്ലാസ്സ് കുപ്പികളിലാക്കി കൊടുക്കാൻ പറഞ്ഞു. "ഏകദേശം മുപ്പതു ഡോളർ വിലവരും എല്ലാ ത്തിനും കൂടി. ഞാൻ ചോദിച്ചു" "ഇതിനെല്ലാം നിങ്ങളുടെ കയ്യിൽ പണമുണ്ടോ"?. കയ്യിലിരുന്ന രണ്ടു നാണയത്തുട്ടുകൾ നീട്ടിക്കൊണ്ട് പെൺകുട്ടി പറഞ്ഞു "ഉണ്ടല്ലോ". ഒരു നിമിഷം ഞാൻ തരിച്ചു നിന്നുപോയി. വർഷങ്ങൾക്കു മുമ്പു വിങ്ങ്ടൺ അമ്മാവന്റെ കടയിൽ ഞാൻ നിൽക്കുന്നത് എനിക്കു ഓർമ്മവന്നു. കുട്ടികളുടെ നിഷ്കളങ്കതയെ വേദനിപ്പിക്കുവാൻ എനിക്കു സാധിക്കില്ല. എന്റെ നിശബ്ദയിൽ സംശയം തോന്നിയ കുട്ടികൾ ചോദിച്ചു. "എന്താ ഈ പണം തികയുകയില്ലേ". "ഇത് ധാരാളം, കുറച്ച് ചില്ലറ ബാക്കിയുമുണ്ട്" എന്നു പറഞ്ഞു ഞാൻ അവരുടെ നാണയതുട്ടുകൾ പെട്ടിയിലിട്ട് വേറൊരു നാണയതുട്ട് ബാക്കിയെന്നോണം തിരിച്ചുകൊടുത്തു. അവർ തിരഞ്ഞെടുത്ത വർണ്ണ മത്സ്യങ്ങളെയെല്ലാം ഭംഗിയായി സ്പടിക പാത്രത്തിലാക്കി കൊടുത്തിട്ടു പറഞ്ഞു "സൂക്ഷിച്ചുകൊണ്ടുപോകണം" കുട്ടികൾ നടന്നു പോകുന്നതു കണ്ടു കൊണ്ട് സ്തംഭിച്ചു നിന്നിരുന്ന എന്റെ അടുത്ത് വന്ന് ഭാര്യ ചോദിച്ചു. "പോൾ എന്തുപറ്റി". ഞാൻ പഴയകഥയെല്ലാം വിവരിച്ചു. കണ്ണീർ തുടച്ചുകൊണ്ട് ഭാര്യ എന്റെ കവിളിൽ ചുംബിച്ചു. വിങ്ങ്ടൺ അമ്മാവൻ എന്നെ തലോടുന്നതായി എനിക്കു തോന്നി.

മധുര പലഹാരങ്ങൾക്ക് വിലയായി നലകിയ വെള്ളാരം കല്ലുകളും മഞ്ചാടികുരുവും, കുന്നിക്കുരുവും തിരിച്ചു കൊടുത്ത് അന്ന് പോളിനെ വിങ്ങ്ടൺ അമ്മാവൻ മടക്കി അയച്ചിരുന്നെങ്കിൽ അവന്റെ ആത്മവിശ്വാസവും സന്തോഷവും മുളയിൽ തന്നെ കരിഞ്ഞു പോകുമായിരുന്നു. വിങ്ങ്ടൺ അമ്മാവൻ നൽകിയ ആത്മവിശ്വാസത്തിന്റേയും സന്തോഷ ത്തിന്റേയും വിത്തുകൾ വളർന്ന് പ്രകൃതിയുടെ ഒരു വൃത്തം പൂർത്തികരിക്കുകയാണുണ്ടായത്. പ്രകൃതിയുടെ ഓരോ ചലനവും ചാക്രികമാണ്. അതു പൂർത്തീകരിച്ചുകൊണ്ടേയിരിക്കും.

നമ്മുടെ ചിന്തകളും, വാക്കുകളും, പ്രവർത്തികളും, കുട്ടികളെയും, കൂട്ടുകാരേയും, സമൂഹത്തേയും, പരിപോഷിപ്പിക്കുന്നതാകട്ടെ. നമ്മുടെ സാന്നിദ്ധ്യം മറ്റുള്ളവരിൽ ഊർജ്ജവും സന്തോഷവും പകരുന്നതാവട്ടെ. ഏറ്റവും നിരാശയുള്ള നിമിഷങ്ങളിൽ പോലും നിഷേ ധാത്മക ചിന്തകൾ മനസ്സിൽ വരാതിരിക്കട്ടെ. എന്തെന്നാൽ നമ്മുടെ ആത്മാവിന്റെ ബന്ധുവും ശത്രുവും നമ്മുടെ മനസ്സുതന്നെയാണ്. ഭഗവത് ഗീതയിൽ ഇങ്ങനെ ഒരു ശ്ലോകമുണ്ട്. "ഉദ്ധരേ ദാത്മനാത്മാനം നാത്മാനമവസാദയേത്, ആത്മൈവഹ്യാത്മനോ ബന്ധു, രാത്മൈവരി പുരാത്മന" ആത്മാവിനെ മനസ്സ് കൊണ്ട് ഉണർത്തുക, ഒരിക്കലും താഴ്ത്തരുത് എന്തെന്നാൽ ആത്മാവിന്റെ ഏറ്റവും അടുത്ത ബന്ധു മനസ്സാണ്, ആത്മാവിന്റെ ബദ്ധശത്രുവും മനസ്സുതന്നെ. ജീവിതത്തിലെ നിരാശകളിലും വിരസതകളിലും ഉരുവിടാൻ പറ്റിയ ഒരു ശാന്തി മന്ത്രമുണ്ട്. ഓം ശാന്തി ശാന്തി ശാന്തി. പ്രകൃതിയിൽ നിന്നും (ആധി ദൈവികം) ചുറ്റുപാടുകളിൽ നിന്നും (ആധി ഭൗതികം)

അവനവനിൽ നിന്നും( അദ്ധ്യാത്മികം) ഉണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളും നമ്മെ ബാധിക്കാതിരിക്കാൻ ശാന്തി മന്ത്രം ചൊല്ലി ശാന്താകാരനായ ഭഗവനോട് ശാന്തി പ്രദാനം ചെയ്യാനുള്ള പ്രാർത്ഥനയാണിത്. നമ്മുടെ പ്രാർത്ഥനകളെല്ലാം സഫലീകരിക്കട്ടെ.

നമ്മളെല്ലാം ജീവിതയാത്രയിൽ അസ്തമയം കാണാൻ പുറപ്പെട്ട് വനമദ്ധ്യത്തിൽ ചെന്നുപെട്ട യാത്രക്കാരാണ്. നമ്മുടെ ചിന്തകൾ എപ്പോഴും പ്രപഞ്ചത്തെ പോഷിപ്പിക്കട്ടെ. നമ്മുടെ പ്രവർത്തികൾ നല്ല നാളെ മാത്രം സൃഷ്ടിക്കാൻ കഴിവുള്ളതാകട്ടെ. സുന്ദരമായ ഒരു അസ്തമയം കാണാൻ യാത്രാവസാനം ഇടവരട്ടെ. ■

## 13 –ാം ചരമവാർഷികം

**13. 11. 2014**



**കെ. പി. ഗോപാലമേനോൻ**

*കാഞ്ഞങ്ങാട്ട് ഹൗസ്*

*അരങ്ങത്ത് റോഡ്*

*പുല്ലേപ്പടി, കൊച്ചി 682018*

*സന്തപ്ത കുടുംബാംഗങ്ങൾ*



# നായർ സർവ്വീസ് സൊസൈറ്റിയ്ക്ക്

## എറണാകുളം കരയോഗത്തിന്റെ

## ശതാബ്ദി ആശംസകൾ


ഒരു നൂറ്റാണ്ട് മുൻപ് പെരുന്നയിൽ തുടങ്ങി വച്ച ഒരു മഹാപ്രസ്ഥാനം വളർന്ന് പന്തലിച്ച് സമൂഹത്തിന്റെ സമസ്ത മേഖലകളിലും സാമൂഹ്യ, സാംസ്ക്കാരിക, വിദ്യാഭ്യാസ ആതുരസേവനം തുടങ്ങി രാഷ്ട്രനിർമ്മാണത്തിൽ വരെ അതിന്റേതായ പങ്കുവഹിക്കുകയും, 6000 ഓളം കരയോഗങ്ങളും 200 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സമസ്ത മേഖലയിലും വിരാജിക്കുന്ന നായർ സർവ്വീസ് സൊസൈറ്റിക്ക് എറണാകുളം കരയോഗത്തിന്റെ ആശംസകൾ. ഈ മഹാപ്രസ്ഥാനത്തിന് രൂപം കൊടുത്ത പിതാമഹൻമാരെയും, കാലാകാലങ്ങളിൽ ഇതിന്റെ വളർച്ചയ്ക്കും, യശസ്സിനും കീർത്തിക്കും നേതൃത്വം നൽകിയ എല്ലാ മുൻസാരഥികളെയും ഇത്തരുണത്തിൽ അഭിമാനപുരസ്സരം സ്മരിക്കുന്നു. നായർ സർവീസ് സൊസൈറ്റിക്ക് നാൾക്കുനാൾ യശസ്സും കീർത്തിയും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു.

പി രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# സ്ത്രീ
## ശാക്തീകരണം



രാജലക്ഷ്മി



*"യത്ര നാര്യസ്തു പൂജ്യന്തേ
രമന്തേ തത്ര ദേവത".*

എവിടെ സ്ത്രീ ആദരിക്കപ്പെടുന്നുവോ അവിടെ ദേവത കുടിയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവരുടെ നാടാണിത്. ഈശ്വരനെ തന്നെ നാം അർദ്ധനാരീശ്വരനായി സങ്കല്പിക്കുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പുരുഷനോടൊപ്പം തന്നെ തല ഉയർത്തി നിൽക്കുന്ന കഥാപാത്രങ്ങളെ നമുക്ക് ദർശിക്കാനാകും. സ്ത്രീയെ തന്നെ ആദ്യമായി ചൂണ്ടിക്കാട്ടി ലോകത്തോട് വിളിച്ചുപറഞ്ഞത് ആദികവി വാത്മീകി മഹർഷിയാണ്. അതിന് ഉത്തമോദാഹരണമാണ് സീത. സീത, അഹല്യ, അരുന്ധതി, മണ്ഡോദരി , കുന്തിദേവി, മുതലായ മഹിളാരത്നങ്ങളുടെ ജീവിതചരിത്രം നമ്മെ പല ഗുണപാഠങ്ങളും പഠിപ്പിക്കുന്നു. മഹിള എന്നു പറഞ്ഞാൽ മഹത്തായ ശക്തിയുള്ളവളെന്നും വനിത എന്നുപറഞ്ഞാൽ അഭയദായിനി എന്നുമാണ് പൊരുൾ. സരസ്വതി, ലക്ഷ്മി, പാർവ്വതി, സ്ത്രീയുടെ മൂന്നുരൂപങ്ങളാണ്. വിദ്യാസമ്പന്നയായ വിനയാന്വിതയായ, സംസാരശേഷിയുള്ളവളായ അവൾ വിദ്യകൊണ്ട് ധനം സമ്പാദിച്ച് ശക്തിയാർജ്ജിക്കുന്നു. പാർവ്വതിയായി തീരുന്നു. കോപം വന്നാലോ അവൾ ദുർഗ്ഗയായി മാറുന്നു. "Frality they name is woman" ദൗർബല്യമേ നിന്റെ പേരോ സ്ത്രീ എന്ന് പണ്ട് പറഞ്ഞ ഷെക്സ്പീയർ ഇന്നു ജീവിച്ചിരിപ്പുണ്ടെങ്കിൽ ആ അഭിപ്രായം തിരുത്തുമായിരുന്നു. സ്ത്രീ കുടുംബത്തിന്റെ, സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ തന്നെ വിളക്കാണ്. കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച വിവേകാനന്ദജീ ഇവിടുത്തെ വനിതകളെ കുറിച്ച് പറഞ്ഞത് സംസ്കാര സമ്പന്നകളായ വനിതകളാണ് കേരളത്തിന്റെ വൈശിഷ്ട്യം എന്നാണ്. സ്ത്രീ അബലയല്ല, പ്രബലയാണ്. അറിവും, ആത്മാഭിമാനവും കാര്യശേഷിയും, കാരുണ്യവും ഉള്ള സ്ത്രീയുടെ ഉയർച്ചയിലാണ് ഭാവിലോകം തന്നെ നിലനില്ക്കുന്നത്. സ്വാതന്ത്ര്യം നേടുന്നതിനു മുമ്പ് നാല് ചുവരുകൾക്കുള്ളിൽ ജീവിതം തള്ളിനീക്കിയിരുന്ന അന്നത്തെ സ്ത്രീകളല്ലാ ഇന്നത്തേത്. ഇന്ന് വനിതകൾ ഏതൊരു രംഗത്തും തിളങ്ങി നില്ക്കുന്നു. ആധുനികലോകം തൊഴിലാളിയുടേയോ മുതലാളിയുടെയോ അല്ല - മറിച്ച് അറിവുള്ളവരുടേതാണ്. കാലത്തിന്റെ മാറ്റങ്ങൾക്കനുസൃതമായി സങ്കല്പങ്ങളും അടവുകളും മാറ്റണം.

ഇപ്പോൾ ചില വിദ്യാലയങ്ങളിൽ ഷീ പദ്ധതി തുടങ്ങിയിട്ടിണ്ട്. പെൺകുട്ടികൾ സ്വയം സംരക്ഷിക്കാനും പ്രതിരോധിക്കാനും അവരെ സംരക്ഷിക്കുവാനും, ബഹുമാനിക്കാനും കഴിവുള്ള സാമൂഹിക ബോധമുള്ള ആൺകുട്ടികളും സമൂഹത്തിന് ആവശ്യമാണെന്ന തിരിച്ചറിവാണ് ആൺകുട്ടികളെ ഈ പദ്ധതിയിൽ ചേർക്കുവാൻ സ്കൂൾ അധികൃതരെ പ്രേരിപ്പിച്ചത്. കളരി, കരാട്ടെ, തായ്ക്കൊണ്ട തുടങ്ങിയ ആയോധന കലകളിലൂടെ ശരീരത്തിനും, യോഗയിലൂടെ

മനസ്സിനും ശക്തി പകരുന്നു. ആരെല്ലാമാണ് തങ്ങളെ ഉപദ്രവിക്കുക, തങ്ങൾക്ക് അപകടം പറ്റിയാൽ എന്തെല്ലാം ചെയ്യണം എന്നല്ലൊം ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് അവബോധ മുണ്ടാക്കി കൊടുക്കുന്നു. മേധപട്കർ, ദയാഭായ്, കിരൺബേദി തുടങ്ങിയ ധീര വനിതകളുടെ പ്രചോദനാത്മകമായ ജീവിത ചരിത്രങ്ങൾ ചർച്ച ചെയ്യണം. ജീവിതത്തിൽ നേരിടേണ്ടി വരുന്ന എത് പ്രതിബന്ധങ്ങളെയും മാനസികമായും, ശാരീരികമായും തരണം ചെയ്യാൻ പെൺ കുട്ടികളെ പ്രാപ്തരാക്കണം.

സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിലെ വനിതകളും പുരുഷൻമാരും തുല്ല്യത പറയുമ്പോഴും പ്രായോഗികതലത്തിൽ സ്ത്രീകൾക്കെതിരെ പല വിവേചനങ്ങളും നടക്കുന്നുണ്ട്. സ്ത്രീകൾ ഇന്നും പൊതുമേഖല കളിൽ അനുഭവിക്കുന്ന പീഢനങ്ങൾക്ക് അതിരില്ല. മാധ്യമങ്ങളിലൂടെ, പത്രങ്ങളിലൂടെ നാം കാണുന്നു, കേൾക്കുന്നു - ജനിച്ചു വീഴുന്ന ആശുപത്രി മുതൽ ഓഫീസ്, പോലീസ് സ്റ്റേഷൻ, വാഹനങ്ങൾ എന്തിന് നിതീന്യായകോടതിയിൽ വരെ സ്ത്രീ സുരക്ഷിതയാണോ? സ്ത്രീധനം, ബലാൽസംഗം, പെൺവാണിഭം, ലൈംഗിക പീഢനം തുടങ്ങിയ തിന്മകൾ യാതൊരു കുസലും കുടാതെ നാടെങ്ങും നടമാടിക്കൊണ്ടി രിക്കുന്നു.

ഈ അനീതിക്കെതിരെ പുരുഷൻമാരല്ല പ്രതികരിക്കേണ്ടത്. അനീതിക്കെതിരെ സ്ത്രീ കൾ തന്നെ മുന്നിട്ടിറങ്ങി പൊരുതണം. സ്ത്രീ തന്നെയാണ് ധനം, ശക്തി എന്ന് അവർ പ്രവർത്തിച്ചു കാണിച്ചു കൊടുക്കണം. ശബ്ദ മുയർത്തണം. സ്ത്രീ പീഢിപ്പിക്കപ്പെടുമ്പോൾ സമൂഹം അവളെ മാത്രം കുറ്റപ്പെടുത്തുന്നു. അഭിമാനത്തിന്റെ പേരിൽ അവൾ അത് പുറത്തു പറയാൻ ഭയപ്പെടുന്നു. ഝാൻസിറാണി, ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി, വിജയലക്ഷ്മി പണ്ഡിറ്റ്, ജസ്റ്റിസ് ഫാത്തിമ ബീവി, കിരൺ ബേദി, ഐ.പി.എസ് ബഹിരാകാശ സഞ്ചാരിണിയായ കല്പന ചൗള, രാഷ്ട്രപതി യായിരുന്ന പ്രതിഭാ പാട്ടീൽ തുടങ്ങിയ വനിതാ രത്നങ്ങൾ അവരുടെ പ്രതിഭ തെളിയിച്ചവരാണ്. അടുക്കളയിൽ നിന്നു അരങ്ങത്തേയ്ക്കു വരണം. പാർലിമെന്റിൽ സ്ത്രീകൾക്ക് 33 1/3 സംവരണം ലഭ്യമാക്കണം. സ്ത്രീകൾ രംഗത്തു വന്നാൽ അവിടെ അഴിമതി കുറയും. പുരുഷമേധാവിത്വ ത്തിന്, ആധിപത്യത്തിന് ശമനമുണ്ടാകും. സ്ത്രീകളുടെ ആവശ്യതകൾ ഉന്നയിക്കുവാനുള്ള വേദി നഷ്ടപ്പെടുത്തരുത്. അതിനായി സ്ത്രീകൾ ഒന്നടങ്കം സംഘടിച്ച് ശക്തരായി പോരാടണം. ഇന്ന് അനുഭവിക്കുന്ന വൻവിപത്തായ മദ്യ ത്തിനും മയക്കുമരുന്നിനുമെതിരെ പോരാടണം. തോറ്റു പിൻമാറരുത്. ചങ്കൂറ്റത്തോടെ അഴിമതി ക്കെതിരെ പോരാടാൻ, ചോദ്യം ചെയ്യാൻ അഹോരാത്രം പരിശ്രമിക്കണം.

സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ്, ശിവനും ശിവയും ചേർന്നാലേ പൂർണ്ണതയാവു. പുരുഷനും സ്ത്രീയും മത്സരിച്ചല്ല, മറിച്ച് തോളോട്തോൾ ചേർന്ന് പ്രവർത്തിച്ച്, സ്ത്രീ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് പ്രസംഗത്തിലൂടെയല്ല പ്രവർ ത്തിയിലൂടെ കാണിച്ച് കൊടുത്ത് തെളിയി ക്കണം.

■

## എറണാകുളം കരയോഗം വിമൺസ് ഫോറം

*2014 നവംബർ മാസത്തെ പരിപാടികൾ*

| തീയതി | സമയം | വിഷയം | മുഖ്യപ്രഭാഷകർ |
|---|---|---|---|
| 19.11.2014 (ബുധൻ) | 4.00 pm | Cooking Class (Snacks & Salads) | Mrs. Lakshmi Gopalan |

എല്ലാ ബുധനാഴ്ചകളിലും 3 pm- 4 pm നാരായണീയ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

# ഒരാൾ



പത്മജ മേനോൻ

അവൾ ബസ്സിൽ തന്റെ സീറ്റിൽ കയറിയിരുന്നു ചുറ്റും കണ്ണോടിച്ചു താൻ ഈ നഗരത്തോടു വിട ചൊല്ലുകയാണ് തനിക്ക് തന്റെ നാട്ടിലേക്ക് സ്ഥലമാറ്റം കിട്ടിയിരിക്കുന്നു. പുതുമകൾ ഒന്നും തന്നില്ലെങ്കിലും ഈ നഗരം തന്നെ വേദനിപ്പിച്ചിരുന്നില്ലയെന്ന് അവൾ ഓർത്തു. അപ്പോഴാണ് ഒരു കുഞ്ഞുമായി ഒരാൾ തന്റെ അരികിൽ വന്നിരുന്നത്. അയാളുടെ സീറ്റായിരുന്നു അത്. ഓമനത്വമുള്ള ആ കുഞ്ഞ് തന്റെ മുടിയിൽ പിടിച്ചു വലിക്കുകയും തന്റെ അടുത്തേക്കു വരുവാൻ ശ്രമിക്കുകയും ചെയ്തു കൊണ്ടിരുന്നു. അപ്പോഴെല്ലാം അയാൾ കുഞ്ഞിനെ മാറ്റി കൊണ്ടിരുന്നു. അവൾ അയാളെ നോക്കി അയാൾ എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയാണ് താമസിയാതെ ബസ്സ് പുറപ്പെട്ടു. കുറച്ചു സമയം കഴിഞ്ഞപ്പോൾ എല്ലാവരും ഭക്ഷണം കഴിക്കുവാൻ തുടങ്ങി. അവളും കരുതിയിരുന്ന ചപ്പാത്തിയും കറിയും കഴിച്ചു. അപ്പോൾ അയാൾ കുഞ്ഞിന് കുപ്പിപ്പാൽ കൊടുക്കുകയായിരുന്നു. ഈ കുഞ്ഞിന്റെ അമ്മ എവിടെ പോയി എന്നവൾ ചിന്തിച്ചു. ആ മുഖത്ത് നോക്കിയപ്പോൾ അയാളുടെ സ്ഥായിയായ ഭാവം നിരാശയാണെന്നു തോന്നി അവൾ ഒന്നും ചോദിച്ചില്ല. അയാൾ അയാളുടെ ഭക്ഷണപൊതിയെടുത്തു കഴിക്കുവാൻ തുടങ്ങി. കുഞ്ഞിനെയും മടിയിൽവെച്ചു കഴിക്കുവാൻ അയാൾ പാടുപെടുന്നുണ്ടായിരുന്നു. അവൾ അയളോട് പറഞ്ഞു കുഞ്ഞിനെ ഇങ്ങുതരു നിങ്ങൾ ഭക്ഷണം കഴിച്ചോളൂ. ഉടനെ തന്നെ കുഞ്ഞിനെ അയാൾ അവൾക്ക് നേരെ നീട്ടി. അവൾ കുഞ്ഞിനെ ലാളിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് ഒരു ശബ്ദത്തോടെ ബസ്സ് മറിഞ്ഞത്. പിന്നീട് അവൾക്ക് ഓർമ്മ വന്നപ്പോൾ അവൾ ഒരു ആശുപത്രിയിൽ കിടക്കുകയാണ്. നെറ്റിയിൽ നല്ല മുറിവ് പറ്റിയിരിക്കുന്നു. തന്റെ അരികിൽ കാലിട്ട് ഇളക്കിചിരിച്ചുകൊണ്ട് ആ കുഞ്ഞ് കിടക്കുന്നു. അവൾ ചാടി എഴുന്നേറ്റു. അപ്പോഴെക്കും അവിടുത്തെ നേഴ്സും നാട്ടുകാരുമെല്ലാം ഓടിവന്നു. അവൾ പറഞ്ഞു ഇത് എന്റെ കുഞ്ഞല്ല. എന്റെ അടുത്ത് ഇരുന്ന ആളുടെയാണ്. അപ്പോൾ നാട്ടുകാരിലെരാൾ പറഞ്ഞു. നിങ്ങൾ ഈ കുട്ടിയെ ഇറുക്കെ പിടിച്ച് കൊണ്ടാണല്ലോ കിടന്നിരുന്നത്. പിന്നെന്താ ഇപ്പോൾ ഇങ്ങനെ പറയുന്നത്. അവൾ ഉണ്ടായ സംഭവം പറഞ്ഞു. എന്നാൽ കുട്ടിയുടെ അച്ഛൻ ഇവിടെ തന്നെയുണ്ടാവും എന്നു പറഞ്ഞ് അവരെല്ലാവരും കൂടെ അപകടത്തിൽപ്പെട്ട ആളുകളെയെല്ലാവരെയും പോയി നോക്കി. പക്ഷേ അയാൾ അതിൽ ഉണ്ടായിരുന്നില്ല. നാലുപേർ മരിച്ചിട്ടുണ്ട്. അതിൽ ഉണ്ടോ എന്ന് നോക്കാം എന്നു പറഞ്ഞ് അവർ മോർച്ചറിയിലേയ്ക്കു പോയി. മൂന്ന് പേരെയും നോക്കിയപ്പോൾ അയാൾ ആയിരുന്നില്ല. നാലാമത്തെ ആൾ അയാളായിരുന്നു. അവളാകെ വിയർക്കുവാൻ തുടങ്ങി. ഇനി എന്ത് ചെയ്യും അവൾക്ക് കരച്ചില് വന്നു. മറ്റുള്ളവർ പറഞ്ഞു, പോലിസിൽ വിവരം പറയാം അവൾക്ക് കണ്ണിൽ ഇരുട്ടുകയറുന്നതുപോലെ തോന്നി അവൾ കണ്ണടച്ച് മിണ്ടാതെ കുറച്ച് സമയം ഇരുന്നു. കുഞ്ഞിനെ നോക്കിയപ്പോൾ അത് തന്റെ സാരിയിൽ പിടിച്ച് ഒളിച്ചു കളിക്കുകയാണ്. തന്നെ നോക്കി ചിരിക്കുന്നു. അവൾക്ക് തോന്നി ഇത് ഒരു നിയോഗമായിരിക്കും. അല്ലെങ്കിൽ തനിക്ക് ആ കുഞ്ഞിനെ എടുക്കുവാൻ തോന്നുമായിരുന്നില്ല. അയാളുടെ കൈയ്യിലായിരുന്നെങ്കിൽ ഇപ്പോൾ കുഞ്ഞ് ജീവിച്ചിരുപ്പുണ്ടാവില്ല. കുഞ്ഞിന്റെ മുഖത്തു നോക്കുമ്പോൾ അതിനെ ഉപേക്ഷിച്ച് കടന്നുകളയാൻ

തോന്നിന്നില്ല. അവൾ പെട്ടെന്ന് ദൃഢനിശ്ചയത്തോടെ കുഞ്ഞിനെ വാരിയെടുത്ത് തന്റെ ബാഗുമായി ആശുപത്രിയിൽ നിന്ന് ഇറങ്ങി. മറ്റൊരു ബസ്സിൽ കയറി നാട്ടിലേക്ക് തിരിച്ചു. നാട്ടിൽ ബസ്സ് ഇറങ്ങിയപ്പോൾ ആദ്യം കണ്ടത് ചായക്കടക്കാരൻ അബു സൈക്കിളിൽ വരുന്നതാണ്. വരുന്ന വഴിയാണോ ഇത് ഏതാ ഈ കുഞ്ഞ് എന്നുചോദിച്ചപ്പോൾ ആ ഒരു കുഞ്ഞിനെ കിട്ടിയെന്നു പറഞ്ഞു. വീട്ടിൽ എത്തിയപ്പോൾ കുഞ്ഞിനെ കണ്ട് അമ്മ അന്ധാളിച്ചു. നടന്ന സംഭവമെല്ലാം പറഞ്ഞു. തന്റെ നെറ്റിയിലെ മുറിവും എല്ലാം കണ്ടപ്പോൾ അമ്മയ്ക്ക് വിശ്വാസമായി. എന്നാലും ഈ കുഞ്ഞിനെ നീ കൊണ്ടുവരണ്ടായിരുന്നു ഇനി എന്തെല്ലാം കേൾക്കേണ്ടിവരുമോ ആവോ. അമ്മ നെടുവീർപ്പ് ഇട്ടു. അപ്പോഴെക്കും നാട്ടിൽ മുഴുവനും ഭാർഗ്ഗവിയുടെ മകൾ ഗൗരി ജോലിക്ക് പോയ അവിടെ നിന്ന് ഒരു കുഞ്ഞുമായി വന്നിരിക്കുന്നു എന്ന വാർത്ത കാട്ടുതീ പോലെ പടർന്നിരുന്നു. അപമാനവും, ദുഃഖവും കൊണ്ട് അവൾ ആകെ തളർന്നു. അമ്മ തന്നോട് ദേഷ്യപ്പെടുകയും ശാപവാക്കുകൾ പറയുകയും ചെയ്തു. പക്ഷേ കുഞ്ഞിന്റെ മുഖത്ത് നോക്കുമ്പോൾ അവൾ എല്ലാം മറന്നു. അവൻ ഒന്നും അറിയാതെ മിടുക്കനായി ഇരുന്നു. അവനെ കണ്ണൻ എന്ന് വിളിക്കുവാൻ തുടങ്ങി. അടുത്ത ദിവസം തന്നെ അവൾ ജോലിയിൽ പ്രവേശിച്ചു. തിരിച്ച് വീട്ടിലേക്ക് വരുമ്പോഴെക്കും അമ്മ ചില തീരുമാനങ്ങൾ എടുത്തിരുന്നു. കുഞ്ഞിനെ കുറച്ച് അകലെയുള്ള അനാഥാലയത്തിൽ ആക്കുവാനും തനിക്ക് പെട്ടെന്ന് ഒരു വിവാഹം നടത്തുവാനുമായിരുന്നു തീരുമാനം. അവൾ ആദ്യം എതിർത്തുവെങ്കിലും അമ്മയുടെ ദുർവാശിക്കു മുന്നിൽ കീഴടങ്ങി. എന്നെക്കാൾ അനാഥനായ ആ കുട്ടിയാണ് നിനക്ക് വലുതെങ്കിൽ ഞാൻ ആത്മഹത്യ ചെയ്യുമെന്ന് ഭീഷണി മുഴക്കി. ഗത്യന്തരമില്ലാതെ അടുത്ത ദിവസം തന്നെ കുഞ്ഞിനെ കൊണ്ടുപോയി അനഥാലയത്തിൽ ആക്കി. അവരുടെ സൂപ്പിരിയർ മദർ സ്ഥലത്ത് ഇല്ലാത്ത കാരണം നിയമനടപടികൾ ഒന്നും ചെയ്തിരുന്നില്ല. അമ്മയുടെ പരിചയത്തിൽ ഒരു സിസ്റ്റർ ഉള്ളത് കൊണ്ട് രണ്ട് ദിവസം കുഞ്ഞ് ഇവിടെ നിൽക്കട്ടെ അപ്പോഴെക്കും മദർ എത്തുമെന്ന് പറഞ്ഞ് അവർ കുഞ്ഞിനെ സ്വീകരിച്ചു. തിരിച്ച് പോരുമ്പോൾ അവൾക്ക് കരച്ചിലടക്കുവാൻ കഴിഞ്ഞില്ല. കണ്ണൻ കൈ നീട്ടി തന്നെ നോക്കി കരയുന്നുണ്ടായിരുന്നു. ഹൃദയം പൊടിയുന്നതുപോലെ അവൾക്ക് തോന്നി. രണ്ടുദിവസം എങ്ങനെ കഴിഞ്ഞുപോയി എന്ന് അവൾക്കറിയില്ലായിരുന്നു. പിറ്റേന്ന് രാവിലെ അനാഥാലയത്തിലെ ഒരാൾ വന്നു പറഞ്ഞു കുഞ്ഞിനു തീരെ വയ്യ മിണ്ടുന്നില്ല നിങ്ങൾ പെട്ടെന്ന് വരണം. അമ്മ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. അവൾ എത്രയും വേഗം അനാഥാലയത്തിൽ എത്തി. കണ്ണൻ തളർന്നു കിടക്കുകയാണ്. നല്ല പനിയുമുണ്ട്. അവൾ കണ്ണാ കണ്ണാ എന്നു വിളിച്ചു. മോന്റെ അമ്മ വന്നിരിക്കുന്നു എന്നു പറഞ്ഞു അവൾ ആദ്യമായിട്ടാണ് അങ്ങനെ സംബോധന ചെയ്യുന്നത്. പൊന്നുമോനല്ലേ എന്ന് കരച്ചിലോടെ വിളിച്ചപ്പോൾ അവൻ അനങ്ങുവാൻ തുടങ്ങി. എല്ലാവർക്കും സന്തോഷമായി. ഒരു അമ്മയാകുവാൻ പ്രസവിക്കേണ്ട കാര്യമില്ലെന്ന് അന്ന് അവൾക്ക് മനസ്സിലായി. അവൾ കുഞ്ഞിനെയും കൊണ്ട് വീട്ടിലേക്ക് തിരിച്ചു. ഭാഗ്യത്തിന് നിയമനടപടികൾ ഒന്നും എടുക്കാത്തത് കൊണ്ട് പ്രശ്നങ്ങൾ ഒന്നും തന്നെയുണ്ടായില്ല. വീട്ടിൽ എത്തിയപ്പോൾ അമ്മ ഒന്നും മിണ്ടിയില്ല. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവന്റെ കളിയിലും, ചിരിയിലും അമ്മ പങ്കു ചേരുവാൻ തുടങ്ങി. ഇതിനിടെ നാട്ടുകാർ വന്ന് അമ്മയെ കുറ്റപ്പെടുത്തുവാനും, വേദനിപ്പിക്കുവാനും മറന്നില്ല.

വിവാഹാലോചനകൾ മുറയ്ക്ക് നടന്ന് കൊണ്ടിരുന്നു. തന്നെ ഇഷ്ടമായെങ്കിലും മോനെ ഏറ്റടുക്കുവാൻ തയ്യാറായി ആരും വന്നില്ല. മോന്റെ കുസൃതിത്തരങ്ങളിൽ ദിവസങ്ങൾ ഓടിമറയുകയായിരുന്നു. ഓഫീസിലെ ആകെയുള്ള കൂട്ട് ലളിത ചേച്ചിയാണ്. ആരോടും വഴക്ക് ഒന്നും ഇല്ല. എന്നാലും എല്ലാവരിൽ നിന്നും ഒരു അകലം താൻ പാലിച്ചിരുന്നു. സൗദാമിനിചേച്ചിയാണ് മറ്റൊരാൾ ഒന്നും മിണ്ടാൻപോയില്ലെങ്കിലും അവർ ഒരോന്നും പറഞ്ഞ് സഹതപിക്കുകയും, പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം സഹതാപ വർഷവുമായി സൗദാമിനി ചേച്ചി അടുത്ത് വന്നിരുന്നു. തനിക്ക് പെട്ടെന്നുണ്ടായ ഒരു വികാരത്തിൽ താൻ പറഞ്ഞു പ്രസിദ്ധ എഴുത്തുകാരനായ ഒരാൾ സഹതാപത്തിന്റെ നിർവചനം പറഞ്ഞിട്ടുണ്ട്. "നിനക്കു വന്ന ദുഃഖം എനിക്കു വന്നില്ലല്ലോ എന്ന സന്തോഷമാണ് സഹതാപം" സൗദാമിനിചേച്ചിയെ കാണു


മ്പോൾ ആ നിർവചനമാണ് എനിക്ക് ഓർമ്മ വരുന്നത്. അത് കേട്ട ഉടനെ അവർ ചാടി എണീറ്റ് ദേഷ്യപ്പെട്ട് പോയി. ലളിതചേച്ചി ചോദിച്ചു എന്ത് പറ്റി ഗൗരിയെന്ന്. എവിടെയും എപ്പോഴും തോറ്റ് കൊടുത്ത് മടുത്തു ചേച്ചിയെന്ന് താൻ പറഞ്ഞപ്പോൾ നീ ജീവിക്കുവാൻ പഠിച്ചു മോളെ എന്ന് പറഞ്ഞു. അപ്പോഴാണ് ഓഫീസിലെ പുതിയ ഓഫീസറുടെ വരവ്. വെളുത്ത് ഉയർന്ന് സുന്ദരനാണെങ്കിലും കർക്കശ സ്വഭാവക്കാരനായ അദ്ദേഹത്തെ എല്ലാവർക്കും ഭയമായിരുന്നു.

അമ്മ ഒരു വിഷാദരോഗിയായി മാറിയോ എന്ന് അവൾക്ക് തോന്നി. ഒന്നും മിണ്ടാതെ എപ്പോഴും മച്ചിലേക്കു നോക്കിക്കിടക്കും. അമ്മയുടെ ചുടുനിശ്വാസങ്ങൾ കൊണ്ട് ആ വീട് മുഴുവനും നിറഞ്ഞു. അച്ഛനെ കണ്ട ഓർമ്മ തനിക്ക് ഇല്ല. അമ്മ സമ്പൽ സമൃദ്ധിയുള്ള ഒരു വീട്ടിലെ അംഗമായിരുന്നു. പാട്ടത്തിനു കൊടുത്ത കൃഷിസ്ഥലങ്ങൾ തിരിച്ച് കിട്ടാതെ വന്നപ്പോൾ മുതൽ കഷ്ടകാലം ആരംഭിച്ചു പിന്നെ അച്ഛന്റെ അകാലത്തിലുള്ള മരണവും അമ്മയെ രോഗിയും അവശയുമാക്കി. പിന്നീടുള്ള ജീവിതം സ്കൂൾ മാസ്റ്ററായ അച്ഛന്റെ പെൻഷൻ കൊണ്ടായിരുന്നു. ഓർമ്മവച്ച നാൾമുതൽ അമ്മയുടെ തോരാത്ത കണ്ണീരാണ് മനസ്സിൽ. നിഷ്കളങ്കമായ തന്റെ ബാല്യവും പുളകങ്ങൾ പൂക്കുന്ന തന്റെ കൗമാരവുമെല്ലാം അമ്മയുടെ കണ്ണുനീരിൽ ഒഴുകിപ്പോയി. തനിക്ക് ഒരു ജോലികിട്ടിയതിനു ശേഷമാണ് അല്പമെങ്കിലും ആശ്വാസമായത്. അവൾ അമ്മയെ നോക്കി പാവം അമ്മ ഏതൊരു അമ്മയുടെയും മോഹമല്ലേ മോളുടെ വിവാഹം അവൾ അടുത്തുപോയിരുന്നു. അമ്മ വിഷമിക്കേണ്ട. എന്നെ മനസ്സിലാക്കാനും അംഗീകരിക്കാനും സ്നേഹിക്കുവാനുമായി ഒരാൾ വരും. അപ്പോഴും അമ്മ മറുപടിയൊന്നും പറഞ്ഞില്ല. പിന്നീട് അമ്മ ആ കിടപ്പിൽ നിന്നും എണിറ്റില്ല. കുറച്ചു ദിവസങ്ങൾക്കകം പരാതികൾ ഒന്നും പറയാതെ തന്നെ തന്റെ പാട്ടിനു വിട്ട് തന്നെ തനിച്ചാക്കി അമ്മപോയി. അമ്മയുടെ മരണം അവളെ ദുഃഖിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തു. ദൈവം എന്തിനാ തന്റെ ജീവിതത്തിൽ ഇങ്ങിനെ ദുരിതങ്ങൾ വാരി വിതറുന്നത് ?. അടച്ച് ഉറപ്പില്ലാത്ത ആ വീട്ടിൽ രാത്രികാലങ്ങളിൽ തന്റെ ഇണയെ കാണാതെ വെമ്പുന്ന രാപ്പാടിയുടെ ദീനരോദനം കേട്ടുകൊണ്ട് അവൾ ഉറങ്ങാതെ കിടന്നു. മോൻ പെട്ടെന്ന് ഒന്ന് വലുതായെങ്കിൽ എന്ന് അവൾ വെറുതെ ആശിച്ചു. മോനെ അടുത്തുള്ള ഒരു ഡേകെയറിൽ ഏൽപ്പിച്ച് അവൾ ജോലിക്ക് പോയി തുടങ്ങി. എല്ലാ വർഷവും ഓഫീസിൽ നിന്ന് ഒരു വൺഡേ ടൂറ് പോകുമായിരുന്നു. അവൾക്ക് പോകുവാൻ താല്പര്യമില്ലെങ്കിലും ലളിതചേച്ചിയുടെ നിർബന്ധപ്രകാരം അവളും ടൂറിന് പോയി. എല്ലാവരും കുടുംബസമേതമാണ് വന്നിരിക്കുന്നത്. കളിയും, ചിരിയുമായി എല്ലാവരും സന്തോഷത്തിലാണ്. താൻ മോനെയും കൊണ്ട് പുൽത്തട്ടിൽ ഇരുന്ന് അവനെ കളിപ്പിച്ചു കൊണ്ടിരുന്നു. അപ്പോഴാണ് ദൂരെ നിന്ന് തന്റെ പുതിയ ഓഫീസറ് ആയ വിനോദ് ശങ്കർ സാർ തന്റെ അടുത്തേക്ക് നടന്നു വരുന്നത് കണ്ടത്. അവൾ പരിഭ്രമത്തോടെ എഴുന്നേറ്റു. ഗൗരി ഇരിക്കു നമ്മൾ പരസ്പരം പരിചയപ്പെടാനും, സന്തോഷിക്കാനുമല്ലേ ഈ അവസരങ്ങൾ ഉപയോഗിക്കേണ്ടത്. എന്ന് പറഞ്ഞു സാറും പുൽത്തട്ടിൽ ഇരുന്നു. പെട്ടെന്ന് സാർ ചോദിച്ചു ഗൗരിയുടെ ഭർത്താവ് എന്തു ചെയ്യുന്നു. അവൾ പറഞ്ഞു ഞാൻ വിവാഹം കഴിച്ചിട്ടില്ല. അപ്പോൾ ഈ കുഞ്ഞ് വല്ല പ്രേമ സാഫല്യത്തിന്റെയും പ്രതീകമാണോ? അല്ല സാർ ഞാൻ പ്രസവിക്കാത്ത എന്റെ മകനാണ് അവൻ. എന്റെ ദുഃഖങ്ങൾ എന്റെ സ്വകാര്യ സ്വത്താണ്. അത് ആരോടും ഞാൻ പറയാറില്ല. സാർ ചോദിച്ചതു കൊണ്ട് പറയാം. എന്നു പറഞ്ഞ് അവളുടെ കഥ പറഞ്ഞു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ ഈ യാഥാർത്ഥ്യങ്ങൾ മറ്റുള്ളവർ വിശ്വസിക്കുമെന്ന് തോന്നുന്നുണ്ടോ? എന്നു സാർ ചോദിച്ചു. മറ്റുള്ളവർ വശ്വസിക്കണമെന്ന് എനിക്ക് ഒരു നിർബന്ധവുമില്ലാ സാർ. ജീവിതത്തിൽ എന്നെങ്കിലും ഒരാൾ എന്നെ വിശ്വസിച്ച് സ്നേഹിക്കുവാൻ വരുകയാണെങ്കിൽ അയാളുടെ വിശ്വാസത്തിനായി ഏതു പരിശോധനകൾക്കും വിധേയ ആകുവാനും ഞാൻ തയ്യാറാണ്. അങ്ങനെ ഒരാൾ വന്നില്ലെങ്കിൽ ഈ ജീവിതം ഞാൻ ഇങ്ങനെ അങ്ങ് ജീവിച്ച് തീർക്കും അതു പറയുമ്പോൾ അവളുടെ കണ്ണുകളിലെ തീഷ്ണത അയാളെ അത്ഭുതപ്പെടുത്തി. ഒരു കുടുംബ ജീവിതം ഗൗരി ആഗ്രഹിക്കുന്നില്ലേ?. ഞാനൊരു സാധാരണ സ്ത്രീയാണ് സാർ ഏത് ഒരു പെണ്ണിനെ പോലെയും വിവാഹം, ഭർത്താവ്, കുടുംബം എന്ന സ്വപ്നങ്ങൾ എനിക്കുമുണ്ട്. പക്ഷേ എല്ലാ സ്വപ്നങ്ങളും പൂവണിയണം എന്നില്ലല്ലോ? അവൾ വിധിയുമായി പൊരുത്തപ്പെടാൻ വ്യഗ്രത കൊള്ളുന്നതു പോലെ അയാൾക്കു തോന്നി.

മോൻ തന്റെ ജീവിതത്തിലേക്ക് കടന്നു വരണ്ടായിരുന്നുവെന്ന് തോന്നിയിട്ടുണ്ടോ? ചിലപ്പോഴെക്കെ എന്ന് അവൾ പറഞ്ഞു. ഗൗരിയുടെ ഈ തുറന്നുള്ള സംസാരം ആകർഷണീയമാണ്. ആർക്കും ഒരു നഷ്ടവുമില്ലാതെ ഒരാളെ ആശ്വസിപ്പിക്കാനും സ്നേഹിക്കുവാനും ഒരു ജീവിതം കൊടുക്കുവാനും കഴിയുകയെന്നത് വളരെ വലിയകാര്യമല്ലേ സാർ. തീർച്ചയായും അപ്പോഴാണ് ഫോട്ടോ എടുക്കുവാനായി ലളിതചേച്ചി വിളിച്ചത്. അവൾ മോനെയും എടുത്ത് പോകുവാൻ ഒരുങ്ങി. പക്ഷേ മോൻ സാറുമായി പന്ത് തട്ടി കളിക്കുകയായിരുന്നു. അവൻ വരുവാൻ കൂട്ടാക്കിയില്ല. സാറ് പറഞ്ഞു ഗൗരി പോയ്ക്കോളു ഞാൻ മോനെ ശ്രദ്ധിക്കാം. അവൾ വേഗം ഫോട്ടോ എടുത്ത് കഴിഞ്ഞപ്പോൾ ഗ്രൂപ്പ് ഫോട്ടോക്കായി എല്ലാവരും നിരന്നു നിന്നു. ദൂരെ മാറിയിരുക്കുന്ന സാറിനെ പ്യൂൺ കേശവൻ ചേട്ടൻ പോയി വിളിച്ചു. സാറ് മോനെയും എടുത്ത് വന്നുനിന്നത് തന്റെ അരികിലായിരുന്നു. അവൾ എന്തു ചെയ്യണമെന്ന് അറിയാതെ വിഷമിച്ചു. അപ്പോഴെക്കും ഫോട്ടോ എടുത്തു കഴിഞ്ഞിരുന്നു. ഇത് കണ്ട് സൗദാമിനിചേച്ചിക്ക് സഹിച്ചില്ല. അവർ തലവെട്ടിച്ച് കടന്നുപോയി. സത്യത്തിൽ അപ്പോൾ അവൾക്ക് ചിരിയാണ് വന്നത്.

